
وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۖ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ۚ يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْئًا ۚ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ﴿٥٦﴾

# അൽഹഖ്

പുസ്തകം 19 ലക്കം 3
മെയ് 2011 ഹിജ്റത്ത് 1390
ജ.അവ്വൽ - ജ.ആഖർ 1432



## അഹ്മദിയ്യാ ഖിലാഫത്തിന്റെ സുഭദ്രതക്ക് വേണ്ടി ത്യാഗങ്ങൾക്ക് തയ്യാറാകുവിൻ

**ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് V**



അല്ലയോ മുഹമ്മദീ മസീഹിനെ അംഗീകരിക്കുന്നവരേ, ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ടവരും, അവിടുത്തെ അസ്തിത്വമാകുന്ന വൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളേ! എഴുന്നേൽക്കുവിൻ, അഹ്മദിയ്യാ ഖിലാഫത്തിന്റെ സുഭദ്രതക്ക് വേണ്ടി എല്ലാ ത്യാഗത്തിനും തയ്യാറാകുവിൻ. അങ്ങനെ മുഹമ്മദീ മസീഹ്, തന്റെ യജമാനരുടെ ഏതൊരു സന്ദേശവുമായയാണോ അല്ലാഹുവിൽ നിന്ന് ആഗതരായത് ആ ദൈവികപാശത്തെ ബലമായി പിടിച്ചുകൊണ്ട് അതിനെ ലോകത്തിന്റെ കോണുകളോളം പരത്തുവിൻ. ഏകനായ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിലാണ് നിങ്ങളുടെ ഭാവിയെന്ന സന്ദേശം ലോകത്തിന്റെ ഓരോ വ്യക്തിക്കും എത്തിക്കുവിൻ. ലോകസമാധാനം മഹ്ദീ മസീഹിന്റെ ഈ ജമാഅത്തുമായി കൂടിച്ചേരുന്നതിലാണുള്ളത്. കാരണം, സമാധാനത്തിന്റെയും ശാന്തിയുടെയും യഥാർഥ ഇസ്ലാമികാദ്ധ്യാപനത്തിന്റെ പതാകവാഹകർ ഇവർ മാത്രമാണ്. അതിന് തതുല്യമായത് ഭൂലോകത്ത് എവിടേയും കണ്ടെത്താൻ സാധ്യമല്ല. ഇന്ന് മുഹമ്മദീ മസീഹിന്റെ ദൗത്യത്തെ ലോകത്ത് സ്ഥാപിക്കാനും , ഏകത്വത്തിന്റെ ചരടിൽ കോർക്കാനുമുള്ള മാർഗം അഹ്മദിയ്യാ ഖിലാഫത്തുമായി ഇഴകിച്ചേരുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.

(ഖിലാഫത്ത് ശതവാർഷിക സന്ദേശം)

**5.**
ഖിലാഫത്ത് - ദൈവിക വാഗ്ദാനം

**7.**
ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ:

**9.**
നാഴികക്കല്ലുകൾ

**10.**
പ്രിയ ഹുസൂറുമായി അഭിമുഖം

**12.**
ഖിലാഫത്ത് മോഹികളുടെ പതനം

**13.**
ആലിമുസ്‌ലിയാരുടെ ഖിലാഫത്ത്

**15.**
ഒരു അഹ്മദിസ്ത്രീയുടെ വിപദിധൈര്യം

Khilafat
*successorship of prophethood*

**ഹദ്റത്ത് ആദം(അ) മുതൽ ആരംഭിച്ച ഖിലാഫത്ത് വ്യത്യസ്ഥ രൂപഭാവങ്ങളിൽ ലോകത്ത് നില നിന്നു പോരുകയാണ്.ഉദാ:പ്രവാചകൻ മാർ, അവരെ തുടർന്നു വരുന്ന ഖലീഫമാർ, മുജദ്ദിദുമാർ**

**മുജദ്ദിദിയ്യത്ത് ഖിലാഫത്തിന്റെ പ്രാതിനിധ്യമുള്ള ഒരു ഇൻസ്റ്റിറ്റ്യൂഷനാണ്. ഖിലാഫത്ത് സ്ഥാനം മുജ്ജദ്ദിദിയ്യത്തിനെക്കാളും ഉയർന്നതുമാണ്. ഖലീഫ ദൈവനിയോഗിതന്റെ പ്രതിനിധിയാണ്. അതുകൊണ്ട് അദ്ദേഹത്തിന് ബൈഅത്ത് ചെയ്യേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു.**

**വിശുദ്ധ ഖുർആനിൽ 14 സ്ഥലത്ത് ഖിലാഫത്തിനെ സംബന്ധിച്ച് പരാമർശമുണ്ട്. സൂറത്തുന്നൂറിൽ അല്ലാഹു പറയുന്നു. നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവരെ അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാർ ആക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായിട്ട് അവൻ തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെ തന്നെ ആരാധിക്കുന്നതാണ്. അതിനുശേഷം ആർ നിഷേധിക്കുന്നുവോ അവർ അധർമ്മകാരികളാകുന്നു. (24:56)**

**മൂസാനബിയുടെ ഉമ്മത്തിൽ ഖിലാഫത്ത് ഉണ്ടായതുപോലെ ഈ ഉമ്മത്തിലും ഖിലാഫത്ത് ഉണ്ടാകുമെന്നാണ് സൂറത്തുന്നൂറിൽ നിന്ന് വ്യക്തമാകുന്നത്. നബി (സ)ക്കുശേഷം ഉണ്ടായ ഖിലാഫത്ത് 'ഖിലാഫത്ത് റാശിദ' എന്നറിയപ്പെടുന്നു.**





# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

## വാഗ്ദത്ത മഹ്ദി മസീഹ്

## 1835 - 1908

മുഹമ്മദ് നബി(സ) തിരുമേനിയുടെ പ്രവചനപ്രകാരം വന്ന വാഗ്ദത്ത മസീഹ് ഇമാം മഹ്ദി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1835 ഫെബ്രുവരി 13 നു ഖാദിയാനിൽ ജനിച്ചു. ഇസ്ലാമിന്റെ പുനരുജീവനത്തിന് ദൈവിക നിർദ്ദേശ പ്രകാരം ആ മഹാത്മാവ് 1889 മാർച്ച് 23 ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് രൂപം നൽകി.



മതമഹാലോകത്ത് മഹാവിപ്ലവം സൃഷ്ടിച്ച ഹുസൂർ(അ) ഇസ്ലാമിനു നേരെയുണ്ടായികൊണ്ടിരുന്ന എല്ലാ ആക്ഷേപങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റുമായി മറുപടി കൊടുത്തുപോന്നു. ഇസ്ലാമിന്റെ ശ്രേഷ്ഠതയും സൗന്ദര്യവും അദ്ദേഹം ഉയർത്തിക്കാണിച്ചു.

പിതാവിന്റെ നിർബന്ധത്തിനു വഴങ്ങി 1863 ൽ അദ്ദേഹം സിയാൽക്കോട്ട് കോടതിയിൽ ജോലിയിൽ പ്രവേശിച്ചു. അഞ്ച് വർഷത്തെ ഗവൺമെന്റ് ജോലിക്ക് ശേഷം ഖാദിയാനിൽ തിരിച്ചെത്തിയ അദ്ദേഹത്തിന് ആദ്യ ദിവ്യവെളിപാടുണ്ടായി.രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹം തേടും എന്ന പ്രവചനവും ആ വെളിപാടിൽ ഉണ്ടായിരുന്നു.

ബറാഹീനെ അഹ്മദിയ്യാ എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ രചന അദ്ദേഹം ആരംഭിച്ചു. ഇസ്ലാമിനു നേരെയുണ്ടായ ആക്ഷേപങ്ങൾക്ക് അദ്ദേഹം ശക്തമായ വാദഗതികളാൽ മറുപടി എഴുതി. ഇസ്ലാമിന്റെ എണ്ണമറ്റ സൗന്ദര്യം ഈ ഗ്രന്ഥത്തിലൂടെ പ്രകടമായി. ആദ്യത്തെ രണ്ട് വാള്യങ്ങൾ 1880 ലും 1882, 84 വർഷങ്ങളിൽ മൂന്നും നാലും വാള്യങ്ങളും പ്രസിദ്ധീകരിച്ചു.

1882 ൽ തന്നെ പരിഷ്കർത്താവായി നിയോഗിച്ചതായി വെളിപാടുണ്ടായി. ദൈവിക നിർദ്ദേശപ്രകാരം അദ്ദേഹം ഖാദിയാനിലെ ജൽസാ സാലാനക്ക് തുടക്കമിട്ടു. ആദ്യ ജൽസയിൽ 75 പേർ പങ്കെടുത്തു.

ദൈവിക നിർദ്ദേശപ്രകാരം 1886 ൽ അദ്ദേഹം ഹോശിയാർപൂരിൽ 40 ദിവസം ഏകാന്തവാസമനുഷ്ഠിച്ചു. വളരെയധികം ദിവ്യവെളിപാടുകൾ ഈ അവസരത്തിൽ ഉണ്ടായി.തനിക്കൊരു വാഗ്ദത്ത പുത്രൻ ജനിക്കാൻ പോകുന്നുവെന്ന വെളിപാട് ഈ ധ്യാനസമയത്താണ് ലഭിച്ചത്.

1889 ൽ അനുയായികളിൽ നിന്ന് ബൈഅത്ത് വാങ്ങുന്നതിന് ദൈവിക നിർദ്ദേശം ലഭിച്ചു.1889 മാർച്ച് 23 നു ലുധിയാനയിൽ ആണ് ഈ മഹത് സംഭവം നടന്നത്.



1896 ൽ അദ്ദേഹം ഇസ്ലാം മതതത്ത്വജ്ഞാനം എന്ന പ്രബന്ധം രചിച്ചു.

1905 ൽ അദ്ദേഹം അൽവസിയ്യത്ത് തയ്യാറാക്കി. ഇസ്ലാമിന്റെ ആഗോള വിജയത്തെ കുറിച്ചുള്ള പ്രഖ്യാപനം കൂടിയായിരുന്നു ഈ ഗ്രന്ഥം.

ഉറുദു അറബി പേർഷ്യൻ ഭാഷകളിൽ 80 മഹത് ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതി.

1908 മെയ് 26നു വഫാത്തായി.

ഹദ്റത്ത് അഹ്മദ്(അ)ന്റെ വഫാത്തിനു ശേഷം ഖിലാഫത്തുൻ അലാ മിൻഹാജുന്നുബുവ്വ സ്ഥാപിക്കപ്പെട്ടു.






## ഹദ്റത്ത് അൽഹാജ് ഹക്കീം മൗലാനാ നൂറുദ്ദീൻ (റ)

### ഖലീഫത്തുൽ മസീഹ് ഒന്നാമൻ 1841-1914



ഹദ്റത്ത് അൽഹാജ് ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) ആണ് വാഗ്ദത്ത മസീഹിന്റെ ഒന്നാമത്തെ ഖലീഫ.വാഗ്ദത്ത മസീഹിന്റെ പ്രഥമശിഷ്യനായ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അപാരപണ്ഡിതനും കശ്മീർ മഹാരാജാവിന്റെ കൊട്ടാരവൈദ്യനെന്ന നിലയിൽ പേരുകേട്ട ഒരു ഭിഷഗ്വരനും ആയിരുന്നു
.

1841 ൽ കശ്മീരിലെ ഭേരയിൽ ജനിച്ചു.ഹദ്റത്ത് ഖലീഫ ഉമർ ഫാറൂഖിന്റെ സന്താനപരമ്പരയിൽപെടുന്നു. ചെറുപ്പത്തിൽ തന്നെ ഖുർആൻ, ഹദീസ് എന്നിവ പഠിച്ച ശേഷം 18-ാം വയസ്സിൽ റാവൽപിണ്ഡിയിലെ നോർമൻ സ്കൂളിൽ ചേർന്നു.ദാദാഖാനിലെ സ്ക്കൂളിൽ ഹെഡ്മാസ്റ്ററായി ജോലിചെയ്തു.25-ാം വയസ്സിൽ ഹജ്ജ് കർമ്മം അനുഷ്ഠിച്ചു. 30-ാം വയസ്സിൽ ആദ്യവിവാഹം.

ബറാഹീനെ അഹ്മദിയ്യായുടെ അപദാനങ്ങൾ കേട്ടാണ് വാഗ്ദത്ത മസീഹിനെകുറിച്ചറിഞ്ഞത്. 1885ൽ ഖാദിയാനിൽ ചെന്ന് വാഗ്ദത്ത മസീഹിനെ സന്ദർശിച്ചു. അങ്ങനെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തന്റെ ഗുരുവിനെ തിരിച്ചറിയുകയും അവിടുത്തേക്ക് തന്റെ ജീവിതസർവ്വസ്വവും സമർപ്പിക്കുകയും ചെയ്തു. ബറാഹീൻ അഹ്മദിയ്യായുടെ മുഴുവൻ ചെലവും താൻ ഒറ്റയ്ക്ക് വഹിച്ചു കൊള്ളാമെന്ന് പിന്നീട് അദ്ദേഹം ഹുസൂറിന് എഴുതി.

1889 ൽ ലുധിയാനയിൽ വെച്ച് മഹ്ദീമസീഹിന്റെ കൈയ്യിൽ ആദ്യമായി ബൈഅത്ത് ചെയ്തത് അദ്ദേഹമായിരുന്നു.1892 ൽ കശ്മീരിലെ ഉദ്യോഗം രാജിവെച്ചു ഖാദിയാനിൽ സ്ഥിരവാസമാക്കി.

ഖുർആനിലും ഹദീസിലും അതീവ പാണ്ഡിത്യമുണ്ടായിരുന്നു.

സമുദായത്തിലെ ഓരോ അംഗവും നൂറുദ്ദീൻ ആയെങ്കിൽ ഹാ എത്ര നന്നായേനെ എന്ന ഹുസൂർ (അ) ഒരു പാർസി കവിതാശകലം അദ്ദേഹത്തിന്റെ ഭയഭക്തിക്കു ലഭിച്ച ദൈവിക അംഗീകാരമായിരുന്നു.

1908 മെയ് 26 നു വാഗ്ദത്ത മസീഹ് വഫാത്തായപ്പോൾ മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിനെ, ഒന്നാമത്തെ ഖലീഫയായി ഐക്യകണ്ഠ്യേന തിരഞ്ഞെടുത്തു.

1914 മാർച്ച് 13 നു ഖാദിയാനിൽ വഫാത്തായി.ബഹിശ്തീ മഖ്ബറയിൽ വാഗ്ദത്ത മസീഹ്(അ)ന്റെ പാർശ്വഭാഗത്ത് അന്ത്യവിശ്രമം.

# ഖിലാഫത്ത് വിവക്ഷ

**അൽഖലീഫത്തു-മൻയഖുമു മഖാമദ്ദാഹിബി പോകുന്ന ആളുടെ സ്ഥാനത്ത്, വരുന്ന ആൾക്ക് ഖലീഫ എന്നു പറയുന്നു.**

അസുൽത്ത്വാനുൽ അഅ്ളം - മഹാനായ രാജാവ്. ശരീഅത്തീപരമായ സംഗതികളിൽ അനിഷേധ്യനായ ഇമാം

ഖലീഫയുടെ അർത്ഥം പ്രതിനിധി എന്നാണ്. അദ്ദേഹം ദീനിനെപുനരുജ്ജീവിപ്പിക്കും. നബിമാരുടെ കാലശേഷം പരക്കുന്ന അന്ധകാരത്തെ ദൂരീകരിക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥാനത്ത് വരുന്ന ആൾക്ക് ഖലീഫ എന്നു പറയുന്നു. (മൽഫൂസാത്ത്, വാള്യം-2, പേ-666, പുതിയ പതിപ്പ്)

നബി(സ) പറയുന്നു: ഖിലാഫത്ത് പിന്തുടർന്നു വരാതെ കണ്ട് ഒരു നുബുവ്വത്തും കടന്നുകഴിഞ്ഞു പോയിട്ടില്ല.

ഖിലാഫത്തിനും ജന്നത്തിനും (സ്വർഗ്ഗം) വിശുദ്ധ ഖുർആൻ ഒരേ നിബന്ധനകളാണ് പറയുന്നത്. മാത്രമല്ല, സ്വർഗ്ഗീയ സംവിധാനത്തിന്റെ അനിഷേധ്യ നേതൃത്വമാണ് ഖിലാഫത്ത് എന്നും വ്യക്തമാക്കുന്നു.

ബുദ്ധിപരമായ വികാസം സിദ്ധിച്ച മനുഷ്യന് ഹദ്റത്ത് ആദം(അ)നെഖലീഫയായി നിയോഗിച്ചുകൊണ്ടാണ് ദൈവിക വിധിവിലക്കുകൾ നല്കപ്പെട്ടത്

ഖിലാഫത്തിനെതിരെ ഉയരുന്ന ചിന്താഗതികളെ സാത്താനികചിന്തകളായും ഖിലാഫത്തിനെതിരെ വർത്തിക്കുന്ന മനുഷ്യരെ ഇബിലീസുമായിട്ടാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) (എ.ഡി 632-634), ഹദ്റത്ത് ഉമർ (റ) (634-644), ഹദ്റത്ത് ഉസ്മാൻ (644-655), ഹദ്റത്ത് അലി (655 - 660) എന്നിവർ ഖലീഫമാരായി തിരഞ്ഞെടുക്കപ്പെട്ടു


തനിക്ക് ശേഷം വരുന്ന ഖിലാഫത്തിനെ സംബന്ധിച്ച് നബി(സ) പ്രവചനം ചെയ്തിട്ടുണ്ട്.

അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം അവശേഷിക്കും, പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ പ്രവാചകത്വത്തെ ഉയർത്തിക്കളയും. തുടർന്ന് പ്രവാചകത്വ മാതൃകയിൽ ഖിലാഫത്ത് നിലവിൽ വരും. അല്ലാഹു ഉദ്ദേശിക്കും കാലം വരെ അതു നിങ്ങൾക്കിടയിൽ അവശേഷിക്കുകയും പിന്നീടവൻ ഉദ്ദേശിക്കുമ്പോൾ നിങ്ങളിൽ നിന്ന് ഉയർത്തിക്കളയുകയും ചെയ്യും. പിന്നീട് പരുക്കൻ രാജാധിപത്യം നിലവിൽ വരും. അല്ലാഹു ഉദ്ദേശിക്കും കാലം വരെ അത് അവശേഷിക്കും. പിന്നീടവൻ ഉദ്ദേശിക്കുമ്പോൾ അതും നീക്കും. തുടർന്ന് തൽസ്ഥാനത്ത് സ്വേച്ഛാധിപത്യ മർദ്ദക ഭരണകൂടം നിലവിൽ വരും. അല്ലാഹു നിങ്ങളിൽ നിന്ന് നീക്കിക്കളയുവാൻ ഉദ്ദേശിക്കുന്നതുവരെ അത് നിലനിൽക്കും. പിന്നീട് വീണ്ടും പ്രവാചകത്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് വരും. പിന്നീട് നബി(സ) മൗനം ദീക്ഷിച്ചു.

ഹദ്റത്ത് അലി(റ)ന് ശേഷം ഖിലാഫത്തെ റാഷിദ അവസാനിച്ചു

ഹദ്റത്ത് ഹസ്സനെ ഇറാഖിലെ ജനങ്ങൾ ഖലീഫയാക്കിയെങ്കിലും മുആവിയയുമായുള്ള ഒരു ഒത്തുതീർപ്പിനെ തുടർന്ന് അദ്ദേഹം ഖിലാഫത്ത് സ്ഥാനം ഏറ്റെടുത്തില്ല.

മുആവിയ ജറുസലേമിൽ വെച്ച് ഖലീഫയായി പ്രഖ്യാപിക്കപ്പെട്ടു. അവിടുന്നങ്ങോട്ട് പരുക്കൻ രാജഭരണവും സ്വേച്ഛാധിപത്യവുമാണ് മുസ്‌ലിം ലോകത്തെ അടക്കിവാണത്.



## തുർക്കി ഖിലാഫത്ത്



1909–ൽ അബ്ദുൽ ഹമീദ് സാനി നിന്ദാവഹമായി നിഷ്കാസിതനാക്കപ്പെട്ടതോടെ നാമമാത്ര ഖിലാഫത്തും അസ്തമിച്ചു തുടങ്ങി. 1924–ൽ ഉസ്മാനിയ ഖിലാഫത്ത് അവസാനിപ്പിക്കപ്പെട്ടു. മുസ്തഫാ കമാൽ പാഷയും സുഹൃത്തുക്കളും നയിച്ച പട്ടാളവിപ്ലവം സുൽത്താൻ അബ്ദുൽ മജീദ് സാനിയുടെ ഖിലാഫത്തിനെ ഇല്ലാതാക്കി. (History of Arabs, p-139)

1923–ൽ അംഗാറ തലസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. മുസ്തഫാ കമാൽ പാഷ ആദ്യത്തെ പ്രസിഡന്റായി അവരോധിതനായി. ഖലീഫ അബ്ദുൽ മജീദ് ആഫന്തി വെറും ഒരു കളിപ്പാട്ടമായി മാറി.



ഇതിൽ മനംനൊന്ത ഇന്ത്യയിലേതടക്കമുള്ള മുസ്‌ലിം നേതാക്കൾ ഖലീഫയുടെ സ്ഥാനമാനങ്ങൾ നിലനിറു ത്തി ആദരിക്കപ്പെടണമെന്ന് ആവശ്യമുയർത്തി. പക്ഷെ തുർക്കി പാർലമെന്റ് ഖിലാഫത്ത് അവസാനിപ്പിച്ചുകൊണ്ടുള്ള ബില്ല് പാസാക്കുകയാണുണ്ടായത്. മുഴുവൻ പാർലമെന്റ് നടപടികളും ഒരൊറ്റ ദിവസം കൊണ്ടാണ് പൂർത്തിയാക്കിയത്.



മുസ്തഫാ കമാൽ പാഷയോട് ഖിലാഫത്ത് സ്ഥാനം എറ്റെടുക്കാൻ പറ ഞ്ഞ മുസ്‌ലിം നേതാക്കന്മാരോട് അദ്ദേഹം പറഞ്ഞു. ഞാൻ വളരെ പ്രയാസപ്പെട്ടാണ് തുർക്കിയെ ഈ അറുപഴഞ്ചൻ ചിന്താഗതിയിൽനിന്ന് മോചിപ്പിച്ചത്.

1925–ൽ കയ്റോവിൽ ചേർന്ന മുസ്‌ലിം വേൾഡ് കോൺഫറൻസ് ഖിലാഫത്ത് പുനഃസ്ഥാപിക്കാൻ സാധ്യമല്ലെന്നും പക്ഷേ ശ്രമം തുടരുമെന്നും തീരുമാനിച്ച് കൈയടിച്ചു പിരിയുകയാണുണ്ടായത്.

വൈരുദ്ധ്യമെന്ന് പറയട്ടെ തുർക്കിയിൽ അത്വാതുർക്ക് നാമമാത്ര ഖിലാഫത്തിന്റെ അവസാനിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഇന്ത്യൻ നേതാക്കൾ ഖിലാഫത്ത് മൂവ്മെന്റ് ആരംഭിക്കുകയായിരുന്നു. ഇതിന്റെ ദുരന്തപര്യാവസായിയെക്കുറിച്ച് ഇന്നും ഇന്ത്യൻ മുസ്‌ലിംകൾ ദുഃഖത്തോടെ ഓർക്കുന്നു.

# ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

### ഖലീഫത്തുൽ മസീഹ് രണ്ടാമൻ 1889-1965



വാഗ്ദത്ത മസീഹിന്റെ രണ്ടാം ഭാര്യയിലുള്ള ആദ്യത്തെ പുത്രനായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ആണ് രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്.

52 വിശിഷ്ട ഗുണങ്ങൾ ഉള്ള ഒരു സുലക്ഷണപുത്രൻ ജനിക്കുമെന്ന പ്രവചനപ്രകാരം 1889 ജനുവരി 12ന് ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് (റ) ഭൂജാതനായി

1914 ൽ അദ്ദേഹം ഖിലാഫത്ത് പദവിയിൽ ഉപവിഷ്ടനായി.52 കൊല്ലക്കാലം ഖലീഫയായിരുന്നിട്ടുണ്ട്.



1914ൽ ഖിലാഫത്ത് സംബന്ധിച്ച തർക്കവും ഭിന്നിപ്പും ഉണ്ടായപ്പോൾ ഖാജാ കമാലുദ്ദീൻ സാഹിബ്, മൗലവി മുഹമ്മദലി സാഹിബ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന വമ്പിച്ച കുഴപ്പങ്ങളെ അതിജീവിച്ചുകൊണ്ട് ഖിലാഫത്തിനെ നിലനിർത്തുകയും അതിനു ഭദ്രമായ അടിത്തറ പണിയുകയും ചെയ്തത് അദ്ദേഹമായിരുന്നു.

1912 ൽ പരിശുദ്ധ ഹജ്ജ് കർമ്മം നിർവഹിച്ചു.1924 ൽ തന്റെ 12 പ്രമുഖ ശിഷ്യൻമാരോടൊപ്പം ലണ്ടനിൽ ചേർന്ന കോമൺവെൽത്ത് മതസമ്മേളനത്തിൽ പങ്കെടുത്തു. ലണ്ടൻ പള്ളിക്കു ആ അവസരത്തിൽ തറക്കല്ലിട്ടു.

1947 ൽ, ഇന്ത്യാവിഭജനത്തെ തുടർന്ന് അദ്ദേഹം പാക്കിസ്ഥാനിലേക്ക് പലായനം ചെയ്തു.ലാഹോറിന് ഏതാനും നാഴികയകലെ കുറേ തരിശുഭൂമി ഗവൺമെന്റിൽ നിന്ന് വിലയ്ക്കു വാങ്ങി.റബ്വ എന്ന പേരിൽ പുതിയൊരു നഗരം പണിത് അവിടെ കേന്ദ്രം ഉറപ്പിച്ചു.അത് പിന്നീട് പാക്കിസ്ഥാനിലെ മികച്ച നഗരങ്ങളിലൊന്നായി വളർന്നു.

1955 ൽ, അദ്ദേഹത്തെ ഒരു ശത്രു ആക്രമിക്കുകയും കഴുത്തിന് കുത്തി മുറിവേൽപ്പിക്കുകയും ചെയ്തു. ഇതിനെതുടർന്ന് ചികിൽസയ്ക്ക് യൂറോപ്യൻ യാത്ര നടത്തി. Miraculas Escape എന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെട്ടത്.

രണ്ടാം ഖലീഫയ്ക്ക്,ഉമർ ഫാറൂഖിനോട് പലനിലയിലും സാദൃശ്യങ്ങളുണ്ടായിരുന്നു. അദ്ദേഹമാണ് ആഗോള ഇസ്‌ലാമിക മിഷ്യനറി പ്രവർത്തനങ്ങൾ ആരംഭിച്ചത്. വിശുദ്ധ ഖുർആന്റെ വ്യാഖ്യാനം രചിച്ച അദ്ദേഹം അനേകം ഉത്തമ ഗ്രന്ഥങ്ങളുടെ കർത്താവാണ്.അതുല്യ വാഗ്മിയായിരുന്ന അദ്ദേഹം അഞ്ചും ആറും മണിക്കൂർ നേരം തുടർച്ചയായി പ്രസംഗിക്കുമായിരുന്നു.

ജമാഅത്തിലെ സംഘടനാ വ്യവസ്ഥകൾ അദ്ദേഹം ഉണ്ടാക്കിയതാണ്.ആഗോളതലത്തിലുള്ള യുവ, ബാല സംഘങ്ങൾക്ക് അദ്ദേഹം രൂപം നൽകി.




മസ്ജിദുൽ നൂർ: രണ്ടാം ഖിലാഫത്ത് തിരഞ്ഞെടുപ്പ് നടന്ന സ്ഥലം

ദൈവികനിർദ്ദേശപ്രകാരം 1944 ൽ, താൻ വാഗ്ദത്തമസീഹ് പ്രവചിച്ച വാഗ്ദത്ത പരിഷ്കർത്താവ് (മുസ്‌ലിഹ് മൗഊദ്) ആണെന്ന് പ്രഖ്യാപിച്ചു.

1965 നവംബർ 7 ന് റബ്വയിൽ അദ്ദേഹം ദിവംഗതനായി. മരിക്കുമ്പോൾ 76 വയസ്സ് പ്രായമായിരുന്നു.



തഫ്സീർ



وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ
فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۖ وَلَيُمَكِّنَنَّ
لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ
خَوْفِهِمْ اَمْنًا ۭ يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْئًا ۭ وَمَنْ كَفَرَ
بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ﴿٥٦﴾ 24:56

# ഖിലാഫത്ത് - ദൈവിക വാഗ്ദാനം

മുസ്ലിംകൾ സാമുദായികമായി മുഹമ്മദ് റസൂലുല്ലാഹ്(സ)യെ പിൻപറ്റുകയാണെങ്കിൽ അവർക്ക് എന്ത് പാരിതോഷികമാണ് ലഭിക്കുക എന്ന വിഷയമാണ് ഈ ആയത്തുകളിലൂടെ ആരംഭിച്ചിരിക്കുന്നത്.

അല്ലാഹു പറയുന്നു; നിങ്ങളിൽ നിന്ന് ഖിലാഫത്തിൽ വിശ്വസിക്കുകയും ഖിലാഫത്തിന് അതർഹിക്കുന്ന വിധത്തിൽ കർമ്മങ്ങൾ അനുഷ്ടിക്കുകയും ഖിലാഫത്തിന് യോഗ്യരാക്കിത്തീർക്കും വിധത്തിലുള്ള കർമ്മങ്ങൾ ചെയ്യുകയും ചെയ്താൽ അവരോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്; അവൻ അവർക്കു മുൻപുള്ളവരെ ഖലീഫമാരാക്കിയതുപോലെ അവരേയും ഭൂമിയിൽ ഖലീഫമാരാക്കുന്നതാണ്. അതുപോലെ അവർക്കായി അവൻ തൃപ്തിപ്പെട്ട അവരുടെ മതത്തെ ലോകത്ത് നിലനിർത്തുകയും അവർക്ക് ഭയാവസ്ഥ വന്നുഭവിക്കുമ്പോഴെല്ലാം അതിനെ സമാധാനത്തിന്റെ രൂപത്തിലാക്കി മാറ്റുകയും ചെയ്യുന്നതാണ്. അങ്ങിനെ അവർ എന്നെ മാത്രം ആരാധിക്കുന്നവരും എന്നോട് ഒന്നിനേയും പങ്കുചേർക്കാത്തവരുമായിത്തീരുന്നതാണ്. എന്നാൽ ആരാണോ ഖിലാഫത്തിൻമേലുള്ള വിശ്വാസം ഉപേക്ഷിക്കുന്നത് അവർ ഈ അനുഗ്രഹത്തെ അനുഭവിച്ചാസ്വദിക്കുന്നവരിൽപ്പെട്ടവരായിരിക്കുകയില്ല, മറിച്ച് അനുസരണത്തിൽ നിന്നും പുറന്തള്ളപ്പെട്ടവരായി കണക്കാക്കുന്നതാണ്.

ഈ ആയത്തിൽ മുസ്ലിംകളുടെ ഭാഗ്യത്തിന്റെ അന്തിമവിധി നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നത്, അവർ ഖിലാഫത്തിന്റെ വക്താക്കളായിരിക്കുകയും ആ ഉദ്ദേശ്യത്തിനായി അനുയോജ്യമായ പ്രയത്നവും പരിശ്രമവും നടത്തിക്കൊണ്ടിരിക്കുകയുമാണെങ്കിൽ ഏതുപോലെ അല്ലാഹു മുൻ സമുദായങ്ങളിൽ ഖിലാഫത്ത് നിലനിർത്തിയോ അതുപോലെ അവരിലും ഖിലാഫത്ത് നിലനിർത്തുന്നതും ഖിലാഫത്ത് മുഖേന അല്ലാഹു അവർക്കായി തൃപ്തിപ്പെട്ട അവരുടെ മതത്തിൽ അവരെ നിലനിർത്തുന്നതും ആ മതത്തിന്റെ വേരുകൾ ഉറപ്പിക്കുകയും ഭയത്തിനുശേഷം അവർ ക്കായി സമാധാനം കൊണ്ടുവരികയും അതി ന്റെ ഫലമായി അവർ ഏക ദൈവാരാധകരായിത്തീരുന്നതുമാണ്. അവർ ശിർക്ക് ചെയ്യുകയില്ല.

എന്നാൽ ഇതൊരു വാഗ്ദാനമാണ് പ്രവചനമല്ല എന്നോർക്കേണ്ടതാണ്. മുസ്ലിംകൾ ഖിലാഫത്തിലുള്ള വിശ്വാസത്തിൽ നിലകൊള്ളുന്നില്ലായെങ്കിൽ, ഖിലാഫത്തിന്റെ നിലനിൽപിനാവശ്യമായ പ്രവൃത്തികൾ കൈവെടിയുകയാണെങ്കിൽ അവർ ഈ പാരിതോഷികത്തിന് അർഹരായിരിക്കുകയില്ല. പിന്നീട് അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കിയില്ല എന്നവർക്കാരോപിക്കാനും കഴിയുകയില്ല...... (366, 367)

ആയത്തെ ഇസ്തിഖ്ലാഫ് എന്ന് പറയപ്പെടുന്ന ഈ ആയത്തിൽ ചുവടെ കൊടുക്കുന്ന കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

ഒന്ന് :- ഏതു പാരിതോഷികത്തെ കുറിച്ചാണോ ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് അതൊരു വാഗ്ദാനമാണ്.

രണ്ട് :- ഈ ഉടമ്പടി ഉമ്മത്തിനോടാണ്, ഏതുവരെ അവർ വിശ്വാസത്തിലും സൽകർമ്മത്തിലും നിരതരാവുന്നുവോ അതുവരെ.

മൂന്ന് :- ഈ വാഗ്ദാനത്തിന്റെ ഉദ്ദേശ്യം എന്നത് 1) മുൻസമുദായങ്ങൾക്ക് കരകതമായ അതേ പാരിതോഷികം തന്നെ മുസ്ലിംകൾക്കും കരഗതമാകണം. എന്തെന്നാൽ ലയസ്തഖ്ലിഫന്നഹും ഫിൽ അർളി കമസ്തഖ്ലഫല്ലദീന മിൻഖബ്ലിഹിം എന്നാണ് പറയുന്നത്.

2) ഈ ഉടമ്പടിയുടെ രണ്ടാമത്തെ ലക്ഷ്യം ദീനിന്റെ പ്രബലതയാണ്.

3) ഇതിന്റെ മൂന്നാമത്തെ ലക്ഷ്യം മുസ്ലിംകളുടെ ഭയപ്പാടിനെ സമാധാനത്തിലാക്കി മാറ്റുക എന്നതാണ്.

4) ഇതിന്റെ നാലാമത്തെ ഉദ്ദേശ്യം ശിർക്കിനെ വിപാടനം ചെയ്യുകയും അല്ലാഹുവിനോടുള്ള ആരാധന നിലനിർത്തുകയുമാണ്.

ഈ ആയത്തിന്റെ അവസാനത്തിൽ മൻകഫറ ബഅ്ദ ദാലിക്ക ഫ ഉലായിക്കഹുമുൽ ഫാസിഖൂൻ എന്നു പറഞ്ഞുകൊണ്ട് തന്റെ ഉടമ്പടിയാണെന്നുള്ളതിലേക്ക് അല്ലാഹു ഊന്നൽ നൽകിയിരിക്കുകയും വലതുൻ കഫർതും ഇന്ന അദാബീ ല ശദീദ് (ഇബ്രാഹീം റുകൂഅ് 2) എന്നുള്ള നിബന്ധനയിലേക്ക് ശ്രദ്ധ തിരിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതായത് നാം നിങ്ങൾക്ക് നൽകാൻ പോകുന്ന അനുഗ്രഹങ്ങൾക്ക് നിങ്ങൾ വില കൽപിക്കുന്നില്ലായെങ്കിൽ നാം നിങ്ങൾക്ക് കഠിനശിക്ഷ നൽകുന്നതാണ്. ഖിലാഫത്തും ഒരു വലിയ പാരിതോഷികം തന്നെയാണ്. അതിനാൽ ആരാണോ ഈ അനുഗ്രഹത്തോട് കൃതഘ്നതകാണിക്കുന്നത് അവർ ധിക്കാരികളായിത്തീരുന്നതാണെന്ന് ഓർത്തുകൊള്ളുക.

(തഫ്സീർ കബീർ വോ. 6 പേ: 366-367, 370)

## ഖാദിംകളോട്

മുസ്ലിഹ് മൗഊദ്(റ)



### ഖിലാഫത്ത് ദിനം ആചരിക്കുക!

ഞാൻ ഖുദ്ദാമിനെ ഉപദേശിക്കുകയാണ്, അവർ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ ഓർമവെക്കണം. എന്തെങ്കിലും കാര്യം ഓർമ വെക്കുന്നതിന്ന്, വർഷത്തിൽ പ്രത്യേകമായി ഒരു ദിവസം ആചരിക്കുക എന്നതാണ് മുൻകാല സമൂഹങ്ങളുടെ പതിവ്...... ഞാൻ ഖുദ്ദാമിനെ ഉപദേശിക്കുകയാണ്, അവർ വർഷത്തിൽ ഒരു ദിവസം ഖിലാഫത്ത് ദിനമായി ആചരിക്കണം. അതിൽ അവർ ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തിൽ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കേണ്ടതാണ്. കൂടാതെ തങ്ങളുടെ പഴയകാല ചരിത്രം ആചരിച്ചാൽ വർഷംതോറും ചെറുപ്രായക്കാരായ കുട്ടികൾക്ക് പഴയകാല സംഭവങ്ങൾ മനസിലാക്കിക്കൊടുക്കാൻ കഴിയും. നിങ്ങൾ ഈ യോഗം ഖിയാമത്ത് വരെ തുടർന്നുകൊണ്ടുപോവുക. അങ്ങിനെയായാൽ ജമാഅത്തിൽ ഖിലാഫത്തിനോട് ആദരവും അതിന്റെ പ്രാധാന്യവും നിലനിൽക്കുന്നതാണ്. ഹ. ഈസാ(അ)ന്റെ ഖിലാഫത്ത് 1900 വർഷങ്ങളായി തുടർന്നു വരുന്നു. ഹ. മസീഹ് മൗഊദ്(അ)ന്റെ സ്ഥാനം അദ്ദേഹത്തേക്കാൾ എത്രയോ ഉയർന്നതാണ്. ആ മഹാത്മാവിന്റെ ഖിലാഫത്ത് പതിനായിരം വർഷം അല്ലാഹു നിലനിർത്തുമാറാകട്ടെ. പക്ഷേ അത് സാധ്യമാവുക നിങ്ങൾ വർഷത്തിൽ ഒരു ദിവസം ഈ ഉദ്ദേശ്യത്തിനായി പ്രത്യേകമായും ആചരിക്കാൻ ശ്രമിക്കുമ്പോഴാണ്. ഞാൻ കേന്ദ്രത്തോടും നിർദ്ദേശിക്കുന്നത് അവർ എല്ലാ വർഷവും സീറത്തുന്നബി യോഗങ്ങൾ പോലെ ഖിലാഫത്ത് ദിനവും ആചരിക്കണമെന്നാണ്.

(പ്രഭാഷണം 25 /10/1952)

## ഖിലാഫത്ത് ദിനം

## മെയ് : 27

1908 മെയ് 27 നാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി ആരംഭിച്ചത്.

ഖിലാഫത്തിന്റെ പ്രാധാന്യത്തേയും മഹത്വത്തേയും അനുഗ്രഹങ്ങളേയും അനുസ്മരിച്ചുകൊണ്ട് എല്ലാ വർഷവും മെയ് 27 ന് ലോകം മുഴുവനും ഖിലാഫത്ത് ദിനമായി ആചരിക്കുന്നു.






# അൽഹഖ്

**വാർത്താപത്രിക**

**2011 മെയ്**

**പുസ്തകം 19 ലക്കം 3**


## ഖിലാഫത്ത് ഒരു ദൈവിക വാഗ്ദാനം

വിശുദ്ധ ഖുർആനിലൂടെ അല്ലാഹു സത്യവിശ്വാസികൾക്കും സൽകർമ കാരികൾക്കും നൽകുന്ന വാഗ്ദാനമാണ് ഖിലാഫത്ത്. (സൂറ: അന്നൂർ 56)

ദൈവിക വാഗ്ദാനമായതുകൊണ്ട് തന്നെ അതിന്റെ പൂർത്തീകരണവും അല്ലാഹു താൻ തന്നെ ഏറ്റെടുക്കുന്നു. പ്രവാചക ചരിത്രത്തോളം തന്നെ ഖിലാഫത്തിനും പഴക്കമുണ്ടെന്ന് വിശുദ്ധഖുർആൻ പറയുന്നു. പ്രവാചക ചര്യകളെയും വിശ്വാസാദർശങ്ങളേയും അവർക്കുശേഷം അനുസ്യൂതം കൊണ്ടുനടക്കുന്ന ഖലീഫമാർ ദൈവിക പ്രകാശ പ്രതിബിംബ ദർപ്പണങ്ങളായ പ്രവാചകത്വത്തിന്റെ പ്രസ്ഫുരണമാണ് നടത്തുന്നത്. അതുകൊണ്ട് തന്നെ ദൈവികവചനങ്ങൾ ജനങ്ങൾക്ക് ഓതികേൾപ്പിക്കുകയും അവരെ പരിശുദ്ധീകരിക്കുകയും, ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു.

ദൈവദത്തമായ ഉൾക്കാഴ്ചയും അനിതര സാധാരണമായ നേതൃവൈഭവവും അഭൗദികമായ ദിവ്യജ്ഞാനങ്ങളും, എതിരാളികൾപോലും നമ്രശിരസ്കരാവുന്ന മുഖകാന്തിയും ഖലാഫത്തിനെ അനുപമമാക്കുന്നു. ഈ ദൈവികാനുഗ്രഹത്തിന്റെ നൈരന്തര്യത്തിന് എന്തും ത്യാഗം ചെയ്യാൻ തയ്യാറാകേണ്ടത് ഓരോ വിശ്വാസിയുടേയും കടമയും കർത്തവ്യവുമാണ്.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: മുബല്ലിഗ്മാരും ഉപദേശകരും മുഖേന കൂടെ കൂടെ ജമാഅത്തുകളുടെ കാതുകളിൽ എത്തേണ്ട ശബ്ദം അഞ്ചുരൂപയോ, അയ്യായിരം രൂപയോ, അഞ്ച് ലക്ഷം രൂപയോ, അഞ്ച് കോടി രൂപയോ അല്ല, ലോകത്തുള്ള മുഴുവൻ ജീവനും ഖലീഫയുടെ ഒരാജ്ഞക്ക് മുന്നിൽ ത്യജിക്കപ്പെടുകയാണെങ്കിൽപോലും അതിന് ഒരു അർഥവും ഇല്ലെന്നും,അത് സ്മരിക്കപ്പെടാൻ മാത്രം ഒന്നുമല്ലെന്നുമാണ്....... ഈ സംഗതികൾ ഓരോ പുരുഷനും, സ്ത്രീയും, കുട്ടിയും, വൃദ്ധനും നല്ല പോലെ മനസിലാക്കുകയും അവരുടെ ഹൃദയങ്ങളിൽ മുദ്രിതമാക്കപ്പെടുകയും ചെയ്താൽ അജ്ഞത കൊണ്ട് സംഭവിക്കുന്ന കാലിടർച്ച ജനങ്ങൾക്ക് എങ്ങിനെ ഉണ്ടാവാനാണ്?..... ഏറ്റവും പ്രധാന ഉത്തരവാദിത്വം പണ്ഡിതന്മാർക്ക് മേലാണ്....... നമ്മുടെ ജമാഅത്തിലെ പണ്ഡിതന്മാർക്ക് ജനങ്ങളെ സന്നദ്ധരാക്കാൻ കഴിയും. അതുപോലെ ദൈവദത്തമായി വിജ്ഞാനം ലഭിച്ചവർക്കും ദൈവഭയം തങ്ങളുടെ ഹൃദയങ്ങളിൽ ഉള്ളവർക്കും ദൈവിക സ്നേഹം തങ്ങളുടെ ഹൃദയങ്ങളിൽ കൊണ്ടു നടക്കുന്നവർക്കും ചെയ്യുന്നവർക്കും ഇതിന് കഴിയും. അങ്ങനെ അവർക്ക് ജനങ്ങളുടെ കർമങ്ങളെ പരിഷ്കരിച്ചുകൊണ്ട് ഈ രംഗത്തേക്ക് ജനങ്ങളെ തയ്യാറാക്കാനും അല്ലാഹുവിന്റെ ദൃഷ്ടിയിൽ കാലത്തിന്റെ ഖലീഫയുടെ നാഉബുമാരാകാനും കഴിയുന്നതാണ്. (ഹിസ്വാർ, പേജ്:4)



**ഖസറെ ഖിലാഫത്ത്**

**വിഭജനത്തിന് മുമ്പ് ഹദ്റത് മുസ്ലിഹ് മൗഊദ് (റ) ന്റെ ഓഫീസായിരുന്നു. പിന്നീട് ലൈബ്രറിയാക്കി.**

## യുഗനാദം

**ഹദ്റത് അഹ്മദ്(അ)**

### രണ്ട് ദിവ്യശക്തി പ്രഭാവങ്ങൾ

രണ്ട് വിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങളാണ് പ്രത്യക്ഷപ്പെടാറുള്ളത്. ഒന്നാമതായി, ശക്തിയുടെ ഹസ്തം പ്രകടമാകുന്നു. രണ്ടാമതായി, പ്രവാചകന്റെ വഫാത്തിനുശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങൾക്ക് ഭംഗം സംഭവിച്ചിരിക്കുന്നുവെന്ന് കരുതപ്പെടുകയും ജമാഅത്ത് നാമാവശേഷമാവുമെന്ന് ശത്രുക്കൾ ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ സ്ഥിരചിത്തതക്ക് തകരാറ് സംഭവിക്കുകയും ചെയ്യുന്നു. തുടർന്നു പല നിർഭാഗ്യവാന്മാരും പിന്തിരിഞ്ഞുപോകാൻ സന്നദ്ധരാകുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽകൂടി വെളിപ്പെടുത്തിക്കൊണ്ട് ആപതിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു. അതിനാൽ ആരാണോ അന്ത്യം വരെ സഹനം കൈക്കൊള്ളുന്നത് അവൻ അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വേർപാട്, കാലമെത്താതെയുള്ള ഒരു വേർപാടായിരുന്നുവെന്നു മനസ്സിലാക്കുകയും ദുഃഖഭാരത്താൽ സഹാബിമാർ പരിഭ്രാന്തരാവുകയും വളരെയേറെ ബദവികൾ ഇസ്ലാം മതം ഉപേക്ഷിക്കുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേൽപ്പിച്ചയച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തിയുടെ മാതൃക കാണിക്കുകയും ഇസ്ലാമിനെ നാശഗർത്തത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തത്. **മിൻസഅ്ദി ഖൗഫിഹിം അംനാ** എന്ന ഖുർആൻ വചനത്തിൽ പറഞ്ഞ പ്രകാരം ഭയത്തിന് ശേഷം നാം അവരുടെ കാൽ പാദങ്ങളെ സുദൃഢമാക്കുമെന്ന വാഗ്ദാനം അല്ലാഹു പൂർത്തിയാക്കി കാണിച്ചു. ഇങ്ങനെ തന്നെയാണ് ഹദ്റത്ത് മൂസാനബിയുടെ കാലത്തും സംഭവിച്ചത്.

### അല്ലാഹുവിന്റെ നടപടിക്രമം

അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർത്ഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് അല്ലാഹു രണ്ടു വിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. അതുകൊണ്ട് ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമത്തെ ഉപേക്ഷിച്ചുകളയുമെന്നത് സംഭവ്യമല്ല.

### ദിവ്യതേജസ്

നിങ്ങളും രണ്ടാമത്തെ ദിവ്യ തേജസ്സിനെ ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. നിങ്ങൾക്ക് ഗുണകരമാണ് അതിന്റെ ആഗമനം! എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞുപോകാത്തതുമാണ്.

### ഖലീഫമാർ

ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ, നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർത്ഥനയിൽ നിരതരാവുക. കൂടാതെ, ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുകയും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്നു കാണിച്ചുതരുമാറാവുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാന്മാർ ഓരോ നാട്ടിലും ഒരുമിച്ച് കൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. എനിക്കുശേഷം എന്റെ ജമാഅത്തിലെ വിശുദ്ധനായ ഒരു മഹത് വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽ നിന്ന് ബയ്അത്ത് വാങ്ങട്ടെ.

### തെരഞ്ഞെടുപ്പ്

തെരഞ്ഞെടുപ്പ് സത്യവിശ്വാസികളുടെ ഐക്യകണ്ഠേനയുള്ള അഭിപ്രായത്തോടെയായിരിക്കണം നടത്തേണ്ടത്. എന്റെ പേരിൽ ബയ്അത്ത് വാങ്ങിക്കുവാൻ അർഹനാണെന്ന് 40 വിശ്വാസികൾ ആരെപ്പറ്റിയാണോ യോജിച്ച അഭിപ്രായത്തിലെത്തുന്നത് അയാൾക്ക് എനിക്ക്ശേഷവും ബൈഅത്ത് വാങ്ങാവുന്നതാണ്. പ്രസ്തുത വ്യക്തി സ്വയം മാതൃകായോഗ്യനായിരിക്കുകയും വേണം. നിന്റെ ജമാഅത്തിന് വേണ്ടി നിന്റെ സന്താനങ്ങളിൽ നിന്ന്, ഒരാളെ എഴുന്നേൽപ്പിക്കുമെന്നും അവനെ തന്റെ വഹ്യ് കൊണ്ടും സാമീപ്യം കൊണ്ടും പ്രത്യേകപ്പെടുത്തുമെന്നും അവൻ മുഖേന സത്യം പടർന്ന് പന്തലിക്കുകയും അധികമായി ജനങ്ങൾ സത്യം സ്വീകരിക്കുകയും ചെയ്യുന്നതാണെന്നും അല്ലാഹു എന്നെ അറിയിച്ചിട്ടുണ്ട്. അതിനാൽ ആ ദിവസങ്ങൾ കാത്തു കൊണ്ടിരിക്കുക. ആ ഓരോരുത്തരേയും അതാതു കാലത്ത് മാത്രമേ തിരിച്ചറിയുകയുള്ളൂവെന്ന കാര്യം ഓർമ്മിക്കുക. ഇതിനു മുൻപ് ആ വ്യക്തിയെ ഒരു സാധാരണ വ്യക്തിയായി കണ്ടേക്കാം.

(അൽവസിയ്യത്ത്) വിവ: മൗലവി. നജീബ്ഖാൻ എച്ച്.ഏ




ഹദറത്ത് മിർസാ താഹിർ അഹ്മദ്,



## സുമ്മതകൂനു ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ: വീണ്ടും നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് ഉണ്ടാകുന്നതാണ്

**(മുസ്നദ് അഹ്മദ് : മിശ്കാത്ത് ബാബുൽ അൻദാറുവത്തഹ്ദീർ)**

നബി തിരുമേനി(സ) മുജദ്ദിദിനെ കുറിച്ച് പ്രവചിച്ചപ്പോൾ തന്നെ നൽകിയ മറ്റൊരു അറിയിപ്പ്, മസീഹ് വന്നാൽ സുമ്മതകൂനു ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ എന്നാണ്. പിന്നെ മുജദ്ദിദിയ്യത്ത് ഉണ്ടാകുന്നതല്ല. മറിച്ച് നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് തുടരുന്നതാണ്. നബി(സ) മുജദ്ദിദിയത്തിനെ കുറിച്ച് മാത്രമാണ് പ്രവചിച്ചിരുന്നതെങ്കിൽ അത്തരം മുജദ്ദിദ്മാർ വരുമെന്ന് മനസിലാക്കാമായിരുന്നു. എന്നാൽ തിരുനബി(സ) തന്നെ വിശദീകരിച്ചത്, മസീഹ് മൗഊദ് വന്നതിന് ശേഷം മുജദ്ദിദിയ്യത്ത് തുടരില്ലെന്നും മറിച്ച് ഖിലാഫത്ത് വീണ്ടും ആരംഭിക്കുമെന്നുമാണ്. ഇത് ബുദ്ധിപരമായും ശരിയായ രൂപമാണ്. അത് വെളിപ്പെടുക എന്നത് ബുദ്ധിക്ക് യോജിക്കുകയും ചെയ്യുന്നു. ഖിലാഫത്തെ റാഹിദ നിലനിൽക്കുവോളം ആവശ്യമായി വന്നാൽ അല്ലാഹു ആ ഖലീഫമാരിൽ നിന്ന് മുജദ്ദിദുമാരെയും ഉണ്ടാക്കുന്നതാണ്. അതായത് ചിലകാര്യങ്ങളിൽ ചില ഖലീഫമാർക്ക് പ്രത്യേകം തൗഫീഖ് നൽകുന്നതാണ്. അതുകൊണ്ട് തന്നെ ഇതിൽ അവ്യക്തതയില്ല. ഖിലാഫത്ത് സച്ചരിതമായിരിക്കുമ്പോൾ അതിന്നെതിരിൽ അല്ലാഹു മുജദ്ദിദിനെ എഴുന്നേൽപ്പിക്കുന്നതല്ല. മാത്രമല്ല, ഏതെങ്കിലും ഖലീഫക്ക് അനിതരസാധാരണമായ നിലയിൽ ദീനിനെ പുനരുജീവിപ്പിക്കാനുള്ള തൗഫീഖ് നൽകുന്നതിൽ എന്ത് തടസമാണുള്ളത്?

എന്നാൽ ഖിലാഫത്തിന്റെ സ്ഥാനം മുജദ്ദിദിയ്യത്തിന്റെ സ്ഥാനത്തിനു മുകളിലാണ്. ഖലീഫമാർ, മാമൂർ (ദൈവ നിയോഗിതന്റെ) ന്റെ പ്രതിനിധി എന്ന നിലയിൽ ഉൾക്കൊള്ളുന്നവരാണ്. അതുകൊണ്ട് തന്നെ അവരുടെ ബയ്അത്തും അവരെ അനുസരിക്കലും നിർബന്ധമാക്കിയിരിക്കുന്നു. മുജദ്ദിദിനെ ബയ്അത്ത് ചെയ്യുന്നതും, മുജദ്ദിദിയത്തിന്റെ വിളംബരവും കൂടി നിർബന്ധമില്ല.... അതുകൊണ്ട് തന്നെ മുജദ്ദിദിയ്യത്തിന് ഖിലാഫത്തിനേക്കാളും ശ്രേഷ്ടത കൽപ്പിക്കാനേ സാധ്യമല്ല.


ബയ്അത്ത് ചെയ്യണമെന്നും അനുസരിക്കണമെന്നും ഉമ്മത്തിനോട് നിഷ്കർഷിച്ചത് എത്ര മഹത്തരമാണ്, അതേ സമയം സ്വതന്ത്രമായി വിടുകയും മുജദ്ദിദ് ആണെന്ന് പോലും അറിയാതിരിക്കുകയും (പലപ്പോഴും ഏതെങ്കിലും മഹാത്മാവിന്റെ) മരണത്തിന് നൂറ് വർഷങ്ങൾ കഴിയുമ്പോഴാണ് അവർ മുജദ്ദിദാണെന്ന് വെളിപ്പെടുന്നതുത്തന്നെ - ചെയ്യുന്നത് എവിടെ നിൽക്കുന്നു?

നിങ്ങൾ മുജദ്ദിദിന്റെ യാഥാർഥ്യം മനസിലാക്കിയാൽ പിന്നെ മനസിൽ ഒരു പ്രശ്നവും ഉണ്ടാകുന്നതല്ല. അഹ്മദിയ്യത്തിന്റെ അധ്യാപനം അതിൽ മുജദ്ദിദ്മാരെ കുറിച്ചുള്ള ഹദീസുകൾ മാത്രമല്ല, ഇസ്‌ലാമിക അധ്യാപനങ്ങൾ അനുസരിച്ച് മനസിലാക്കുകയാണെങ്കിൽ ഏറെ ഭംഗിയുള്ളതും, വ്യക്തതയുള്ളതുമായ ഒരുഘടന തെളിയുന്നതാണ്. അതിൽ യാതൊരുവിധ Clash ഉം ഉണ്ടായിരുന്നതല്ല.

(അവ: അഖ്ബാറെ അഹ്മദിയ്യാ ജർമനി, പേജ്: 22, മെയ്-ജൂൺ 1993, ആശയാനുപാദം : സഗീർ എച്ച്.എസ്)

---

**ഖിലാഫത്ത്**
**മുസ്‌ലിം ലോകത്തിന്റെ പ്രത്യാശ**



"അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം അവശേഷിക്കും........... തുടർന്ന് പ്രവാചകത്വ മാതൃകയിൽ ഖിലാഫത്ത് നിലവിൽ വരും................ തുടർന്ന് പരുക്കൻ രാജാധിപത്യം നിലവിൽവരും.............. തുടർന്ന് തദ്സ്ഥാനത്ത് സ്വേഛാധിപത്യ മർദ്ദക ഭരണകൂടം നിലവിൽ വരും........ പിന്നീട് വീണ്ടും പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത്വരും.

(അടിക്കുറിപ്പ്: അഹ്മദും ബസ്സാറും ഹുദൈഫത്തുൽ യമാനിൽ നിന്ന് ഇത് പൂർണരൂപത്തിൽ ഉദ്ധരിച്ചിരിക്കുന്നു. ....... മജ്മഉസ്സവാഇദിന്റെ കർത്താവും ഈ ഹദീസിന്റെ റിപ്പോർട്ടർമാർ വിശ്വസ്തരാണെന്ന് പ്രസ്താവിച്ചിരിക്കുന്നു. അൽബാനിയും സ്വീകാര്യ യോഗ്യമായ ഹദീസുകളിലാണ് ഇത് എണ്ണിയിരിക്കുന്നത്)

തിരുമേനി ഈ ഹദീസിൽ പ്രവചിച്ച ഖിലാഫത്തുർറാശിദയും, പരുക്കൻ രാജഭരണവും, സ്വേഛാധിപത്യവുമെല്ലാം അക്ഷരംപ്രതി പിന്നീട് പുലരുകയുണ്ടായി. തിരുനബി വാഗ്ദത്തം ചെയ്ത പ്രവാചകത്ത മാതൃകയിലുള്ള ഖിലാഫത്തേ ഇനി പുലരാൻ ബാക്കിയുള്ളൂ. ദൈവേഛയാൽ അതും പുലരാതിരിക്കില്ല. തീർച്ച."

(പ്രബോധകന്റെ സംസ്കാരം, പേജ്: 99 യൂസുഫുൽ ഖർളാവി, പ്രസാധനം ഐ.പി.എച്ച് കോഴിക്കോട്)

**ഖിലാഫത്ത്**
**രാജാധികാരമല്ല.**
**- മൗലാനാ മൗദൂദി-**



സൂറത്തുന്നൂറിലെ 56-ാം ആയത്തിന്റെ അടിക്കുറിപ്പിൽ മൗലാനാ മൗദൂദി എഴുതുന്നു:

ഭൂമിയിൽ ആർക്ക് അധികാരം ലഭിക്കുന്നുവോ അവർക്ക് ഖിലാഫത്ത് പ്രാതിനിധ്യം ലഭിച്ചു എന്ന് ചിലർ ഇതിന് അർഥം മനസിലാക്കുന്നുണ്ട്. എന്നാൽ ആർ സത്യവിശ്വാസികളാകുന്നുവോ അവർക്ക് അല്ലാഹു ഖിലാഫത്ത് നൽകും എന്നാണ് സൂക്തത്തിൽ പറയുന്നത്.

(ഖുർആൻ ഭാഷ്യം പേജ്: 473, ഐ.പി.എച്ച്, 2010)

**വിലാപം**

സുപ്രസിദ്ധ ഉർദു കവി അല്ലാമാ ഇഖ്ബാൽ പറയുന്നു:



ഖിലാഫത്തില്ലാത്തത് കാരണം ലോകത്ത് അരക്ഷിതാവസ്ഥയാണ്. പൂർവ്വികരുടെ ജീവാത്മാവും പരമാത്മാവുമായ അതിനെ എവിടെ നിന്നെങ്കിലും തിരഞ്ഞുകൊണ്ടുവരൂ.

---

## ഇനി മുജദ്ദിദുമാർ വരില്ല!

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)**

ഖലീഫ മുജദ്ദിദിനേക്കാൾ വലുതാണ്. അദ്ദേഹത്തിന്റെ ജോലിതന്നെ ശരീഅത്തിന്റെ കൽപനകളെ നടപ്പിൽ വരുത്തുകയാണ്. ദീനിനെ നിലനിർത്തുകയാണ്. ഖലീഫയുടെ സാന്നിധ്യത്തിൽ എങ്ങിനെയാണ് മുജദ്ദിദ് വരിക?
(അൽഫദ്ൽ 18-4-1947)

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ് )**

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിന് ശേഷം മുജദ്ദിദുമാരുടെ ആഗമന ശൃംഖല അവസാനിച്ചിരിക്കുന്നുവെന്ന് ഓരോ അഹ്മദിയും നല്ലപോലെ മനസിലാക്കേണ്ടിയിരിക്കുന്നു. അല്ലാഹു അവന്റെ അനുഗ്രഹാതിരേകം കൊണ്ട് മാത്രം പ്രവാചകന്മാരുടെ മാതൃകയിലുള്ള ഖിലാഫത്ത് സ്ഥാപിച്ചിരിക്കുകയാണ്. നിസ്സംശയം, ഖലീഫമാർ മുജദ്ദിദുമാർ തന്നെയാണ്. ഈ സംവിധാനത്തെ അനിതര സാധാരണമായ സ്നേഹവും, അർപ്പണബോധവും, പരാജയപ്പെടുത്താൻ സാധ്യമല്ലാത്ത പ്രതിബന്ധതയുംകൊണ്ട് സംരക്ഷിക്കേണ്ടതാണ്. ഇസ്‌ലാമിന്റെ ആഭ്യുന്നതിക്ക് വേണ്ടി, ഇന്നത്തെ തലമുറമാത്രമല്ല വരും കാല തലമുറകളുടെ ഹൃദയങ്ങളിലും ഇക്കാര്യം രൂഢമൂല മാക്കേണ്ടിയിരിക്കുന്നു.
(മൊറീഷ്യസ് ജൽസാസാലാനക്ക് അയച്ച സന്ദേശം 1977)

## ഇമാമുസമാന്റെ ഫത്‌വകൾ



### നമസ്കാരത്തിൽ സ്വന്തം ഭാഷയിൽ ദുഃആ

എല്ലാ ഭാഷകളും അല്ലാഹുവാണ് ഉണ്ടാക്കിയിരിക്കുന്നത്, അതുകൊണ്ട് ഏറ്റവും നല്ലപോലെ അറിയുന്ന സ്വന്തം ഭാഷയിൽ നമസ്കാരത്തിൽ ദുഃആ ചെയ്യേണ്ടതാണ്. കാരണം അത് ഹൃദയത്തിൽ പ്രഭാവം ചെലുത്തുന്നു. അങ്ങിനെ താഴ്മയും, ആർദ്രതയും ഉണ്ടാവുന്നു.
ദൈവിക വചനങ്ങൾ അറബിയിൽ തന്നെ പാരായണം ചെയ്യണം. അതിന്റെ അർഥം മനസിലാക്കുക. ദുഃആ കൾ സ്വന്തം ഭാഷയിലും ചെയ്യുക. വേഗം വേഗം നമസ്കരിക്കുന്നവരും, നമസ്കാര ശേഷം നീണ്ട നീണ്ട ദുഃആകൾ ചെയ്യുന്നവരും യഥാർഥ്യം മനസിലാക്കാത്തവരാണ്. ദുഃആയുടെ സമയം നമസ്കാരമാണ്. നമസ്കാരത്തിൽ അധികമധികം ദുഃആകൾ ചെയ്യുക. (ഫതാവ : പേ. 25)

### ജമാഅത്തായ നമസ്കാരം

ജമാഅത്തായ നമസ്കാരത്തിന് കൂടുതൽ കൂലി വെച്ചതിന്റെ ഉദ്ദേശ്യം, അങ്ങനെ വഹ്ദത്ത് (ഏകത) കൈവരുന്നു എന്നതാണ്. ഈ ഏകത്വത്തെ പ്രാവർത്തികമാണെന്നതിന് എത്രത്തോളം നിർദ്ദേശവും താക്കീതുമുണ്ടെന്നാൽ, പരസ്പരം കാലുകൾ ഒപ്പം വെക്കണമെന്നും, സ്വഫ്ഫുകൾ നേരയാക്കണമെന്നും പരസ്പരം കൂടിചേർന്ന് നിൽക്കണമെന്നും പറഞ്ഞിരിക്കുന്നു. ഇതിന്റെ വിവക്ഷ എല്ലാവരും ഒരു മനുഷ്യൻ എന്ന നിലയിൽ ആവുകയും പരസ്പരം പ്രകാശം ആവാഹിക്കണമെന്നും, അഹങ്കാരവും സ്വാർഥതയും ഉണ്ടാവരുതെന്നുമാണ്. നല്ല പോലെ ഓർക്കുക, മനുഷ്യന് ഇതിനുള്ള കഴിവുണ്ട്.
(ഫതാവ, പേ. 42)

### മസ്ജിദും സൗന്ദര്യവും

ദൽഹി ജുമാമസ്ജിദ് കണ്ടപ്പോൾ ഹുസൂർ(അ) പറഞ്ഞു: മസ്ജിദുകളുടെ സൗന്ദര്യം കെട്ടിടത്തിന്റേതല്ല. മറിച്ച് ആത്മാർഥതയോടു കൂടി നമസ്കരിക്കുന്നവരുമായി ബന്ധപ്പെട്ടിരിക്കുന്നു......... മസ്ജിദുകളുടെ ഭംഗി നമസ്കാരക്കാരുമായി ചേർന്നിരിക്കുന്നു. മസ്ജിദുകൾ, തഖ്‌വയിൽ അധിഷ്ഠിതമായി നിർമിക്കണമെന്നാണ് കല്പിക്കപ്പെട്ടിരിക്കുന്നത്.
(ഫതാവ : പേ: 24)

### ഖിലാഫത്ത് - വിവക്ഷ

ഖലീഫ എന്നതിന്റെ വിവിക്ഷ പ്രതിനിധി എന്നാണ്. അതായത് ദീനിനെ പുനർജീവിപ്പിക്കുകയും, നബിമാരുടെ കാലശേഷം പരക്കുന്ന അന്ധകാരത്തെ ദൂരീകരിക്കുന്നതിന്നു വേണ്ടി അവരുടെ സ്ഥാനത്ത് വരുന്ന ആളെയാണ് ഖലീഫ എന്ന് പറയുന്നത്.
(മൽഫൂസാത്ത് ഭാഗം: 2, പേജ്: 449)

### ദീനിന്റെ സംരക്ഷണം

റസൂൽ മരിക്കുമ്പോൾ ലോകത്ത് ഒരു ഭൂകമ്പം തന്നെ ഉണ്ടാകും. അത് ഏറെ ഭയാനകമായ സമയമായിരിക്കും. പക്ഷേ അല്ലാഹു ഖലീഫ മുഖേന അത്തരം അവസ്ഥയെ ഇല്ലായ്മ ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഖലീഫ മുഖേന അതിനെ പുനസംരക്ഷിക്കുന്നു.
(അൽഹകം 14-4-1908)

# കർമശാസ്ത്രം

## നമസ്കാരത്തിൽ സ്വന്തം ഭാഷയിൽ ഉറക്കെ ദുഃആ ചൊല്ലുന്നതിനെകുറിച്ച് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു.

ഇത് സംബന്ധമായി ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ഫത്‌വ മുൻപും പലതവണ ഞാൻ പരാമർശിച്ചിട്ടുണ്ട്. ഈയടുത്ത് അൽഫദ്‌ലിലും അത് പ്രസിദ്ധീകരിച്ചിരുന്നു. ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശം, പരമ്പരാഗതമായി ചെയ്തുവരുന്ന ദുഃആകൾ മാത്രമേ നമസ്കാരത്തിൽ ഉറക്കെ ചൊല്ലാൻ പാടുള്ളു എന്നതാണ്. ഇനി സ്വന്തം ഭാഷയിൽ എന്തെങ്കിലും ദുഃആ ചൊല്ലണമെന്നുണ്ടെങ്കിൽ തന്നെ, അത് ഉറക്കെ ചൊല്ലുന്നതിന് പകരം, മനസിൽ ചൊല്ലാവുന്നതാണ്. ഇത് സംബന്ധമായി എന്റെ രീതി, പരമ്പരാഗതമായ ദുഃആകളിൽ ഞാൻ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ദുഃആകളേയും ഉൾപ്പെടുത്താറുണ്ട്. കാരണം വിശുദ്ധ ഖുർആനിലേയും ഹദീസുകളിലേയും ദുഃആകൾ ചൊല്ലുന്നതിലുള്ള അതേ യുക്തിതന്നെയാണ് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളിലുമുള്ളത്.
യഥാർഥത്തിൽ വ്യക്തിഗത ആവശ്യങ്ങളുടേയും അഭിലാഷങ്ങളുടേയും കാര്യത്തിൽ മാതൃഭാഷയിൽ തന്നെയാണ്, പ്രഭാവിതവും ഉത്തമവുമായ രീതിയിൽ ദുഃആചെയ്യാൻ കഴിയുക. മനുഷ്യൻ ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുന്ന ഭാഷയിൽ, അവൻ പ്രത്യേകം കഴിവുണ്ടായിരിക്കും. അതുകൊണ്ട് തന്നെ ശരിയായിരീതിയിൽ തന്റെ ഹൃദയവികാരങ്ങളേയും, അകതാരിന്റെ അവസ്ഥകളേയും ആ ഭാഷയിൽ പ്രകടിപ്പിക്കാൻ കഴിയുന്നതാണ്. പൂർണമായും വഴങ്ങാത്ത ഭാഷയിൽ ഒരാൾക്കും തന്റെ വികാരങ്ങളെ പ്രസ്പഷ്ടമാക്കാൻ കഴിയില്ല. ആയതിനാൽ അല്ലാഹുവുമായുള്ള വ്യക്തിഗത ബന്ധത്തിൽ മാതൃഭാഷയിൽ ദുഃആചെയ്യേണ്ടതും അനിവാര്യമാണ്. എന്നാൽ ഇതിന്റെ വിവക്ഷ, അത്തരം ദുഃആകൾ ഉച്ചത്തിൽ ചൊല്ലണമെന്നോ, അല്ലെങ്കിൽ ഇമാം, ഉർദുവിലോ, മറ്റേതെങ്കിലും ഭാഷയിലോ ഉറക്കെ ദുആ ചെയ്യണമെന്നോ അല്ല. മനസിൽ ഇത്തരത്തിലുള്ള ദുഃആകൾ അയാൾക്ക് ചെല്ലാവുന്നതാണ്. എന്നാൽ ഉച്ചത്തിൽ, പ്രത്യേകിച്ച് ഇമാം, വിശുദ്ധ ഖുർആനിലും ഹദീസുകളിലും സ്ഥിരപ്പെട്ടിട്ടുള്ള ദുഃആകളിൽ നിന്ന് മാത്രമേ ചൊല്ലാവൂ. ഇതിന്റെ യുക്തി എന്തെന്നാൽ മാതൃഭാഷയിൽ ദുഃആ ചെയ്യുമ്പോൾ മനുഷ്യന് ശരിയായ നിലയിൽ ശരീഅത്തിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാൻ കഴിയണമെങ്കിൽ ഉദാഹരണമായി ദുഃആചെയ്യുമ്പോൾ മനുഷ്യൻ ചിലപ്പോൾ ദൈവിക സ്വിഫത്തുകളെ അല്ലാഹുവിന്റെ മുന്നിൽ ഉണർത്തുന്നു. മറ്റ് ചിലപ്പോൾ അല്ലാഹുവിന് ദാസരുമായുള്ള ബന്ധത്തെ മുൻനിർത്തി ദുഃആചെയ്യേണ്ടിവരുന്നു....

(ഫിഖ്ഹ് അഹ്മദിയ്യാ ഭാഗം : 1, പേജ്: 112, 113)
വിവ: ടി.എം. അബ്ദുൽ മുജീബ്, തമ്മനം.


**ഹദ്റത് ഉസ്മാൻ(റ) കലാപകാരികളോട് പറഞ്ഞു:**
**നിങ്ങളെന്നെ വധിക്കുകയാണെങ്കിൽ അല്ലാഹുവാണെ എനിക്ക് ശേഷം നിങ്ങളിൽ ഐക്യം നിലനിൽക്കുന്നതല്ല. ഒരിക്കലും ഒരുമിച്ചുകൂടി ഒന്നിച്ച് നിങ്ങൾക്ക് നമസ്കരിക്കാനും സാധ്യമല്ല. എനിക്ക് ശേഷം നിങ്ങൾക്ക് ഒരിക്കലും ഒറ്റകെട്ടായി ശത്രുക്കൾക്കെതിരെ യുദ്ധം ചെയ്യാനും കഴിയില്ല. (താരീഖ് ത്വിബ്‌രി)**

## ഒരു പരിശുദ്ധ ശപഥം

1960 ജനുവരി 24 ന് ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) സമ്മേളനത്തിൽ കൂടിയവരെ മുഴുവൻ എഴുന്നേൽപ്പിച്ചു നിർത്തി താഴെ ചേർക്കുന്ന ശപഥം ചൊല്ലിക്കൊടുത്തു.



"ഞങ്ങൾ ഖിലാഫത്തിന്റെ സംരക്ഷണത്തിനും അതിന്റെ നിലനിൽപ്പിനും അവസാന ശ്വാസംവരെയും പരിശ്രമിക്കുന്നതാണ്. തലമുറ തലമുറയായി ഖിലാഫത്തുമായി ചേർന്നിരിക്കാനും അതിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനമെടുക്കാനും ഉപദേശിച്ചു കൊടുക്കുന്നതുമാണ്. അങ്ങിനെ അഹ്മദിയ്യാ ഖിലാഫത്ത് അന്ത്യനാൾവരെ സുഭദ്രമായി നിലനിൽക്കുമാറാകട്ടെ. അന്ത്യനാൾവരെയും അഹ്മദിയ്യാ പ്രസ്ഥാനം മുഖേന ഇസ്‌ലാമിന്റെ സന്ദേശ പ്രചരണവും നടക്കുമാറാകട്ടെ. മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പതാക ലോകത്തിലെ സർവ പതാകകൾക്കും മീതെ പറക്കുമാറാകട്ടെ."
(അൽഫദ്‌ൽ 12-02-1960)



## നാഴികക്കല്ലുകൾ

### വിനയം

ഹ. ഗുലാം മുഹമ്മദ് ഖാൻ സാഹിബ് പറയുന്നു: ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഖാദിയാനിൽ വരുമ്പോഴെല്ലാം ഒരു വൃദ്ധനെ വളരെ വിനയപൂർവ്വം, താഴ്മയയോടെ ചെരിപ്പുകളിൽ ഇരിക്കുന്നത് കണ്ടിട്ടുണ്ട്. ഹുസൂർ(അ)ന്റെ



വിയോഗ വാർത്ത അറിഞ്ഞപ്പോൾ ഞങ്ങളും പ്രിയ ഹുസൂറിനെ അവസാനമായി ഒന്ന് കാണാൻ ഖാദിയാനിൽ എത്തി. ഖാദിയാനിൽ എത്തിയതും, ബഹിശ്തി മഖ്ബറയുടെ അടുത്തുള്ള തോട്ടത്തിൽ പുതിയ ഇമാം ഖലീഫത്തുൽ മസീഹ് ബയ്അത്ത് സ്വീകരിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അങ്ങിനെ ഞങ്ങളും എത്രയും വേഗം അവിടെ എത്തി, എന്നാൽ അവിടെ കണ്ട കാഴ്ച്ച ഞങ്ങളെ ആശ്ചര്യഭരിതരാക്കി. ചെരിപ്പുകൾക്കിടയിൽ ഇടം കിട്ടിയിരുന്ന ആ വൃദ്ധൻ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ആദ്യത്തെ ഖലീഫ എന്ന നിലയിൽ ബയ്അത്ത് സ്വീകരിക്കുകയാണ്.

ഹ. മിയാൻ അബ്ദുല്ലാഹ് സാഹിബ് പറയുകയാണ്, ഇതു പറയുമ്പോൾ ഗുലാം മുഹമ്മദ് ഖാൻ സാഹിബ് വികാരഭരിതനായി കരയുകയായിരുന്നു. തുടർന്ന് പറഞ്ഞു: അല്ലാഹുവിന്റെ പ്രതാപം നോക്കുക, മസീഹ് മൗഊദ്(അ)ന്റെ ചെരുപ്പുകളിൽ ഇരുന്നിരുന്നു ഈ വൃദ്ധൻ ഇന്ന് ഖിലാഫത്തിന്റെ സ്ഥാനത്ത് ഉപവിഷ്ടനാണ്.

(അവ: സവാനിഹ് ഫദ്ലെ ഉമർ(റ)

by. ഹ. മിർസാ ത്വാഹിർ അഹ്മദ്(റഹ്)

### അനുസരണം

ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: എനിക്കും മിയാൻ (മഹ്മൂദ്) സാഹിബിനുമിടയിൽ യാതൊരു തർക്കവുമില്ല. അങ്ങനെ



ഉണ്ടെന്ന് പറയുന്നവൻ മുനാഫിഖ് ആണ്. അദ്ദേഹം എന്നെ ഏറ്റവും നല്ലനിലയിൽ അനുസരിക്കുന്ന ആളാണ്. അനുസരണത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകകൾ കാഴ്ചവെക്കുന്നു. എന്റെ മുന്നിൽ ഉച്ചത്തിൽ സംസാരിക്കുക പോലുമില്ല. അദ്ദേഹം അനുസരണത്തിന്റെ ഔന്നിത്യത്തിലാണുള്ളത്.

(ഖുത്ബാത്തെ നൂർ പേജ്:622)

### കാലത്തിന്റെ ഖലീഫ

കേണൽ ദാവൂദ് അഹ്മദ് സാഹിബ് എഴുതുന്നു: ഹദ്റത് മിർസാ നാസിർ അഹ്മദ് സാഹിബ് മൗലവി ഫാസിൽ, പരീക്ഷക്കുള്ള തയ്യാറെടുപ്പിന് കോട്ടിദാറുസ്സലാമിൽ വരാറുണ്ടായിരുന്നു. അവിടെ എന്റെ ഭാര്യ -അന്നവർക്ക് 7 വയസ് പ്രായം കാണും- ഹുസൂറിന്റെ പിതൃസഹോദരീ



പുത്രിയും ഹദ്റത് മുഹമ്മദ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ മകളുമാണ്- ക്ക് സ്നേഹത്തോടെ മിഠായികൊടുക്കുമായിരുന്നു. ഒരു ദിവസം അവർ ഹുസൂറിനോട് ചോദിച്ചു; താങ്കളും എന്നെങ്കിലും ഖലീഫ ആകുമോ? ഇത് കേട്ട ഉടനെ ആ കുട്ടിയെ അടിച്ചുകൊണ്ട് പറഞ്ഞു, "ഒരു ഖലീഫയുടെ ജീവിതകാലത്ത്, മറ്റൊരാളുടെ പേര് ആ സ്ഥാനത്തേക്ക് പറയുന്നതു പോലും പാപമാണ്."

(അവ : ഖാലിദ്, സയ്യിദ്നാ നാസിർ പതിപ്പ്, ഏപ്രിൽ മെയ് 1983, പേജ്: 92)

### സമർപ്പണം

ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) "ഹ. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)ന്റെ തിരഞ്ഞെടുപ്പിനെ തുടർന്ന് അവിടെ എത്തിയ എല്ലാവരും ഒരു ഒഴികഴിവും കൂടാതെ ബയ്അത്ത് ചെയ്തു......... അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. വീട്ടിലെത്തിയപ്പോൾ എന്റെ ഉള്ളിൽ ഒരു പാട് അശുദ്ധിയും, തെറ്റിദ്ധാരണകളും ഉള്ളതായി കണ്ടു. അതുകൊണ്ട് തന്നെ എന്റെ ഹൃദയം ഹുസൂറിന്റെ സവിധത്തിൽ ഉപഹാരമായി സമർപ്പിക്കാൻ യോഗ്യമല്ലെന്ന് കരുതി. പിന്നെ ഞാൻ കണ്ണീരുകൊണ്ട് അതിനെ കഴുകുകയും അല്ലാഹുവിന്റെ സവിധത്തിൽ വിനയപൂർവ്വം വീഴുകയും ചെയ്തു. ഈ ഹൃദയം ഹുസൂറിന് ഉപഹാരമായി സമർപ്പിക്കാൻ അർഹമാണോ അല്ലയോ എന്നും, അതിന് സൗഭാഗ്യം നൽകണമെന്നും റബ്ബിനോട് അർഥിച്ചുകൊണ്ടിരുന്നു. തുടർന്ന് ഞാൻ ഹുസൂറിന് ഒരു




കത്തെഴുതി. അതിങ്ങനെയാണ്, ഇന്നത്തോടു കൂടി എന്റെ ഹൃദയം, എന്റെ മനസ് അങ്ങയുടെ തൃപ്പാദങ്ങളിൽ സമർപ്പിതമാണ്. എന്റെ റബ്ബ് എനിക്കതിന് തൗഫീഖ് നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങയോട് എനിക്കൊരു അപേക്ഷയുണ്ട്. ഹ. മുസ്ലിഹ് മൗഊദിന്റെ മക്കളിൽ ഏറ്റവുമധികം വിനയവും താഴ്ചയും അങ്ങയുടെ സേവനത്തിനുള്ള അവസരവും സ്നേഹവും എനിക്ക് കിട്ടാൻ വേണ്ടി അങ്ങ് ദുഃആ ചെയ്താലും."

(ഖുത്ബാത്തെ ത്വാഹിർ ഭാഗം: 2, പേജ്: 13)

### പ്രവചനം

ഹദ്റത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ പാക്കിസ്ഥാൻ നാസിർ അഅ്ലാ ആയി നിയമിച്ചുകൊണ്ട് ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറഞ്ഞു.



ഹദ്റത് മിർസാ മൻസൂർ അഹ്മദ് സാഹിബിനു വേണ്ടി ദുഃആ ചെയ്യാൻ ഞാൻ മുഴുവൻ ജമാഅത്തുകളുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. കൂടാതെ മിർസാ മസ്റൂർ അഹ്മദ് സാഹിബിനുവേണ്ടിയും ദുഃആ ചെയ്യുക. അല്ലാഹു അദ്ദേഹത്തേയും ശരിയായ നിലയിൽ പ്രതിനിധി ആക്കുമാറാകട്ടെ. നീ നമ്മുടെ സ്ഥലത്ത് ഇരിക്കൂ എന്ന വിഷയം പൂർണ്ണമായും അദ്ദേഹത്തിൽ സാർത്ഥകമാകുമാറാകട്ടെ. അല്ലാഹു എപ്പോഴും താൻ തന്നെ അദ്ദേഹത്തെ സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുമാറാകട്ടെ. (ഖുതുബ 12-12-1997)

**Victory and Successes is our Destiny**

Khalifatul Messih III(r.a)

# പ്രിയ ഹുസൂറുമായി അഭിമുഖം

**(മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ യുകെ പ്രതിനിധികൾക്ക് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ നിന്ന്)**

പ്രതിനിധി : **ഹുസൂർ, അങ്ങയുടെ കുട്ടിക്കാലത്തെകുറിച്ച് ഞങ്ങൾക്ക് പറഞ്ഞു തരാമോ?....**

ഹുസൂർ : ഒരുപാട് കാര്യങ്ങളുണ്ട്. എനിക്ക് 15 വയസ് ഉള്ളപ്പോഴാണ് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) വഫാത്താവുന്നത്. ചെറുപ്രായത്തിൽ തന്നെ ഒരു ആദരവും ബഹുമാനവും ഉണ്ടായിരുന്നു. അദ്ദേഹം എന്റെ മാതാമഹനായിരുന്നിട്ടും അദ്ദേഹത്തിന് മുന്നിൽ സംസാരിക്കാൻ ധൈര്യമുണ്ടായിരുന്നില്ല. വളരെ ആദര



പൂർവം പോയി, ആദരപൂർവം ഇരിക്കുമായിരുന്നു. ഖിലാഫിനോടുള്ള ആദരവിന്റെ ഒരു സംഭവം ഓർമവരുന്നു, അതാണ് എന്റെ ഹൃദയത്തിൽ ഖിലാഫത്തിനോടുള്ള ആദരവ് അധികരിപ്പിച്ചത്. എന്റെ പിതാമഹൻ ഹദ്റത് മിർസാ ശരീഫ് അഹ് മദ് സാഹിബ്, ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ചെറിയ സഹോദരനായിരുന്നു. ഒരു ദിവസം അദ്ദേഹം എന്നേയും കൊണ്ട് ഹുസൂറിനെ കാണാൻ പോയി (ഹ. മിർസാ ശരീഫ് അഹ്‌മദ് സാഹിബ് മരിക്കുമ്പോൾ എനിക്ക് 11 വയസ് പ്രായമായിരുന്നു. അതായത് എന്നെകൊണ്ടുപോകുമ്പോൾ 9/10 വയസ് അല്ലെങ്കിൽ അതിലും കുറവായിരുന്നു) ഞങ്ങൾ റബ്‌വയിലെ ഖസ്റെ ഖിലാഫത്തിൽ എത്തി. മസ്ജിദ് മുബാറക്കിന്റെ ഭാഗത്തുള്ള കവാടത്തിന് കീഴെ നിന്ന് എന്നെ മുകളിലേക്ക് അയച്ചുകൊണ്ട് പറഞ്ഞു, ഞാൻ കാണാൻ വന്നിരിക്കുന്നുവെന്ന് പറയൂ.

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനീ(റ), ആ ദിവസങ്ങളിൽ രോഗാതുരനായിരുന്നു. മുകളിലെ റൂമിൽ വിശ്രമിക്കുകയാണ് ചെറിയ സഹോദരനാണെന്ന് പറഞ്ഞ് നേരെ വീട്ടിലേക്ക് കയറിച്ചെല്ലുകയല്ല ചെയ്തത്. എന്നോട് പറഞ്ഞു ആദ്യം ഹുസൂറിനെ വിവരം അറിയിക്കുക. ആ ദിവസങ്ങളിൽ ചോട്ടിആപ്പാ (ഹുസൂറിന്റെ സഹധർമിണി)യായിരുന്നു ഹുസൂറിന്റെ കൂടെ ഉണ്ടായിരുന്നത്. ഞാൻ പറഞ്ഞു ദാദാജാൻ (ഞങ്ങൾ അബ്ബാജാൻ എന്നാണ് വിളിച്ചിരുന്നത്) കാണാൻ വന്നിരിക്കുന്നു. അവർ പറഞ്ഞു, ശരി, വരാൻ പറയൂ, ഹുസൂർ കിടക്കുകയായിരുന്നു. ഛോട്ടീആപ്പാ, ഹുസൂറിന്റെ തലയിണക്കരികെ കസേര ഇട്ടു. താഴെ എത്തി, മിർസാ ശരീഫ് അഹ്‌മദ് സാഹിബിനേയും കൂട്ടി മുകളിലെത്തി. അദ്ദേഹം അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞ്, കസേരയിലിരിക്കുന്നതിന് പകരം കട്ടിലിന്റെ താഴെ ഇരിക്കുകയാണുണ്ടായത്. പിന്നെ വളരെ ആദരവോടെ സംസാരിച്ചു. തുടർന്ന് സലാം പറഞ്ഞ് എഴുന്നേറ്റ് ഒരു ഭാഗത്തേക്ക് ഒരുങ്ങി, വിനയപൂർവ്വം പുറത്തേക്ക് വന്നു. എന്റെ പിതാമഹൻ ഖിലാഫത്തിനെ അനുസരിക്കേണ്ട പ്രാവർത്തികരൂപം എനിക്ക് കാണിച്ചു തരികയായിരുന്നു. പ്രായം കൂടുന്നതിനനുസരിച്ച് ഈ ആദരവ് കാരണം കൂടുതൽ ഭയവും ലജ്ജയും ഉണ്ടായിക്കൊണ്ടിരുന്നു. ഭയവും പേടിയും അല്ല, മറിച്ച് ആദരവ് കാരണം ഒരുതരം ലജ്ജ.

പ്രതിനിധി : **അദ്ദേഹം അങ്ങയുടെ മാതാമഹനാണെന്ന് പറഞ്ഞല്ലോ, ഈ കുടുംബബന്ധവും ഗൗനിക്കപ്പെടാറുണ്ടായിരുന്നോ?**

ഹുസൂർ : അദ്ദേഹം എന്റെ മാതാമഹനായിരുന്നു ഒരു കൃത്രിമത്വവുമില്ലാതെ തമാശയിലേർപ്പെടുമായിരുന്നു. തമാശയും, അതിൽ Enjoy യും ചെയ്തിരുന്നു. ചില കുട്ടികൾ മുതിർന്നവരോട് മുൻകടന്ന് സംസാരിക്കുന്നത് പോലെ സംസാരിക്കാൻ ഞങ്ങൾക്ക് ധൈര്യമുണ്ടായിരുന്നില്ല.

പ്രതിനിധി : **അങ്ങയുടെ സഹോദരീ സഹോദരൻമാരുമായുള്ള ബന്ധം എങ്ങിനെയായിരുന്നു?**

ഹുസൂർ : സഹോദരീ സഹോദരൻമാരോടുള്ള ബന്ധം എങ്ങിനെയായിരുന്നുവെന്നോ? ഞാൻ എന്റെ സഹോദരീ സഹോദരൻമാരിൽ ഏറ്റവും ഇളയവനായിരുന്നു. ഏറ്റവും ചെറിയ സഹോദരനോ സഹോദരിയോ ആണെങ്കിൽ മൂത്തവർ പറയും, ഇന്നത് ഇന്നത് ചെയ്യരുത് എന്നെല്ലാം. പക്ഷേ എന്തൊക്കെ തന്നെയായാലും ഞങ്ങളുടെ ബന്ധം വളരെ ദൃഢതരമായിരുന്നു. മൂത്ത സഹോദരിയുമായും നേരെ മൂത്ത സഹോദരനുമായും പ്രത്യേകം അടുപ്പമുണ്ടായിരുന്നു. സഹോദരീ സഹോദരന്മാരുമായി നല്ല ബഹുമാനവും ആദരവും ഉണ്ടായിരുന്നു. ഞാനൊരിക്കലും നീ എന്ന് വിളിച്ചിട്ടില്ല.

പ്രതിനിധി : **ഹുസൂർ സഹോദരീ സഹോദരന്മാരുമായുള്ള ഏതെങ്കിലും ജമാഅത്തീപരമോ, അല്ലാത്തതോ ആയ വല്ല സംഭവവും ഹുസൂർ ഞങ്ങളുമായി പങ്കുവെക്കാൻ ആഗ്രഹിക്കുന്നുവോ?**

ഹുസൂർ : ഞങ്ങളുടെ തർബിയ്യത്ത്, ഞങ്ങൾ കുട്ടിക്കാലത്തേ അത്ഫാലുൽ അഹ്‌മദിയ്യയുമായി ബന്ധിതരായിരുന്നു. എന്റെ, മൂത്ത സഹോദരൻ മുഹല്ലയിലെ സഈംആയിരുന്നു. ഖുദ്ദാമുൽ അഹ്‌മദിയ്യയിൽ എത്തിയപ്പോഴെ അദ്ദേഹം സഈംആയി. ഞാൻ അത്ഫാലിൽ ആയിരുന്നു. അദ്ദേഹം എന്നേക്കാൾ 3 വയസിന് മൂത്തതാണ്. സഈം എന്ന നിലക്കും അദ്ദേഹത്തെ ഞാൻ കൂടുതൽ ബഹുമാനിച്ചിരുന്നു.

പ്രതിനിധി : **അദ്ദേഹം കൂടുതൽ Instructions തന്നിട്ടുണ്ടായിരുന്നോ?**

ഹുസൂർ : ഇല്ല, മറ്റുള്ളവരെ ശ്രദ്ധിക്കുന്നപോലെ എന്നെയും ശ്രദ്ധിച്ചിരുന്നു. നിങ്ങൾ എന്റെ ഹോബിയെ കുറിച്ചും താൽപര്യങ്ങളെക്കുറിച്ചും ചോദിച്ചില്ലല്ലോ?

പ്രതിനിധി : **ഹുസൂർ കുറച്ച് ചോദ്യങ്ങൾ വിട്ടുകളഞ്ഞതാണ്. ഹുസൂർ അനുവദിച്ചാൽ ക്രമമനുസൃതം ചോദിക്കാം.**

ഹുസൂർ : എനിക്ക് പ്രത്യേകം ഹോബിയൊന്നും ഇല്ലായിരുന്നു. പക്ഷേ പതിവായി ഗൈംമുകൾ കളിക്കുമായിരുന്നു. എന്റെ പിതാവിന് ശിക്കാർ ചെയ്യാൻ വലിയ താൽപര്യമായിരുന്നു. എല്ലാ ആഴ്ചയും അവധിദിവസം അദ്ദേഹം ശിക്കാറിന് (വേട്ടക്ക്) പോകുമായിരുന്നു. കൂടെ ഞങ്ങളെയും കൂട്ടിയിരുന്നു. തുടക്കത്തിൽ റബ്‌വയിൽ മണ്ണ് കൊണ്ടുള്ള പാതകളായിരുന്നു. റബ്‌വയോട് ചേർന്ന പ്രദേശം കാട് പിടിച്ചതും. ഞങ്ങളുടെ കുട്ടിക്കാലത്ത് വലിയ ജനവാസം ഉണ്ടായിരുന്നില്ല. ഞങ്ങൾ നടന്നതന്നെ പോയിരുന്നു. റബ്‌വക്ക് പുറത്ത് കടന്നതും ശിക്കാർ ചെയ്തുതുടങ്ങും. ഇപ്പോൾ റബ്‌വയിൽ ഒരുപാട് എയർ ഗണ്ണുകൾ ആയി. അവർ ശിക്കാറിനെതന്നെ ഇല്ലാതാക്കിയിരിക്കുന്നു.

പ്രതിനിധി : **എന്തെങ്കിലും പ്രത്യേകം സാധനങ്ങൾ ശിക്കാർ ചെയ്തിരുന്നോ?**

ഹുസൂർ : അരിപ്രാവ്, മുയൽ, തിത്തിരിപക്ഷി (Partridge) കൂടാതെ സാധാരണ പ്രാവും കിട്ടു



മായിരുന്നു. അതുകൊണ്ട് ചെറുപ്പത്തിൽ തന്നെ ശിക്കാറിനോട് താൽപര്യമുണ്ടായിരുന്നു. ഞങ്ങളുടെ പക്കൽ എയർഗൺ ഉണ്ടായിരുന്നു. ഞങ്ങൾ രണ്ട് സഹോദരൻമാർ തമ്മിൽ പ്രായം

വലിയ വ്യത്യാസമില്ലായിരുന്നു. അതുകൊണ്ട് ഞങ്ങൾ തനിയെ ശിക്കാറിന് പോകാറുണ്ടായിരുന്നു. ജൽസക്ക്ശേഷം വൈക്കോലിൽ ഒരുപാട് പ്രാവും, മറ്റ് പക്ഷികളും വന്നിരുന്നു. എയർഗൺ കയ്യിലുണ്ടായിരുതിനാൽ അതുകൊണ്ട് അവയെ കൃത്യമായി ഉന്നംവെച്ച് വീഴ്ത്തുകയും പിന്നെ നല്ലപോലെ വേവിച്ച് ടിക്കിയ ഉണ്ടാക്കി കഴിച്ചിരുന്നു. ഇതിനുപുറമേ ഞങ്ങൾ വൈകുന്നേരം പതിവായി ഗൈംമുകൾ കളിച്ചിരുന്നു. ഞങ്ങ



ളുടെ വീടിന് മുന്നിൽ ഗ്രൗണ്ട് ഉണ്ട്. അക്കാലത്ത് വളരെയൊന്നും വീടുകൾ ഉണ്ടായിരുന്നില്ല. തുടക്കത്തിൽ ഏതാനും വീടുകളേ ഉണ്ടായിരുന്നുള്ളൂ. വലിയൊരു മൈതാനമായിരുന്നു. അവിടെ വലിയവരും ക്രിക്കറ്റ് കളിച്ചിരുന്നു. ഞങ്ങൾ അത് നോക്കിയിരിക്കുമായിരുന്നു. അതിനുശേഷമാണ് അതിനോട് താൽപര്യം ഉണ്ടായത്. ഫഖ്ർ (സദ്ർഖുദ്ദാം) ന്റെ പിതാമഹനും ഒരു ടീമുണ്ടായിരുന്നു. അദ്ദേഹം തന്നെയായിരുന്നു അതിന്റെ ക്യാപ്റ്റൻ. ആ ടീമിൽ അദ്ദേഹത്തിന്റെ സഹോദരനും വേറെ പലരും ഉണ്ടായിരുന്നു. അതിൽ ഏറെ പേരും വഫാത്താവുകയോ, 80, 85 വയസ് എത്തുകയോ ചെയ്തിരിക്കുന്നു.

ഞങ്ങൾ മുഴുവൻ സമയവും കളികണ്ടിരിക്കുമായിരുന്നു. ഏതായിരുന്നാലും, ഈ നിലക്ക് ശിക്കാർ ഒരു ഹോബിയായിരുന്നു. വലുതായപ്പോൾ, സമയം കിട്ടുമ്പോൾ സീസൺ ആയാൽ ആഴ്ചയിൽ ഒരു തവണ ശിക്കാറിന് പോയിരുന്നു.പതിവായി ക്രിക്കറ്റും, ബാറ്റ്മിന്റനുമൊക്കെ പുറത്ത് പോയികളിച്ചിരുന്നു.

പ്രതിനിധി : **ശിക്കാറിന് അങ്ങേക്ക് ചെറുപ്പത്തിൽ തന്നെ താൽപര്യമുണ്ടായിരുന്നോ?**

ഹുസൂർ : അതേ, ചെറുപ്പത്തിൽ തന്നെ താൽപര്യമുണ്ടായിരുന്നു. പിതാവിന്റെ കൂടെ പോയിപ്പോയി താൽപര്യമായി. ചില സമയത്ത് ഞങ്ങളെ എത്രത്തോളം നടത്തിച്ചിരുന്നുവെന്നാൽ ഞങ്ങൾ ക്ഷീണിച്ച് അവശരാകുമായിരുന്നു. മുയലിനെ കിട്ടുന്ന ദിവസം ഏറെ പ്രയാസമായിരുന്നു. കാരണം അതിനെ എടുത്ത് കൊണ്ടുവരുന്നത് ബുദ്ധിമുട്ടായിരുന്നു.

പ്രതിനിധി : **ഇവിടെ (യൂറോപ്യൻമാർ) ജനങ്ങൾ ഏറെ ഹൃദയനൈർമല്യമുള്ളവരാണ്. സദ്ർ സാഹിബിനോട് ഞങ്ങൾ ഇതേകുറിച്ച് സംസാരിക്കാറുണ്ട്. ചെറുപ്രായത്തിൽ തന്നെ സുജൂദുകളിൽ ഹൃദയനൈർമല്യമുണ്ടാകുന്നു. അതുകൊണ്ട് ശിക്കാർ ചെയ്യാൻ ബുദ്ധിമുട്ടാണ്.**

ഹുസൂർ: നിങ്ങൾ ഹൃദയനൈർമല്യമുള്ളവരാണെന്നോ? ഇവിടെ ശിക്കാറിന്റെ മാസികകൾ വരാറുണ്ട്. അതിൽ 12 വയസുള്ള ആൺകുട്ടികളും പെൺകുട്ടികളും നല്ലപോലെ ഷൂട്ടിംഗ് ചെയ്യുന്നത് വരാറുണ്ട്.

പ്രതിനിധി : **ഹുസൂർ, കുട്ടിക്കാലത്ത് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ജീവൽ തെളിവുകൾ സംബന്ധിച്ച് അങ്ങയുടെ സംഭവങ്ങളും, ആത്മീയ അനുഭവങ്ങളും അറിയാൻ ആഗ്രഹമുണ്ട്.**

( തുടരും )

**8.2.2008, സമ്പാ: അബൂഅത്തിയ**




# തബ്‌ലീഗ് കൊണ്ട് പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നോ?

**- ഹ. ഖലീഫത്തുൽ മസീഹ് IV (റഹ്)**



ഞാൻ ജമാഅത്തിന് നല്ലപോലെ മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. ആരുടെയെങ്കിലും മനോമസ്തിഷ്കങ്ങളിൽ, തബ്‌ലീഗ് കൊണ്ട് പ്രശ്നങ്ങൾ ഉണ്ടാവുമെന്നും അതുകൊണ്ട് തബ് ലീഗ് കുറക്കണമെന്നും ഉണ്ടെങ്കിൽ അത് ശിർക്കൻ ചിന്താഗതിയാണ്. അത് ഹൃദയത്തിൽ നിന്ന് ഒഴിവാക്കുക. അല്ലെങ്കിൽ അയാൾക്ക് ഒരു അഭയ കേന്ദ്രവും ഉണ്ടാവുന്നതല്ല. ഹൃദയത്തിൽ ഭയം സൃഷ്ടിക്കുന്ന വൃക്ഷം വെട്ടിമാറ്റപ്പെടുന്നതാണ്. ഓർക്കുക, അല്ലാഹുവിലാണ് നാം ഭാരമേൽപ്പിക്കുന്നത്. അവൻ നമുക്ക് മതിയായവനാണ്, അവൻ എപ്പോഴും നമുക്ക് മതിയായിരുന്നിട്ടുമുണ്ട്. അവൻ ഒരിക്കലും നമ്മെ ഭയവിഹ്വലമായ അവസ്ഥയിൽ ഉപേക്ഷിച്ചിട്ടില്ല. അവൻ ഏറ്റവും നല്ല പോലെ കുറുപുലർത്തുന്ന ദൈവമാണ്. അവനോട് നാമൊരിക്കലും കൃതഘ്നത കാണിക്കരുത്. നമ്മുടെ ഓരോ കുട്ടിയും അരുംകൊല ചെയ്യും വിധം അറുത്തുമാറ്റപ്പെടും വിധം ഭയം നമുക്ക് മുന്നിൽ വെളിപ്പെട്ടാലും നമ്മെ ഭയപ്പെടുത്താൻ എല്ലാ ഭാഗത്തും ഭയാനകമായ അവസ്തകൾ ഉണ്ടായാലും പ്രത്യക്ഷത്തിൽ നാലുപാടും അന്ധകാരം വ്യാപിച്ചാലും നാം സ്ഥിരചിത്തരായിരിക്കണം. ഒരടിപോലും പിന്നോട്ട് നീങ്ങരുത്. ഒരടിപോലും സ്തംബ്ധരാവുകയുമരുത്. മറിച്ച് നേരത്തേതിലും അധികം അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് എല്ലാ രംഗത്തും മുന്നേറേണ്ടതാണ്.

(റിപ്പോർട്ട് മജ്. മുശാവറത്ത് 1989 പേജ്: 247)

## പരിഹാസ്യമായ ഖിലാഫത്ത് പ്രക്ഷോഭം

തുർക്കി ഖിലാഫത്തിന്റെ പതനത്തിൽ മനംനൊന്ത മലബാർ മുസ്‌ലിംകൾ ഖിലാഫത്ത് പുനഃസ്ഥാപനത്തിന് ഭഗീരഥപ്രയത്നം നടത്തി.

- പക്ഷേ തെക്കേ മലബാറിൽ 150 മുസ്‌ലിംകളെ അൻഡമാനിലേക്ക് നാടുകടത്താൻ വിധിയായി.
- അവരെ ഒരു ട്രെയിൻ കംപാർട്ട്മെന്റിൽ മദ്രാസി ലേക്ക് കൊണ്ടുപോയി.
- 67 പേർ അതിനുള്ളിൽ ശ്വാസംമുട്ടി മരിച്ചു.
- ആഗസ്റ്റ് മാസത്തിൽ ഗാന്ധിജിയും ശൗകത്ത് അലിയും കോഴിക്കോടെത്തി.
- എം.പി. നാരായണ മേനോൻ വക്കീൽ ഹൈക്കോടതി



ബഹിഷ്കരിച്ച് ഏറനാട് വള്ളുവനാട് വാരിയൻകുന്നത്ത് കുഞ്ഞഹ്മദ് ഹാജി, കെ.എം. മൗലവി എന്നിവരോടൊപ്പം ഖിലാഫത്ത് കമ്മിറ്റി ആരംഭിച്ചു.

- നവംബറിൽ കൊണ്ടോട്ടിയിലും, ജനുവരിയിൽ കോഴിക്കോട്ടും, ഖിലാഫത്ത് സമ്മേളനം നടന്നു.
- 1921 ഫെബ്രുവരിയിൽ ജില്ലാ മജിസ്ട്രേറ്റ് യോഗങ്ങൾ തടഞ്ഞുകൊണ്ട് ഉത്തരവായി.
- 4 ഖിലാഫത്ത് നേതാക്കളെ 6 മാസത്തേക്ക് ജയിലിലടച്ചു.
- 1921 ഏപ്രിൽ 23-25-ൽ കോൺഗ്രസ് സമ്മേളനത്തോടൊപ്പമാണ് ഖിലാഫത്ത് കമ്മിറ്റിയും നടത്തിയത്.

# ഖിലാഫത്ത് മോഹികളുടെ പതനം

## ശരീഫ് ഹുസയ്ൻ



ഉസ്മാനി ഖിലാഫത്ത് അവസാനിച്ചപ്പോൾ അറബികളുടെ നേതാവായ ശരീഫ് ഹുസയ്ൻ ഖിലാഫത്ത് സ്ഥാനം മോഹിച്ച് രംഗത്ത് വന്നു. അറബികൾ അദ്ദേഹത്തെ അംഗീകരിക്കാത്തതും, ഉസ്മാനിയ സുൽത്വാനിൽ നിന്ന് അറബ് സയ്യിദ് വംശത്തിലേക്ക് അതിറുന്നത് ഗുണകരമായിരിക്കുമെന്നും ചില മുസ്‌ലിംകളെങ്കിലും കരുതി. അറബ് ദേശീയ പ്രസ്ഥാനത്തിന് അത് ആവശ്യവുമായിരുന്നു. സിറിയൻ ക്രിസ്ത്യാനികൾ പോലും അതിനെ അനുകൂലിച്ചു.

അങ്ങിനെ ഖലീഫയാകാനുള്ള അതിമോഹം കാരണം ബ്രിട്ടീഷുകാരുമായി ചേർന്ന് തുർക്കികൾക്കെതിരെ പൊരുതി. സിറിയൻ മുസ്‌ലിംകളും ക്രിസ്ത്യാനികളും ശരീഫിന്റെ കൂടെ നിന്നെങ്കിലും നേതാക്കൾക്ക് ജീവൻ തന്നെ അപായപ്പെടുത്തേണ്ടിവന്നു. തുർക്കികൾ അവരെ കഴുവിലേറ്റി. ഇതിനിടെ ഇബിനു സഊദ് രംഗത്തെത്തുകയും, ശരീഫ് ഹുസയ്ന്റെ യഥാർഥ രൂപം ജനങ്ങൾക്ക് മുന്നിൽ തുറന്ന് കാട്ടി. അറബികളേയും, മുസ്‌ലിംകളേയും ശരീഫിന്നെതിരിൽ തിരിക്കുകയുണ്ടായി. തുർക്കി ഖിലാഫത്തിനെ ഇല്ലാതാക്കാൻ ബ്രിട്ടീഷുകാർ പിന്തുണയും സമ്പത്തും നൽകിയിരുന്നു. പക്ഷേ ബ്രിട്ടീഷുകാർ പതുക്കെ പിന്തുണ പിൻവലിച്ചു. അങ്ങിനെ ശരീഫ് ഹുസൈന്റെ ഖിലാഫത്ത് സ്വപ്നം തകർന്നടിയുകയും ഇബ്നു സഊദ് ബ്രിട്ടീഷ് സഹായത്തോടെ മക്ക കീഴടക്കി രാജവാഴ്ച സ്ഥാപിച്ചു. വഹാബി പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന ഇബ്നു സഊദ് മക്കയിൽ ബോംബ് വർഷം നടത്തിയത് മുസ്‌ലിം ലോകത്തിന് നീരസമുണ്ടാക്കിയെങ്കിലും അദ്ദേഹം 1928 ൽ മക്കത്ത് മുസ്‌ലിം നേതൃസമ്മേളനം വിളിച്ചു കൂട്ടി മുറിവുണക്കാൻ ശ്രമിച്ചു.

ഇന്ത്യയിൽ നിന്ന് മൗലാനാ മുഹമ്മദ് അലി സമ്മേളനത്തിൽ പങ്കെടുത്തു. അദ്ദേഹവും മറ്റു പലരും ഇബ്നു സഊദിനോട് ഖിലാഫത്ത് പദവി ഏറ്റെടുക്കാൻ നിർബന്ധിച്ചെങ്കിലും ഹറമൈന്റെ സംരക്ഷകൻ എന്ന സ്ഥാനം കൊണ്ട് തൃപ്തിപ്പെടാനാണ് ആഗ്രഹിച്ചത്.

## ഫുആദ് രാജാവ്



ഈജിപ്തിലെ ഫുആദ് രാജാവ് (1917 - 1936) 30, 33 കാലത്ത് ഖിലാഫത്ത് സ്ഥാനത്തേക്ക് അവരോധിതനാകാൻ ആഗ്രഹിച്ചിരുന്നെങ്കിലും ആരും പിന്തുണക്കാൻ ഉണ്ടായില്ല. ഈജിപ്തിലെ ജനങ്ങൾ പോലും അദ്ദേഹത്തെ വെറുക്കുകയുണ്ടായി.

## ഫാറൂഖ് രാജാവ്



ഈജിപ്തിലെ ഫാറൂഖ് രാജാവ് പിതാവ് ഫുആദ് രാജാവിനെപ്പോലെതന്നെ ഖിലാഫത്ത് സ്ഥാനം മോഹിക്കുകയും താടി വളർത്തി ആത്മീയ പരിവേഷത്തിന് ശ്രമിക്കുകയും ചെയ്തു. പക്ഷേ മലിമസമായ സ്വകാര്യ ജീവിതത്തിന്റെ കഥകൾ ഈജിപ്തിന് പുറത്തും ചർച്ചാവിഷയമായി.

ഒരിക്കൽ ഇതേക്കുറിച്ച് ഹദ്റത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) ഉപദേശിച്ചപ്പോൾ, ഈജിപ്തിലെ മുഫ്തിയെക്കൊണ്ട് സഫറുല്ലാഹ് ഖാനെതിരിൽ കുഫ്ർ ഫത്‌വ ഇറക്കുകയാണ് ചെയ്തത്. പാക്കിസ്ഥാനിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്നും പിന്തുണ നൽകുകയുണ്ടായി. എന്നാൽ, ഇസ്‌റായിലിന്നെതിരായുള്ള യുദ്ധത്തിൽ ഈജിപ്ത് പരാജയപ്പെട്ടപ്പോൾ അതിന്റെ കാരണക്കാരൻ ഫാറൂഖ് ആണെന്ന് കരുതിയവർ, അബ്ദുന്നാസിറിന്റെ നേതൃത്വത്തിൽ വിപ്ലവം നടത്തുകയും ജനറൽ നജീബ് ഈജിപ്തിന്റെ അധികാരം പിടിച്ചെടുക്കുകയും ചെയ്തു. അങ്ങിനെ സ്ഥാനഭ്രഷ്ടനായ ഫാറൂഖ് ഈജിപ്തിൽനിന്നും നിഷ്കാസിതനായി. ആനപ്പന്തിയിൽ ജോലി ഓഫർ ലഭിച്ചു. ഫാറൂഖ് രാജാവ് റോമിലെ ഒരു ആശുപത്രിയിൽ വെച്ച് ആരോരുമില്ലാതെ മരണപ്പെട്ടു!

## ഫൈസൽ രാജാവ്



ഇബ്നു സഊദിന്റെ മകൻ ഫൈസൽ രാജാവിനാണ് പിന്നെ ഖിലാഫത്ത് മോഹവുമായി രംഗത്തുവരാൻ ദുര്യോഗമുണ്ടായത്. റാബിത്വത്തുൽ ആലമിയ ഇസ്‌ലാമിയ രൂപീകരിച്ച് ഫൈസൽ ആഫ്രിക്കയിൽ ഇസ്‌ലാമിക് മിഷനുകൾ ആരംഭിച്ചു. ഖുർആൻ ഇംഗ്ലീഷ് വിവർത്തനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും മുസ്‌ലിം കൾചറൽ പ്രോഗ്രാമുകൾക്ക് വൻ തുകകൾ ചെലവഴിക്കുകയും ചെയ്തു.

ഇസ്താംബൂൾ മ്യൂസിയത്തിൽ നിന്ന് തിരുനബി (സ)ന്റെതെന്ന് അവകാശപ്പെടുന്ന തിരുശ്രേഷ്ടതകളായ പടച്ചട്ട, താടിരോമങ്ങൾ, തിരുദന്തം, പതാക, കത്ത്, വാളിന്റെ കൈപ്പിടി എന്നിവ സ്വന്തമാക്കാൻ ശ്രമിച്ചു. അത് ഖിലാഫത്ത് പദവിക്ക് മതിയായതാണെന്ന മിഥ്യാബോധമാണ് ഫൈസലിനെ നയിച്ചത്.

മറുഭാഗത്ത് പാക്കിസ്ഥാനിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ചൂട് പകർന്നുകൊണ്ട് അഹ്മദികൾക്ക് ഹജ്ജ് വിലക്കുകയുണ്ടായി. മുസ്‌ലിം രാജ്യങ്ങളിൽ അഹ്മദിയ്യാ വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഫൈസൽ പാരിതോഷികങ്ങൾ വാരിക്കോരി നൽകി. പകരം പാക്കിസ്ഥാൻ അഹ്മദികളെ അമുസ്‌ലിം ന്യൂന പക്ഷമായി മുദ്രകുത്തി. പക്ഷേ ഏറെ കഴിയേണ്ടി വന്നില്ല. 1975 മാർച്ച് 26 ന് ഫൈസൽ സ്വന്തം ഭാഗിനേയന്റെ വെടികൊണ്ട് കൊല്ലപ്പെട്ടു..

## ഖിലാഫത്ത് നിഷേധികളുടെ ദുരവസ്ഥ



ഖാജ കമാലുദ്ദീൻ സാഹിബ്

രണ്ടാം ഖിലാഫത്തിന്റെ കാലത്ത് ഖിലാഫത്തിനെ വെല്ലുവിളിച്ചവർ ലാഹോറിൽ പോയി സ്വന്തം ഒരു ജമാഅത്തുണ്ടാക്കി. ഏറെ താമസിയാതെ അതിലെ പ്രമുഖ നേതാവായിരുന്ന അഡ്വ. ഖാജ കമാലുദ്ദീൻ സാഹിബ് സ്വന്തം മിഷൻ സ്ഥാപിച്ചു. ലാഹോറി പാർട്ടിയിൽ മൗലവി. സദറുദ്ദീനും കൂട്ടരും കലാപക്കൊടി ഉയർത്തി. ഇതിലെല്ലാം മനംനൊന്ത് മൗലാനാ മുഹമ്മദലി സാഹിബ് ഇഹലോക വാസം വെടിഞ്ഞു. ഇന്ന് ഈ പാർട്ടി പേരിനുമാത്രമായിക്കഴിഞ്ഞിരിക്കുന്നു.




മൗലാനാ മുഹമ്മദലി സാഹിബ്

## വാഗ്ദത്ത മസീഹിന്റെ കത്തുകൾ

(ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)ന് എഴുതിയ കത്ത്)

### റഅ്സുൽ ഖയ്റാത്ത്

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമീ മുകർറമീ അഖ്വീം

السلام عليكم ورحمة الله وبركاته

താങ്കളുടെ കത്ത് കൈപ്പറ്റി. ദൈവികവചനങ്ങളോടുള്ള സ്നേഹവും റസൂലുല്ലാഹ്(സ)ന്റെ പരിശുദ്ധവചനങ്ങളോടുള്ള അനുരക്തിയും, ദൈവികരായ ആളുകളുമായി സ്വച്ഛമായ ബന്ധവും ഉണ്ടാവുകയെന്നത് ഏറെ മഹത്തരമായ അനുഗ്രഹമാണ്. അത് അല്ലാഹുവിൽ നിന്ന് തന്റെ പ്രത്യേക, നിസ്വാർഥരായ ദാസന്മാർക്ക് ലഭിക്കുന്നതാണ്. യഥാർഥത്തിൽ വലിയ വലിയ പുരോഗതികൾക്ക് ഇതുതന്നെയാണ് അടിസ്ഥാനമായിട്ടുള്ളത്.
ഈ ബീജത്തിൽനിന്നാണ് യഖീൻ (ദൃഢജ്ഞാനം)ന്റേയും, മഅ്രിഫത്ത് (ആത്മീയജ്ഞാനത്തിന്റേയും) വിശ്വാസദൃഢതയുടെയും വൃക്ഷം ഉണ്ടാകുന്നത്. അതിന്റെ ദൈവാനുരക്തിയുടെ ഫലങ്ങൾ ഉണ്ടാവുന്നു. ഫൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ്. അല്ലാഹു തആലാ താങ്കൾക്ക് ഈ അനുഗ്രഹം - അത് റഅ്സുൽ ഖയ്റാത്ത് (നന്മകളുടെ ആകെത്തുക ആണ്. നൽകിയിരിക്കുന്നു. പിന്നെ നന്മകൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ആലസ്യവും കുറവും, ഈ മഹത്തായ നന്മകൾ കാരണം അകന്ന് പോകുന്നതാണ്. ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്ത് (വി.ഖു. 11: 115)
താങ്കളെ കാണാൻ ഏറെ ആഗ്രഹമുണ്ട്. ഇക്കാലത്ത് താങ്കളുടെ ആത്മാർഥത, അഭൗമികമായ വിധത്തിൽ ഇക്കാലത്ത് അഭിവൃദ്ധിപ്പെട്ടിരിക്കുന്നതുപോലെ അല്ലാഹുവിനെ മുൻനിർത്തിയുള്ള സ്നേഹാവേശവും താങ്കൾക്ക് വേണ്ടി, താങ്കളോടൊപ്പം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഈ ആത്മാർഥതയുടെ സ്ഥാനത്ത് ആരും താങ്കൾക്ക് പങ്കാളിയാവരുതെന്നും. അല്ലാഹു ആഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ട് അടുപ്പത്തിന്റെ വാദമുന്നയിക്കുന്ന അധികമാളുകളുടേയും ഹൃദയങ്ങളിൽ അല്ലാഹു അനുഗ്രഹമിറക്കുകയും താങ്കളുടെ ഹൃദയം തുറക്കുകയും ചെയ്തിരിക്കുന്നു. ഹാദാ ഫദ്ലുല്ലാഹി വ നിഅ്മത്തിഹീ യുഅ്തീ മയ്യശാഉ വയഹ്ദീ മൻയശാഉ വ യുളില്ലു മൻയശാഉ.
ഹാമിദ് അലി കഠിനമായി രോഗിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന് വീണ്ടും ജീവൻ നൽകിയിരിക്കുന്നു. താങ്കൾ വരുമ്പോൾ, ഹകീം ഫദ്ലുദ്ദീൻ സാഹിബും, മൗലവി അബ്ദുൽ കരീം സാഹിബും വന്നാൽ വളരെ നന്നായിരുന്നു. താങ്കൾ സ്വന്തം നിലക്ക് രണ്ട് പേർക്കും വിവരം നൽകുക. കാരണം കൂടെ കൂടെ കൂടിക്കാഴ്ച അത്യാവശ്യമാണ്. ജീവിതത്തിന് ഒരു ഉറപ്പുമില്ല.

വസ്സലാം
വിനീതൻ
ഗുലാം അഹ്മദ് (അഫീഅൻഹു)

1889 ജൂലൈ 9



**ഹദ്റത് അലി (റ) നോട് അമീർ മുആവിയ അദ്ദേഹത്തിന്റെ ഖിലാഫത്തിലുള്ള തെളിവ് ചോദിച്ചപ്പോൾ പറഞ്ഞു: ഹദ്റത് അബൂബക്കറിനേയും, ഉമറിനേയും, ഉസ്മാനിനേയും ബയ്അത്ത് ചെയ്തവർ അതേ തത്വങ്ങളിൽ അധിഷ്ടിതമായി തന്നെയാണ് എനിക്കും ബയ്അത്ത് ചെയ്തിട്ടുള്ളത്.**
**.......... ഇവരുടെ ആരുടെ കയ്യിൽ ഒന്നിച്ചുചേരുകയും തങ്ങളുടെ ഇമാമെന്ന് അംഗീകരിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ തൃപ്തി അത്തരം ആളോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. (ഹിസ്വാർ)**

ആരോഗ്യം

## ശാരീരിക ആരോഗ്യവും ബുദ്ധിശക്തിയും

- മുസ്ലിഹ് മൗഊദ്(റ) -

മനുഷ്യന്റെ ശാരീരിക ആരോഗ്യം അവന്റെ ബുദ്ധിശക്തിയിൽ പ്രത്യേക സ്വാധീനം ചെലുത്തുന്നു. ലോകത്തുള്ള ആയിരക്കണക്കിന് പ്രവർത്തനങ്ങൾ മനുഷ്യന്റെ ശാരീരിക ആരോഗ്യവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അഥവാ അത്തരം കാര്യങ്ങൾ മതത്തിന്റെ ഭാഗമല്ല, കേവലം ബുദ്ധിപരമായ പ്രവർത്തനങ്ങൾ മനുഷ്യന് കട്ടിൽകിടന്ന് ചെയ്യാൻ സാധിക്കും എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ചില ശാരീരിക അനാരോഗ്യത്തിൽ ബുദ്ധിയിലും അനാരോഗ്യം സൃഷ്ടിക്കാറുണ്ട്. ഇത് വളരെ സൂക്ഷ്മമായ ഒരു വിഷയമാണ്. ഇതിനെ കുറിച്ച് പ്രതിപാതിക്കാനുള്ള അവസരമല്ല ഇത്. യാഥാർത്ഥ്യമെന്തെന്നാൽ ശരിയായ ആരോഗ്യത്തിന് ശരീരാവയവങ്ങളുടെ രോഗങ്ങളുമായി ബന്ധമുണ്ടായിരിക്കുന്നതുപോലെ അതിന് അതിന്റെ ആന്തരിക ശക്തിയുമായിട്ടും ബന്ധമുണ്ട്. മനുഷ്യ ശരീരത്തിന്റെ അവസ്ഥ രണ്ടുതരത്തിലാണുള്ളത്. ഒന്ന് അവയവങ്ങളുടെ പ്രത്യക്ഷമായ രോഗാവസ്ഥ, മറ്റൊന്ന് ശരീരത്തിന്റെ സഹനശക്തി അഥവാ യഥാർത്ഥ ആരോഗ്യം. ചില സമയങ്ങളിൽ ഈ സഹനശക്തി മനുഷ്യനിൽ പ്രകൃതിദത്തമായ നിലയിൽതന്നെ ഉന്നതമായിരിക്കും. പ്രത്യക്ഷരോഗങ്ങൾക്ക് പോലും അതിന് എന്തെങ്കിലും വിധത്തിലുള്ളകോട്ടം വരുത്തുവാൻ സാധിക്കുകയില്ല. ഈ ഒരവസ്ഥയിൽ മനുഷ്യബുദ്ധിക്ക് എല്ലാ അവസ്ഥയിലും പ്രവർത്തിക്കാൻ സാധിക്കും എന്നാൽ ചില അവസരങ്ങളിൽ ബലഹീനമായ സഹനശക്തിയുടെ കൂടെ പ്രത്യക്ഷത്തിലുള്ള രോഗങ്ങളുമുണ്ടായിരിക്കും. അത്തരത്തിലുള്ള ഒരാളുടെ രോഗത്തോടൊപ്പം അയാളുടെ ബുദ്ധിശക്തിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കും. സാധാരണ ഗതിയിൽ ശരാശരി സഹനശക്തിയുള്ള ഒരാളെ സംബന്ധിച്ചിടത്തോളം അയാളുടെ ആരോഗ്യം ബുദ്ധിയിലും സ്വാധീനം ചെലുത്തുന്നുവെന്നതാണ്. ഏറ്റവും ചുരുങ്ങിയത് അലസത, അലംഭാവം, അധൈര്യം എന്നിവ തീർച്ചയായും ഉണ്ടാകും. ഇവ ഏതെങ്കിലും സമൂഹത്തിൽ ഉടലെടുത്തുകഴിഞ്ഞാൽ അത് ഭയാനകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. മനുഷ്യന്റെ സഹനശക്തി എത്രതന്നെയായാലും ശരി ചില ജോലികൾ മനുഷ്യന് രോഗാവസ്ഥയിൽ ചെയ്യാൻ സാധ്യമല്ല എന്ന കാര്യം പ്രകടമാണ്. ഉദാഹരണമായി കാഴ്ച്ച ശക്തി കുറവാണെങ്കിൽ ബുദ്ധിശക്തി എത്രമാത്രം ഉന്നതമായാലും മനുഷ്യൻ യുദ്ധത്തിന് അനുയോജ്യനായിരിക്കുകയില്ല. അതുകൊണ്ട് അത്തരം ആളുകളെ സൈന്യത്തിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ളവരായി കാണാറില്ല. എന്തുകൊണ്ടെന്നാൽ സൈന്യത്തിനാവശ്യമായ ആരോഗ്യം അയാൾക്ക് ഉണ്ടായിരിക്കുകയില്ല. ഇക്കാര്യം കുട്ടികാലത്ത് തന്നെ വളരെ അധികം പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ടതാണ്.



وَقُلْنَا يَا آدَمُ اسْكُنْ أَنْتَ وَزَوْجُكَ الْجَنَّةَ.......(2.36)

## ആദമിന്റെ സ്വർഗവും വിലക്കപ്പെട്ട വൃക്ഷവും

**നമുക്ക് താരതമ്യം ചെയ്യാം.**

**അമാനി മൗലവി**

ആദമിനേയും അവരുടെ ഭാര്യയായ ഹവ്വാഇനേയും (അ) അല്ലാഹു സ്വർഗത്തിൽ താമസിപ്പിച്ചു. യഥേഷ്ടം എവിടെ നിന്നും എന്തും ഭക്ഷിക്കാമെന്നും അനുവദിച്ചു. പക്ഷേ ഒരു നിശ്ചിത വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കരുതെന്ന് പ്രത്യേകം അവരെ വിലക്കി. അതിൽ നിന്ന് ഭുജിക്കുന്നത് അക്രമമാണെന്ന് പ്രത്യേകം ഉണർത്തുകയും ചെയ്തു. ഇത് ഒരു പരീക്ഷണമായിരുന്നു. അതിന്റെ പര്യവസാനം എന്തായിരിക്കുമെന്ന് അല്ലാഹുവിന് ശരിക്കും അറിയാം. അറിയാഞ്ഞിട്ടല്ല പക്ഷേ, അതിനെത്തുടർന്നുള്ള നടപടികളെടുക്കുവാൻ അതൊരു കാരണമായി അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. സ്വന്തം ആഭിജാത്യവും അഹങ്കാരവും അസൂയയും നിമിത്തമാണെങ്കിലും ഇബ്‌ലീസ് കാലാകാലം ആട്ടപ്പെട്ടവനായി ശപിക്കപ്പെടുവാൻ ഇടവന്നത് ആദമിന്റെ കാരണം കൊണ്ടാണല്ലോ. അതുകൊണ്ട് ആദം(അ) ആ പരീക്ഷണത്തിൽ വിജയിക്കുന്നത് അവന് സഹിക്കുവാൻ കഴിഞ്ഞില്ല. ദുരുപദേശങ്ങളും ദുഷ്പ്രേരണയും നൽകി അവൻ അവരെ അബദ്ധത്തിൽ ചാടിച്ചു. അതെ, ആദമും ഹവ്വായും (അ) ആ വിലക്കപ്പെട്ട വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചുകളഞ്ഞു. അങ്ങനെ അവരുടെ സ്വർഗീയജീവിതം അവർക്ക് നഷ്ടപ്പെടുവാനും ഭൗതിക ജീവിതം നയിക്കുവാനും അവൻ കാരണമായിത്തീർന്നു. ആദം (അ) ഹവ്വാ(അ), ഇബ്‌ലീസ് എന്നിവരെ ഭൂമിയിലേക്ക് അയച്ചു........ മറക്കുക എന്നർത്ഥമായ ജന്ന് എന്ന മൂലത്തിൽ നിന്നുള്ള പദമാണ് ജന്നത്ത്........... സ്വർഗീയ വസ്തുക്കളും ഭൗതിക വസ്തുക്കളും തമ്മിൽ നാമമാത്ര ബന്ധമേയുള്ളുവെങ്കിലും സ്വർഗത്തിനും സ്വർഗത്തോപ്പുകൾക്കും ആ വാക്ക് അറബിയിൽ ഉപയോഗിച്ചുവരുന്നു. ആദം(അ) നബിയെ അല്ലാഹു ആദ്യം താമസിപ്പിച്ച ആ ജന്നത്തുകൊണ്ടുദ്ദേശ്യം വാനലോകത്ത് സ്ഥിതിചെയ്യുന്ന സ്വർഗമായിരുന്നുവോ ഭൂമിയിൽ തന്നെയുള്ള ഒരു പ്രത്യേക തോട്ടമായിരുന്നുവോ എന്നതിൽ രണ്ടഭിപ്രായമുണ്ട്.

എന്നാൽ ഭൂരിപക്ഷം പണ്ഢിതന്മാരുടേയും അഭിപ്രായം അതും സ്വർഗം തന്നെയാണെന്നാകുന്നു. ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസിലാക്കാൻ കഴിയുന്നതും ഇതുതന്നെ. പ്രത്യേകസന്ദർഭങ്ങൾ ഇല്ലാത്തപ്പോൾ അൽ ജന്നത്തു എന്ന് സ്വർഗത്തെ ഉദ്ദേശിച്ചാണ് സാധാരണ പറയപ്പെടാറുള്ളതും.... ആദം(അ) നബിയോട് വിരോധിക്കപ്പെട്ട വൃക്ഷം ഏതായിരുന്നുവെന്ന് നിർണയിക്കുവാൻ തെളിവുകളൊന്നുമില്ല. അതിന്റെ പേരറിയുന്നതിൽ വിശേഷിച്ച് പ്രയോജനവുമില്ലതാനും....... (വിശുദ്ധ ഖുർആൻ വിവരണം ഭാ: 1, പേജ്: 158, 159)

**മൗലാനാ മൗദൂദി**

ഇതിൽ നിന്ന് മനസിലാകുന്നത് ഭൂമിയിലേക്ക് അഥവാ നിശ്ചയിക്കപ്പെട്ട സ്ഥലത്തേക്ക് പ്രതിനിധികളെന്ന നിലക്ക് അയക്കപ്പെടുന്നതിന്നു മുമ്പായി തങ്ങളുടെ അഭിരുചികളേയും പ്രവണതകളേയും പരീക്ഷിക്കുവാൻ വേണ്ടി ഇരുവരേയും കുറച്ചുകാലം സ്വർഗത്തിൽ താമസിപ്പിച്ചുവെന്നാണ്. ഈ പരീക്ഷണത്തിന്നായി ഒരു വൃക്ഷത്തെ തിരഞ്ഞെടുത്ത് അതിന്റെ സമീപത്ത് പോലും പോകരുതെന്ന് അല്ലാഹു ആജ്ഞാപിക്കുകയും അഥവാ പോയാൽ എന്റെ ദൃഷ്ടിയിൽ നിങ്ങൾ അക്രമികളായിത്തീരുകയാവും ഫലമെന്ന് അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു. ആ വൃക്ഷമേതായിരുന്നു, അതിൽ നിന്നവരെ തടയാൻ കാരണമാക്കിയ എന്തു പ്രത്യേകതയാണതിന്നുണ്ടായിരുന്നത് എന്നിത്യാദിയുള്ള ചർച്ച അനാവശ്യമാണ്.......... ഈ പരീക്ഷക്ക് ഏറ്റവും യോജിച്ച സ്ഥലം സ്വർഗം തന്നെയായിരുന്നു. നിങ്ങളുടെ മനുഷ്യത്വ പദവി വെച്ചു നോക്കുമ്പോൾ സ്വർഗമാണ് നിങ്ങൾക്കേറ്റവും അനുയോജ്യമായ സ്ഥാനം.........(തഫ്ഹീമുൽ ഖുർആൻ ഭാഗം:1, പേജ്:61)

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)**

**(തഫ്സീർ കബീർ 1–ാം വാല്യത്തിൽ നിന്ന് സംഗ്രഹം)**

1. ആദമിനെ ഭൂമിയിൽ ഖലീഫയാക്കുന്നുവെന്നാണ് തുടക്കത്തിൽ തന്നെ പറഞ്ഞിരിക്കുന്നത്.

2. ആയതിനാൽ ഇവിടെ പറയപ്പെട്ട സ്വർഗം പരലോകത്ത് ലഭ്യമാകുന്ന സ്വർഗമല്ല പ്രത്യുത വാസയോഗ്യമായ ഒരു സ്ഥലം എന്നാകാനേ നിവൃത്തിയുള്ളൂ.

3. ആദമിന്റെ സ്വർഗത്തെകുറിച്ച് പറഞ്ഞപ്പോൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വെള്ളം എന്നിവയെ പരാമർശിച്ചുകൊണ്ട് അത് ഒരു കൃത്യമായ വ്യവസ്ഥയാണെന്ന് വ്യക്തമാകുന്നു.

4. പരലോകത്തുള്ള സ്വർഗമാണെങ്കിൽ അവിടെ ശയ്ത്വാൻ എങ്ങിനെയാണ് കയറികൂടിയത്?

5. വമാഹും മിൻഹാ മുഖ്റജീൻ സ്വർഗത്തിൽ നിന്നും ആരേയും പുറത്താക്കുകയില്ല എന്ന് പറഞ്ഞിരിക്കേ ആദമിനെ പുറത്താക്കി എന്ന് പറയുന്നത് വൈരുദ്ധ്യമല്ലേ. ആയതിനാൽ അത് ഈ ഭൂമിയിൽ തന്നെയുള്ള ഒരു സ്ഥലമാകാനേ നിവൃത്തിയുള്ളൂ.

6. അതി പുരാതന സംസ്കാരം നിലനിന്ന ഇറാക്ക് ആയിരിക്കാം വിവക്ഷ

7. വിലക്കപ്പെട്ട വൃക്ഷം എന്നതിന് മറ്റുള്ളവർ നൽകുന്ന തെളിവുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. കാരണം കനികഴിച്ചാൽ അക്രമിയാകുന്ന, അല്ലെങ്കിൽ ശരീഅത്ത് വിലക്കിയ ഒരു ഫലവും ഉണ്ടായിട്ടേയില്ല.

8. ബൈബിൾ പറയുന്ന നന്മ തിന്മയുടെ തിരിച്ചറിവുമല്ല വൃക്ഷം. കാരണം നന്മ തിന്മകളെ കുറിച്ചുള്ള തിരിച്ചറിവാണ് മനുഷ്യനെ മൃഗത്തിൽ നിന്ന് വ്യതിരിക്തനാക്കുന്നത്തന്നെ.

9. വിലക്കപ്പെട്ട വൃക്ഷം എന്നതുകൊണ്ട് തിന്മ, ഇബ്‌ലീസ്, എതിർ സംവിധാനം എന്നാകാനേ തരമുള്ളൂ.

10. ആദമിന് നൽകപ്പെട്ടത് വൃക്ഷങ്ങളാൽ നിബിഢമായ തോട്ടമാണെങ്കിൽ അതിന് മുന്നിൽ ഇബ്‌ലീസിന്റേത് കേവലം ഒരു വൃക്ഷം മാത്രമേ ആകുന്നുള്ളൂ. അതായത് ആദമിന്റെ ബൃഹത്ത് സംവിധാനത്തിന് മുന്നിൽ ഒന്നുമല്ലെന്ന് സാരം.

11. ആദമിന് നൽകപ്പെട്ട ആധ്യാപനങ്ങളിൽ ഹലാൽ കൂടുതലായിരിക്കും. (നിങ്ങൾ ഇഷ്ടമുള്ളിടത്ത് നിന്ന് യഥേഷ്ടം ഭക്ഷിക്കുക എന്നതിലെ സൂചന). അതേസമയം വിലക്കുകൾ താരതമ്യേന കുറവായിരിക്കും.

12. ആദമിന്റെ ജമാഅത്ത് വളർന്ന് പന്തലിക്കുകയും അത് തോട്ടമായി അറിയപ്പെടുകയും ചെയ്യും. അതേ സമയം എതിരാളികളുടേത് കേവലം വൃക്ഷമെന്നേ പറയപ്പെടാൻ അർഹമായിരിക്കുകയുള്ളൂ.

13. ആദം വൃക്ഷത്തെ സമീപിച്ചത് ഫനസിയ മറവികൊണ്ടാണെന്ന് പറയുന്നു. അതായത് കൃത്യമായ ഒരു വസ്തുവിനെ മാത്രമാണ് വിലക്കിയത് എങ്കിൽ, മറവിയുടെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. കാരണം അദ്ദേഹം സ്വയം അതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നു. മാത്രമല്ല അത് ചെയ്യുമ്പോൾ ഉലൂം ആണെന്ന് അറിയുന്നുമില്ല. അതല്ല അദ്ദേഹം വിലക്കപ്പെട്ടത് പ്രത്യക്ഷത്തിൽ ഭക്ഷിച്ചെന്നാണെങ്കിൽ അത് ബോധപൂർവമാകാനേ തരമുള്ളൂ. ചുരുക്കത്തിൽ ഇവിടെ പരാമർശിക്കുന്ന വൃക്ഷം ആലങ്കാരിക പ്രയോഗമാണ്.

(വിശദമായ പഠനത്തിന് തഫ്സീർ കബീർ ഭാഗം:1, പേജ്:334, 340)

## പുണ്യാത്മാക്കൾ

### ഹദ്റത് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ്(റ)

ജനനം : 1889 മാർച്ച് 13

ബയ്അത്ത്: 1903 ൽ (14 വയസ്സ് പ്രായമുള്ളപ്പോൾ) ഹദ്റത് മസീഹ് മൗഊദ് (അ)ന് നേരിട്ട് ബയ്അത്ത് ചെയ്തു.

പിതാവ് : ഹദ്റത് ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ്(റ)



വഖ്ഫ് : ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വഫാത്ത് വേളയിൽ ഹ. മുസ്‌ലിഹ് മൗഊദ്(റ) എല്ലാവരും വിട്ട്പോയാലും തന്റെ ജീവൻ പണയപ്പെടുത്തി കൊണ്ടാണെങ്കിലും ഈ ദൗത്യം പൂർത്തീകരിക്കുമെന്ന് ശപഥം ചെയ്തിരുന്നു. ഹുസൂർ(റ) ശാഹ് സാഹിബിനോടും ഈ ശപഥം ചെയ്യാൻ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം അപ്രകാരം ചെയ്യുകയും വഖ്ഫ് ചെയ്യുകയുമുണ്ടായി.

പഠനം : 1917 ൽ ഹ. മുസ്‌ലിഹ് മൗഊദ്(റ) ന്റെ ആഹ്വാനപ്രകാരം കൈറോവിലെത്തി പഠനമാരംഭിച്ചു.

- 7 മാസത്തോളം ഒരു തുർക്കി പ്രസിദ്ധീകരണത്തിലും സേവനം ചെയ്യുവാൻ അവസരം ലഭിച്ചു.
- സലാഹുദ്ദീൻ അയ്യൂബിയ കോളേജ് (ബയ്തുൽ മുഖദ്ദസ്) ൽ പ്രൊഫസറായി മതചരിത്രം പഠിപ്പിക്കുവാനും അവസരം കിട്ടിയിട്ടുണ്ട്. കൂടാതെ പിന്നീട് ഉർദു, ഇംഗ്ലീഷ് വിഷയങ്ങളും പഠിപ്പിക്കുകയുണ്ടായി.
- പല പരീക്ഷകളിലും ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ശാഹ് സാഹിബ് പിന്നീട് ഈ കോളേജിൽ വൈസ് പ്രിൻസിപ്പൽ ആയി.
- 1918 ൽ ഒക്ടോബറിൽ ബന്ധനസ്ഥനാക്കപ്പെടുകയും 1919 മെയ് അവസാനം ലാഹോറിൽ എത്തിക്കുകയും ചെയ്തു.
- പിന്നീട് ഹ. മുസ്‌ലിഹ് മൗഊദ്(റ) ഇടപെട്ടതിനെ തുടർന്ന് മോചിതനാവുകയുണ്ടായി.
- 1920 മുതൽ 1954 വരെ, നാഇബ് നാസിർ, നാസിർ ദഅ്വത്തെ, തബ്‌ലീഗ്, നാസിർ തഅ്‌ലീം, സിറിയ ഇറാഖ് അറേബ്യ എന്നിവിടങ്ങളിൽ മുബല്ലിഗ്, നാസിർ തിജാറത്ത്, നാസിർ ഉമൂർ ഖാരിജ, ആക്ടിംഗ് നാസിർ അഅ്‌ല, അഡീ. നാസിർ അഅ്‌ല എന്നീ തസ്തികളിൽ സേവനമനുഷ്ഠിച്ചു. 1921 മുതൽ 1962 വരെ ജൽസാ സലാനയിൽ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്താൻ അവസരം ലഭിച്ചിട്ടുണ്ട്.
- കൂടാതെ ഹദ്റത് മസീഹ് മൗഊദ്(റ)ന്റെ ഇസ്‌ലാമി ഉസൂൽകി ഫിലാസഫി, കിശ്തീ നൂഹ് എന്നിവയും ഹ. മുസ്‌ലിഹ് മൗഊദ്(റ)ന്റെ പൈഗാമെ അഹ്മദിയ്യത്തും, അറബിയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. പരിഭാഷകളടക്കം 28 ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്.
- ഹ. ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ നിർദേശപ്രകാരം 1926 ഒക്ടേബർ 28 മുതൽ സ്വഹീഹ് ബുഖാരി വിവർത്തനവും വ്യാഖ്യാനവും രചന തുടങ്ങി. പിന്നീട് 19 ഭാഗങ്ങളായി പ്രസിദ്ധീകരിച്ചു.

വഫാത്ത് : 1967 മെയ് 15 നും 16 നും ഇടയിലുള്ള രാത്രി 78–ാം വയസ്സിൽ. ജനാസ നമസ്കാരത്തിന് ഹ. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) നേതൃത്വം നൽകി.

- ബഹിശ്തി മഖ്ബറ (റബ്‌വ) യിൽ അന്ത്യവിശ്രമം.



വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# അഹ്മദിയ്യാ ഖിലാഫത്ത് ഖിയാമത്ത് വരെ നിലനിൽക്കും.

അഹ്മദിയ്യാ ഖിലാഫത്തിന്റെ നിലനിൽപ്പിനും അനുസ്യൂതം തുടരുന്നതിനും എന്തെല്ലാം മാർഗങ്ങളാണ് അവലംബിച്ചിരിക്കുന്നത്?

മറുപടി:- അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്തിനെ സംബന്ധിച്ചിടത്തോളം ഹദ്റത് മസീഹ് മൗഊദ്(അ)ന് അല്ലാഹു സുവാർത്ത നൽകിയിത് അദ്ദേഹത്തിന്റെ ഖിലാഫത്ത് ഖിയാമത്ത് വരെ നിലനിൽക്കുമെന്നാണ്. ഹദ്റത് ഈസാ(അ)ന്റെ ഖിലാഫത്ത് ഇപ്പോഴും നിലനിൽക്കുന്നത്പോലെ 'ആ ഖിലാഫത്ത് ശരിയായ ഖിലാഫത്താണോ അല്ലയോ എന്നതല്ല പ്രശ്നം'ഏതായാലും തുടരുന്നു എന്നതാണ് കാര്യം. ഇതിന് നേർ വിപരീതമായി, ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സച്ചരിതരായ ഈ ഖിലാഫത്ത് ആയിരം കൊല്ലം നിലനിൽകുമെന്ന് അല്ലാഹു അറിയിച്ചിരിക്കുന്നു. ഹുസൂർ (അ)നെ ഒരു സഹസ്രാബ്ദത്തേക്കുള്ള മുജദ്ദിദും ആക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ഈ വാഗ്ദാനം ഉണ്ടായിരിക്കെ പരിഭ്രമിക്കേണ്ട യാതൊരു കാര്യവുമില്ല.

ദിവസേനയുണ്ടാകുന്ന ഏത് പ്രശ്നത്തെയും ഏറ്റവും നന്നായി കൈകാര്യം ചെയ്യാൻ കാലത്തിന്റെ ഖലീഫക്ക് കഴിയുന്നതാണ്. അഹ്മദിയ്യാ ഖിലാഫത്തിന്റെ ഭാവിക്ക് പ്രശ്നമാകാവുന്ന ഏത് ഫിത്നയേയും അറിയാനും അതിനെ നേരിടാനും എല്ലാ സംവിധാനവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖിലാഫത്തിനുണ്ട്.

അഹ്മദിയ്യാ ജമാഅത്ത് ഒരു സുസംഘടിതമായ ജമാഅത്താണ്. ലോകത്ത് മതപരമായതോ അല്ലാത്തതോ ആയ ഒരു സംവിധാനവും അഹ്മദിയ്യത്തിന് തത്തുല്യമാതോ, അതിനേക്കാൾ ഉന്നതമെന്നോ അവകാശപ്പെടാവുന്ന ഒരു സംവിധാനവും ഇന്നില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ വലുതും ചെറുതുമായ ശാഖകളുടെ ഓരോ ഭാഗവും തങ്ങളുടെ തലത്തിൽ സുസംഘടിതമായി കർമനിരതമാണ്. ഞങ്ങളുടെ തിരഞ്ഞെടുപ്പ് സംവിധാനം ജനാധിപത്യപരമാണ്. ഒരാൾക്കും, തെറ്റായും, കളവായും പ്രചാരണം നടത്താൻ സാധ്യമല്ല. പ്രചാരണം നടത്തുകയോ അതിനുള്ള അനുവാദമോ ഇല്ല. ഏതെങ്കിലും ഭാരവാഹിക്ക് ആ സ്ഥാനത്തേക്ക് തന്റെ പേര് നിർദ്ദേശിക്കാൻ പോലും സാധ്യമല്ല. അതോടൊപ്പം ഈ സംവിധാനത്തിന്റെ മേൽനോട്ടം ഖിലാഫത്ത് സംവിധാനത്തിനാണ്. ഏതെങ്കിലും സ്ഥലത്ത് തിരഞ്ഞെടുപ്പിൽ തെറ്റായ വല്ല പ്രവണതയും കണ്ടാൽ, ഖിലാഫത്തിന്റെ പ്രതിനിധികൾ ഏതെങ്കിലും കോട്ടം തട്ടുന്നതിന്ന് മുമ്പേ ആ ഭാഗത്തെ മാറ്റി നിർത്തുന്നു. ഇത് ഉന്നതവും സമുചിതവുമായ സംവിധാനമാണ്.

(മജ്‌ലിസ് ഇർഫാൻ 28, ജൂൺ 1986 ലണ്ടൻ, സമ്പാ: അബൂസ്വബാഹ്)





# ഒരു അഹ്മദി സ്ത്രീയുടെ വിപദി ധൈര്യം

**ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

ഒരു ഗ്രാമത്തിൽ ഒരു അഹ്മദി സ്ത്രീ ഉണ്ടായിരുന്നു. അവർക്ക് മൂന്ന് നാല് യുവാക്കളായ വ്യത്യസ്ത പ്രായക്കാരായ മക്കളുമുണ്ടായിരുന്നു. ആ ഗ്രാമത്തിൽ ഈയൊരു അഹ്മദീ കുടുംബമേ ഉണ്ടായിരുന്നുള്ളു. ഗ്രാമവാസികൾക്ക്മേൽ ഇവരുടെ വലിയ ഔദാര്യ മുണ്ടായിരുന്നു. മാത്രമല്ല വളരെ അന്തസും ആഭിജാത്യവുമുള്ള കുടുംബവുമായിരുന്നു. അവരുടെ ഔദാര്യങ്ങൾ കാരണം ഗ്രാമവാസികൾ അവർക്ക് മുന്നിൽ എപ്പോളും കണ്ണുകൾ കീഴ്പോട്ടാക്കുമായിരുന്നു. അതുകൊണ്ട് തന്നെ ഗ്രാമവാസികളിൽ നിന്ന് അവർക്ക് ഒരു ഭയപ്പാടും ഉണ്ടായിരുന്നില്ല. അവരുടെ ആഭിജാത്യം അവർക്ക് ചുറ്റുപാടും രക്ഷാവലയം തീർക്കുകയായിരുന്നു. പക്ഷേ പുറത്ത് നിന്ന് ആക്രമിക്കാൻ ഒരു സംഘം എത്തിയപ്പോൾ ഗ്രാമവാസികൾ സംരക്ഷത്തിൽ നിന്ന് പിറകോട്ട് പോയി. അവർപറഞ്ഞു, ഈ ആക്രമണത്തെ പ്രതിരോധിക്കാൻ തങ്ങൾക്ക് സാധ്യമല്ലെന്ന്. അതുകൊണ്ട് നിങ്ങൾ ഇവിടെ നിന്ന് പോകാൻ ശ്രമിക്കണമെന്നും, സംരക്ഷണം കിട്ടുന്ന എവിടെയെങ്കിലും എത്തണമെന്നുമാണ്. ആ സ്ത്രീ പറഞ്ഞു, എന്ത് ഓടിപ്പോകണമെന്നോ? ഈ പ്രദേശം ഒഴിവാക്കുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. അല്ലാഹുവിന്റെ ഖലീഫയുടെ ശബ്ദം എന്റെ കാതുകളിൽ എത്തിയത്, സ്വന്തം വീടുകളിൽതന്നെ കഴിയണമെന്നും പുറത്തേക്ക് പോകരുതെന്നുമാണ്. അതുകൊണ്ട് തന്റെ എല്ലാ മക്കളേയും ത്യജിക്കേണ്ടി വന്നാലും ഞാൻ പോകുന്നതല്ല.

പിന്നെ അവർ കൗതുകകരമായ ചില കാര്യങ്ങൾ ചെയ്തു. ആക്രമണമുണ്ടാകുമെന്ന് കരുതിയ ദിവസം സംഘം ചേർന്ന് ആക്രമിക്കുമെന്ന് അറിയിപ്പുണ്ടായിരുന്നു. - രാവിലെ അവർ മക്കളെ ഏറ്റവും നല്ല വസ്ത്രം ധരിപ്പിച്ചു. ഈദിനും വിവാഹത്തിനുമൊക്കെ ധരിക്കുന്നതുപോലെയുള്ള വസ്ത്രം. പിന്നെ നമ്മുടെ ഗ്രാമങ്ങളിൽ ഈദിന് ചെയ്യാറുള്ളതുപോലെ സേമിയപ്പായസം തയ്യാറാക്കി. മക്കളെ നല്ലപോലെ ഒരുക്കുകയും ഭക്ഷണം കൊടുക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: മക്കളേ, ആക്രമണം നടക്കാൻ പോകുകയാണ്. നിങ്ങൾ എന്റെ നാല് ആൺമക്കളാണ്. നിങ്ങൾ ആരെങ്കിലും പുറംതിരിഞ്ഞ് ഓടുകയും ജീവനോടെ വരുകയും ചെയ്താൽ ഞാനൊരിക്കലും നിങ്ങൾ തന്ന എന്റെ പാൽ നിങ്ങൾക്ക് മാപ്പാക്കുന്നതല്ല. ഞാൻ നിങ്ങൾ ഈദ് ആക്കിയത് പോലെ നിങ്ങൾ എനിക്കും ഈദ് ആക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ ചിരിച്ചും സന്തോഷിച്ചും നിങ്ങൾക്ക് നെഞ്ചുകളിൽ അക്രമണം ഏറ്റുവാങ്ങിയും ജീവൻ നൽകുക. പുറം തിരിഞ്ഞ് പിൻഭാഗത്തല്ല അടിവാങ്ങേണ്ടത്. അങ്ങനെ അവർ തന്റെ നാലുമക്കളേയും ദൈവമാർഗത്തിൽ സമർപ്പിക്കുകയായിരുന്നു. പക്ഷേ, തത്തനസ്സലു അയ്ഹിമുൽ മലാഇക്ക, എന്ന വാഗ്ദാനവും വളരെ ഉന്നതമായ നിലയിൽ അവർക്ക് വേണ്ടി പൂർത്തിയായി. വ്യത്യസ്ത ഗ്രാമങ്ങളിൽ നിന്നെത്തിയ അക്രമിസംഘം ഗ്രാമത്തിനടുത്ത് എത്തിയപ്പോൾ ഒരു കിംവദത്തിയുടെ പേരിൽ പിന്തിരിഞ്ഞോടി.....

(ഖുത്ബാത്തെ ത്വാഹിർ ഭാഗം : 2, പേജ്: 81, 82)



## പത്തുവർഷം മുമ്പേ........

എം.പി. വീരേന്ദ്രകുമാറിന്റെ അവതാരികയോടുകൂടി വിചാരവേദി പ്രസിദ്ധീകരിച്ച സത്യസായിബാബ എന്ന പുസ്തകത്തിൽ പറയുന്നു: തന്റെ അവതാരശരീരം വെടിയുന്ന കാര്യം സത്യസായിബാബ വളരെക്കാലം മുമ്പേ പ്രവചിച്ചിരിക്കുകയാണ്. 96-ാം വയസ്സിൽ താൻ ശരീരം വെടിയുമെന്നാണ് പ്രവചിച്ചിരിക്കുന്നത്. (പേജ് : 72)

പുട്ടപർത്തി ശ്രീ സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ മെഡിക്കൽ സയൻസിൽ ഞായറാഴ്ച രാവിലെ 7.40 നായിരുന്നു സത്യസായിബാബയുടെ ദേഹവിയോഗം. സമാധിയടയുമ്പോൾ 86 വയസായിരുന്നു... ഹൃദയമിടിപ്പ് അപകടകരമായ നിലയിൽ കുറഞ്ഞതിനെ തുടർന്ന് മാർച്ച് 28 നാണ് ബാബയെ അസ്പത്രിയിൽ പ്രവേശിപ്പിക്കുന്നത്. ഇരുപത്തിയേഴ് ദിവസമായി ആസ്പത്രിയിലായിരുന്ന ബാബയുടെ ആരോഗ്യനില ഇടക്ക് മെച്ചപ്പെട്ടിരുന്നെങ്കിലും കഴിഞ്ഞ ചൊവ്വാഴ്ച്ചയോടെ ആന്തരികാവയവങ്ങളുടെ പ്രവർത്തനം മോശമാവുകയാണുണ്ടായത്. ശനിയാഴ്ച രാത്രിയോടെ കടുത്ത ഹൃദയാഘാതത്തെ തുടർന്ന് അന്ത്യം സംഭവിക്കുകയാണുണ്ടായതെന്ന് ഡോ. എ. എൻ സഫായ പറഞ്ഞു.

# ഖിലാഫത്തിനോടുള്ള നിങ്ങളുടെ ബന്ധം നൈമിഷികമാകരുത്!

ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)



അഹ്മദിയ്യാ ഖിലാഫത്തുമായുള്ള നിങ്ങളുടെ ബന്ധവും സ്നേഹവും താൽക്കാലികവും നൈമിഷികവുമായിരിക്കരുത്. മറിച്ച് സ്ഥായിയായതും എന്നെന്നേക്കുമുള്ളതും, അടുത്ത തലമുറയിലും തുടർന്ന് പോരുന്നതുമായിരിക്കണം. അല്ലാഹുവിനുവേണ്ടിയുള്ള നിങ്ങളുടെ ഈ ബന്ധം കാരണം, നിങ്ങളുടെ മടിത്തട്ടിൽ വളരുന്ന ഭാവിയിലെ മാതാക്കളേയും, നിങ്ങളുടെ മടിത്തട്ടിൽ വളർന്നുകൊണ്ടിരിക്കുന്ന ഭാവിയിലെ പിതാക്കളേയും. അഹ്മദിയ്യാ ജമാഅത്തിന് എപ്പോഴും കിട്ടിക്കൊണ്ടിരിക്കണം. അവരുടെ മടിത്തട്ടിലും തർബിയ്യത്തിലും ചിറകുവിരിയുന്ന കുട്ടികൾ ജമാഅത്തിനും അഹ്മദിയ്യാ ഖിലാഫത്തിനും വേണ്ടി ജീവൻ സമർപ്പിക്കുന്നവരായിരിക്കണം. നിങ്ങളുടെ മടിത്തട്ടിൽ വളരുന്ന മക്കൾ യുവാക്കളാകുമ്പോൾ, അവരുടെ ജീവിത ലക്ഷ്യം ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തിന്റെ മുന്നേറ്റവും ഹദ്റത് മുഹമ്മദ്(സ)ന്റെ പതാകയെ ലോകത്ത് നിലനാട്ടുകയും, ദൈവപ്രീതി കരസ്ഥമാക്കുകയുമായിരിക്കണം. നമുക്കെല്ലാം ഒരേ മനസും, കർമവുമായി ജീവിതം നയിക്കാൻ അല്ലാഹു സഹായിക്കുമാറാകട്ടെ.

(പ്രഭാഷണം. 30-07-2005, ജൽസാസാലാന യു.കെ ലജ്ന സെഷൻ)

### ഹ. ഖലീഫത്തുൽ മസീഹ് II(റ) പറയുന്നു:

#### ഖിലാഫത്തിലാണ് എല്ലാവിധ അനുഗ്രഹങ്ങളും

സുഹൃത്തുക്കളേ, എന്റെ അവസാന ഉപദേശം ഇതാണ്; എല്ലാ അനുഗ്രഹങ്ങളും ഖിലാഫത്തിലാണുള്ളത്. നുബുവ്വത്ത് ഒരു വിത്ത് വിതക്കുന്നു. അതിനുശേഷം ഖിലാഫത്ത് അതിന്റെ പ്രഭാവങ്ങളെ ലോകത്ത് പരത്തുന്നു. നിങ്ങൾ ഈ യഥാർഥ ഖിലാഫത്തിനെ മുറുകെപ്പിടിക്കുകയും, ലോകത്തിന് അതിന്റെ അനുഗ്രഹങ്ങൾ കൊണ്ട് പ്രയോജനം നൽകുകയും ചെയ്യുവിൻ.

(അൽഫദ്ൽ 20-5-1959)

#### ദീനിനെ സേവിക്കണമെങ്കിൽ

ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്; നിങ്ങൾ എത്രതന്നെ ബുദ്ധിമാനും, ചിന്തകനും ആയിരുന്നാലും, നിങ്ങളുടെ ചിന്തയും ബുദ്ധിയും ഖിലാഫത്തിന് കീഴിൽ ആകാത്തതുവരെ നിങ്ങളുടെ ബുദ്ധിയിലും ചിന്തയിലും ചരിച്ചുകൊണ്ട് നിങ്ങൾക്ക് ദീനിനെ സേവിക്കാൻ സാധ്യമേ അല്ല..... നിങ്ങൾ ഇമാമിന് പിന്നിൽ നടക്കാതെ ഒരിക്കലും അല്ലാഹുവിന്റെ സഹായവും പിന്തുണയും നിങ്ങൾക്ക് ആർജിക്കാൻ സാധ്യമല്ല. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ സഹായം ആഗ്രഹിക്കുന്നുവെങ്കിൽ ഓർക്കുക, അതിനുള്ള ഏകവഴി നിങ്ങളുടെ എഴുന്നേൽക്കലും, ഇരിക്കലും, നിൽക്കലും, നടക്കലും, സംസാരിക്കലും, മൗനം ദീക്ഷിക്കലും എനിക്ക് കീഴിൽ ആക്കുക മാത്രമാണ്. (അൽഫദ്ൽ 4-9-1937)

### ഹ. ഖലീഫത്തുൽ മസീഹ് I(റ) പറയുന്നു:

#### അനുസരണം

അല്ലാഹു ആരെയാണോ അവകാശിയെന്ന് മനസിലാക്കിയത് അയാളെ തന്റെ കൈകൊണ്ട് ഖലീഫയാക്കിയിരിക്കുന്നു. അയാളെ എതിർക്കുന്നവർ കള്ളനും, ധിക്കാരിയുമാണ്. മലക്കുകളായി അനുസരിക്കുക. ഇബ്‌ലീസ് ആകരുത്.

(ബദ്ർ 4-7-1912)

#### സൽക്കർമം

ഖലീഫമാരുടെ എതിരാളികളെ തിരിച്ചറിയാനുള്ള പ്രധാനകാര്യം അവരുടെ സൽക്കർമങ്ങളിൽ കുറവ് ഉണ്ടാവുകയും അവർ ദീനീ പ്രവർത്തനങ്ങളിൽ പിന്തുണപ്പെടുകയും ചെയ്യുന്നുവെന്നതാണ്. (അൽഫദ്ൽ 18-12-1913)

#### ഖലീഫ ഉസ്താദാണ്

ഖലീഫ ഉസ്താദ് ആണ്. ജമാഅത്തിലെ ഓരോ വ്യക്തിയും ശിഷ്യനും. ഖലീഫയുടെ വായിൽ നിന്ന് വന്ന ഒരു വാക്കും പ്രാവർത്തികമാക്കാതെ ഒഴിവാക്കരുത്. (അൽഫദ്ൽ 2-3-1946)

#### ഇസ്‌ലാമിന്റെ പുരോഗതി

ഖിലാഫത്ത് ഇല്ലാതെ ഒരിക്കലും ഇസ്‌ലാം പുരോഗതി പ്രാപിക്കുകയില്ല. ഇസ്‌ലാം ഖലീഫമാരിലൂടെയാണ് പുരോഗതി പ്രാപിച്ചത്. മേലിലും ഇത് മുഖേനതന്നെയാണ് അഭിവൃദ്ധിപ്പെടുക.

(ദർസുൽഖുർആൻ പേജ്: 72)

# ആലിമുസ്‌ലിയാരുടെ ഖിലാഫത്ത്



- പഴയ മലബാർ ജില്ലയുടെ ഭാഗമായ ഏറനാട്ടിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽപ്പെട്ട നെല്ലിക്കുത്ത് ദേശത്ത് 1853-ൽ ആണ് ആലി മുസ്‌ലിയാർ ജനിച്ചത്.
- ആകെ അഞ്ച് വിവാഹം ചെയ്തിട്ടുണ്ട്.
- 1916 മുതൽ കുടുംബസഹിതമാണ് തിരൂരങ്ങാടിയിൽ താമസിച്ചിരുന്നത്.
- 1921 ആഗസ്റ്റ് 20 ന് ആലിമുസ്‌ലിയാർ തിരൂരങ്ങാടിയിൽ ജമാഅത്ത് പള്ളിയിൽവെച്ച് ഖിലാഫത്ത് രാജാവായി സ്ഥാനമേറ്റു.
- ആഗസ്റ്റ് 31 ന് ആലിമുസ്‌ലിയാരെ ഭരണകൂടം അറസ്റ്റ് ചെയ്തു.
- 1922 ഫെബ്രുവരി മാസം ആലിമുസ്‌ലിയാരെ തൂക്കിലേറ്റിയതോടെ മലബാർ ഖിലാഫത്തും സ്വപ്നങ്ങളും മണ്ണടിഞ്ഞു.

**ചന്ദ്രക്കലയും പച്ചനിറവുമുള്ള ഖിലാഫത്ത് കൊടിയിൽ ഉല്ലേഖനം ചെയ്ത വാചകങ്ങൾ ഇങ്ങനെയായിരുന്നു.**

ഖിലാഫത്ത്

ദൈവം വലിയവൻ

വൃദ്ധരും യുവാക്കളും നടക്കുവാൻ കഴിയുന്നവരും, സവാരിചെയ്യാൻ കഴിയുന്നവരും, ആരോഗ്യമുള്ളവരും ഇല്ലാത്തവരും ഏതുസ്ഥിതിയിലാണെങ്കിലും യുദ്ധം ചെയ്യാൻ പുറപ്പെടുക. നിങ്ങൾ വലിയവരാണ് ദൈവം നിങ്ങളുടെ കൂടെയുണ്ട്.

## സുവാർത്ത

**അല്ലാഹു മൂന്നാം ഖലീഫയാക്കുന്ന ആൾക്ക് ഞാൻ സുവാർത്ത നൽകുകയാണ്, അദ്ദേഹം അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എഴുന്നേൽക്കുകയാണെങ്കിൽ .... ലോകത്തിലെ ഭരണകൂടങ്ങൾ എതിർത്താലും അവയെല്ലാം തവിടുപൊടിയാകുന്നതാണ്.**

**(- ഖിലാഫത്തെ ഹഖ ഇസ്‌ലാമിയ)**

**ഹ. ഖലീഫത്തുൽ മസീഹ് സാനി (റ)**



# മൗലാനാ ഹക്കീം മുഹമ്മദ് ദീൻ സാഹിബ്, സദ്ർ, സദ്ർ അഞ്ചുമൻ അഹ്മദിയ്യാ

**ഖാദിയാൻ :** സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഭാരതിന്റെ പുതിയ സദ്ർ (പ്രസിഡന്റ്) ആയി മൗലാനാ ഹകീം മുഹമ്മദ് ദീൻ സാഹിബിനെ നിയമിച്ചുകൊണ്ട് ഹദ്റത് അമീറുൽ മുഅ് മിനീൻ ഉത്തരവായിരിക്കുന്നു.

ദീർഘകാലമായി സദ്ർ അഞ്ചുമൻ അഹ്മദിയ്യ അംഗമായ മൗലാനാ സാഹിബ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മുബല്ലിഗ് ആയും മുബല്ലിഗ് ഇൻചാർജ് ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ജാമിഅയിൽ അധ്യാപകനായും പ്രിൻസിപ്പലായും പ്രവർത്തിച്ചിട്ടുള്ള മൗലാനാ സാഹിബിന് അറബി ഇംഗ്ലീഷ് ഉർദു ഭാഷകൾക്ക് പുറമേ ഫാർസിയിലും പ്രത്യേകം വ്യുൽപത്തിയുണ്ട്.

വഖ്ഫെ ജദീദ് അഞ്ചുമൻ സദ്ർ, തഹ്രിക് ജദീദ് അഞ്ചുമൻ അംഗം, മജ്ലിസ് കാർപർദാസ് സദ്ർ, മജ്ലിസ് അൻസാറുല്ലാഹ് ഭാരത് സദ്ർ എന്നീ നിലക്കും പ്രവർത്തിച്ചിട്ടുണ്ട്.

സ്റ്റേഷൻ മാസ്റ്ററായി ജോലി നോക്കവേയാണ് ഹദ്റത് മുസ്ലിഹ് മൗഊദ്(റ)ന്റെ നിർദേശപ്രകാരം ജീവിതം വഖ്ഫ് ചെയ്ത് ദീനീപ്രവർത്തനത്തിൽ വ്യാപൃതനായത്. ഹദ്റത് മുസ്ലിഹ് മൗഊദ് (റ)ന്റെ തന്നെ ഇംഗിത പ്രകാരമാണ് ശേർവാനിയും തലപ്പാവും ധരിച്ചു തുടങ്ങിയതും.

# ആമീൻ പരിപാടി

**കോഴിക്കോട്:** കോഴിക്കോട് ജമാഅത്തിൽ വിശുദ്ധ ഖുർആൻ ഓതി പൂർത്തിയാക്കിയ അത്ഫാൽ നാസിറാത്ത് കുട്ടികളുടെ ആമീൻ



പരിപാടി നടത്തി. കോഴിക്കോട് മേഖലാ അമീർ ജനാബ് കെ.എം. അഹ്മദ് കോയ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. 12 കുട്ടികളാണ് ഇത്തവണ



ആമീൻ പരിപാടിയിൽ പങ്കെടുത്തത്. ഇത് മൂന്നാം തവണയാണ് കോഴിക്കോട് ജമാഅത്തിൽ ആമീൻ പരിപാടി നടത്തുന്നത്. ചെറിയ കുട്ടികൾക്ക് മദ്രസ സംഘടിപ്പിച്ച് അവരെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്ന സംരംഭത്തിൽ മൗലവി ജംഷാദ് സാഹിബിന്റെ വിലയേറിയ സേവനങ്ങൾ വളരെ പ്രശംസനീയവും അഭി ന ന്ദനീയവുമാണെന്ന് അമീർ സാഹിബ് അഭിപ്രായപ്പെട്ടു.

# യൗമെ മൂസിയാൻ

**മണ്ണാർക്കാട്** : പാലക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ മണ്ണാർക്കാട് മസ്ജിദിൽ യൗമെ മൂസിയാൻ ഏകദിന തർബിയ്യത്ത് ക്യാമ്പ് സംഘടിപ്പിച്ചു.


മേഖലാ അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ക്യാമ്പിൽ മൗ. എച്ച് ശുസുദ്ദീൻ സാഹിബ്, മൗ. കെ. മഹ്മൂദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ഉച്ചക്ക് ശേഷം മൗ. ഹിദായത്തുല്ലാഹ് ഖാൻ സാഹിബ് ക്ലാസെടുത്തു. ബയ്ത്തുൽ മാൽ ഇൻസ്പെക്ടർ മൗ. കെ. നാസിർ അഹ്മദ് സാഹിബ് സംശയങ്ങൾക്ക് മറുപടി പറഞ്ഞു.

കെ.അയമു മാസ്റ്റർ സാഹിബ് തിലാവത്ത് നിർവഹിച്ചു. സി.പി.സിദ്ദീഖ് സാഹിബ് പദ്യം ചൊല്ലി. 180 പേർ പങ്കെടുത്തു.


## പൊതുയോഗം

**അലനല്ലൂർ** : പ്രാദേശിക ജമാഅത്തിന്റെയും ഖുദ്ദാമുൽ അഹ്മദിയ്യായുടെയും സംയുക്താഭിമുഖ്യത്തിൽ കാര, വെട്ടത്തൂർ, ആഞ്ഞിലങ്ങാടി പ്രദേശങ്ങളിൽ പുസ്തക തബ്ലീഗ് നടത്തി. ആഞ്ഞിലങ്ങാടിയിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ്. എച്ച്. എ പ്രസംഗിച്ചു.

# അബ്ദുൽ സത്താർ ഈദിക്ക് സമാധാന സമ്മാനം



**ലണ്ടൻ :** സാമൂഹ്യക്ഷേമ രംഗത്തെയും, മാനവിക സേവന രംഗത്തെയും സംഭാവനകൾക്ക് അഹ്മദ് സത്താർ ഈദിക്ക് അഹ്മദിയ്യാ സമാധാന സമ്മാനം ലഭിച്ചു. ബൈത്തുൽ ഫുത്തൂഹ് മസ്ജിദിൽ വെച്ച് നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ വെച്ച് ഹുസൂർ തിരുമനസ്സ് ഈദിക്ക് സമ്മാനം നൽകി. സമ്മാനം വീഡിയോ കോൺഫറൻസിങ്ങിലൂടെ ഈദിക്ക് നൽകുകയായിരുന്നു. ജപ്പാനിലെ



ഭൂകമ്പ ബാധിതർക്കായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിലായിരുന്നു അദ്ദേഹം. വ്യത്യസ്ത കർമ്മരംഗങ്ങളിലായി മനുഷ്യസേവനം, സാമൂഹിക പ്രവർത്തനം തുടങ്ങിയ സൃഷ്ടിപരമായ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കാണ് അഹ്മദിയ്യാ സമാധാന സമ്മാനം നൽകുന്നത്. കഴിഞ്ഞ വർഷം മുതലാണ് ഈ സമ്മാനം ഏർ പ്പെടുത്തിയത്. ബ്രിട്ടനിലെ പ്രമുഖ രാഷ്ട്രീയ സാമൂഹികപ്രവർത്തകനായ ലോർഡ് ബറിക്കായിരുന്നു കഴിഞ്ഞ വർഷം സമ്മാനം ലഭിച്ചത്.

# തൃശൂർ പൂരം എക്സിബിഷനിൽ ബുക്സ്റ്റാൾ

**തൃശൂർ :** ചേലക്കര ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂർ പൂരം എക്സിബിഷനിൽ ഇത്തവണയും ബുക്സ്റ്റാൾ തുറന്നു. ഏപ്രിൽ ആദ്യവാരം ആരംഭിച്ച എക്സിബിഷൻ മെയ് അവസാനത്തിൽ സമാപിക്കും. മൗ. ഗുലാം അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ പാലക്കാട് മേഖലയിലെ മുബല്ലിഗ് മുഅല്ലിംമാരും ദാഈ ഇലല്ലാഹ്മാരും ബുക്സ്റ്റാൾ നടത്തിപ്പിന് ചുക്കാൻ പിടിക്കുന്നു.

# മറ്റു മതസ്ഥരുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാൻ ശ്രമിക്കുക

**എറണാകുളം:** മറ്റു മതസ്ഥരുടെ വിശ്വാസാദർശങ്ങളോട് വിയോജിപ്പുണ്ടെങ്കിൽ പോലും അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിച്ചാൽ മതസൗഹാർദം സാദ്ധ്യമാകുമെന്ന് എറണാകുളം സോണൽ അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖയുടെ നേതൃത്വത്തിൽ എറണാകുളം മസ്ജിദ് ഉമറിൽ സംഘടിപ്പിച്ച മാനവമൈത്രീ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെ.പി. മുരളി (സബ്എഡിറ്റർ,ജന്മഭൂമി), റവ.ഡോക്ടർ സ്റ്റാൻലി മോതിരപ്പിള്ളി, മൗലവി എം നാസിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖാ ഖായിദ് ഇ.എച്ച്. നജീബ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു.



യാസർ അറഫാത്ത് ഖുർആൻ പാരായണം നിർവഹിച്ചു. നാസിം അൻസാറുല്ലാഹ് പി.കെ. ഷാഹുൽ ഹമീദ് സാഹിബ് നന്ദി പറഞ്ഞു. യോഗത്തോടനുബന്ധിച്ച് മതമൈത്രീപ്രദർശനത്തിന്റെ ഇ-മെയിൽ ഫോർമാറ്റിന്റെ പ്രചാരണോൽഘാടനവും നടന്നു.

# ബ്രിട്ടൻ സഹിഷ്ണുതയുടെ നാട്: അഹ്മദിയ്യാ ഖലീഫ




**ലണ്ടൻ :** വ്യത്യസ്ത രാജ്യങ്ങളിൽ നിന്നും, മതങ്ങളിൽ നിന്നും, സംസ്കാരങ്ങളിൽ നിന്നുമുള്ള ആളുകൾക്ക് തണലായിമാറിയ രാജ്യമാണ് ബ്രിട്ടൻ എന്ന് ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) പറഞ്ഞു. ലണ്ടനിൽ നടന്ന സമാധാന സിംപോസിയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം ലോകത്തിലെ ഇതര രാജ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ബ്രിട്ടൺ വളരെ ചെറുതാണെങ്കിലും ഇവിടത്തെ ജനങ്ങളുടെ ഹൃദയവിശാലത അതിർത്തികളില്ലാത്തതാണെന്ന് ഹുസൂർ പറഞ്ഞു. ജനങ്ങളുടെ ഹൃദയവിശാലത കാരണം ഏതു രാഷ്ട്രീയ പാർട്ടി അധികാരത്തിലെത്തിയാലും ഇടുങ്ങിയ മതചിന്തകൾ ഭരണകൂടത്തെ ബാധിക്കാറില്ല. നീതിക്കു വേണ്ടിയുള്ള ഈ ആഗ്രഹം എന്നും ബ്രിട്ടീഷ് ഗവ: നെ നയിക്കണമെന്നതാണ് തന്റെ പ്രാർത്ഥനയെന്ന് ഹുസൂർ തുടർന്നു പറഞ്ഞു.

തന്റെ പ്രസംഗത്തിൽ ലോകത്തെമ്പാടുമായി അഹ്മദികൾ നേരിടുന്ന പീഡനങ്ങളെയും ഹുസൂർ അനുസ്മരിച്ചു. കടുത്ത ക്രൂരതകളെ സമാധാനത്തിന്റെ മാർഗ്ഗത്തിലാണ് ജമാഅത്ത് നേരിടുന്നത്. ഇസ്ലാമിക പ്രമാണമനുസരിച്ച് നിയമം കയ്യിലെടുക്കാതെയാണ് തങ്ങൾ ജീവിക്കുന്നതെന്ന് ഹുസൂർ ഊന്നിപ്പറഞ്ഞു.

മാർച്ച് 26 ന് ബൈത്തുൽ ഫുത്തുഹിൽ വച്ച്



നടന്ന സിംപോസിയത്തിൽ 1000 ലധികം ക്ഷണിതാക്കൾ പങ്കെടുത്തു. സമ്മേളനത്തിൽ വച്ച് അഹ്മദിയ്യാ സമാധാന സമ്മാനം അബ്ദുൽ അത്താർ ഈദിക്ക് ഹുസൂർ സമ്മാനിച്ചു. യുകെ അഹ്മദിയ്യാ അമീർ റഫീഖ് അഹ്മദ് ഹയാത്ത് സ്വാഗതം പറഞ്ഞു. ബിയോബഹിൽ മക്സോണ എം.പി, ലോർഡ് **, എഡ്ഡേവറി എം.പി, (തൊഴിൽ കാര്യമന്ത്രി) അറ്റോർണി ജനറൽ ഡൊമനിക് ഗ്രിപ്പ് എന്നിവർ സംസാരിച്ചു.

# ദഅ്വത്തെ ഇലല്ലാഹ് ക്യാമ്പ്

**ആദിനാട് :** തിരുവനന്തപുരം മേഖലയുടെ ആഭിമുഖ്യത്തിൽ ആദിനാട് മസ്ജിദിൽ സംഘടിപ്പിച്ച ദഅ്വത്തെ ഇലല്ലാഹ് ഏകദിന ക്യാമ്പ് മേഖലാ അമീർ എ. ശരീഫ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ആദിനാട് പ്രസിഡണ്ട് എം.കെ. അബ്ദുൽ ജലീൽ സാഹിബ് അധ്യക്ഷനായി. മൗ. ടി. ശഫീഖ് അഹ്മദ് സാഹിബ്, മൗ. നജീബ് ഖാൻ സാഹിബ്, മൗ. അമീൻ മുഹമ്മദ് സാഹിബ് എന്നിവർ ക്ലാസെടുത്തു.

**മുറിയക്കണ്ണി:** പ്രാദേശിക ജമാഅത്ത് സംഘടിപ്പിച്ച ഏകദിന ദഅ്വത്തെ ഇലല്ലാഹ് ക്യാമ്പ് മേഖലാ അമീർ പ്രൊഫ. എം. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. തിരുവിഴാംകുന്ന് പ്രസിഡണ്ട് കെ.ഉണ്ണീൻ സാഹിബ് അധ്യക്ഷനായി. മൗ. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗ. ഹിദായത്തുല്ലാഹ് ഖാൻ സഖാഫി എന്നിവർ ക്ലാസെടുത്തു.

ഉച്ചക്ക്ശേഷം ചേർന്ന യോഗത്തിൽ മുറിയക്കണ്ണി വൈസ് പ്രസിഡണ്ട് ടി.കുഞ്ഞി മാസ്റ്റർ അധ്യക്ഷത വഹിച്ചു. മൗ. ടി. മുഹമ്മദ് മൻസിൽ സാഹിബ്, മൗ. എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ ക്ലാസെടുത്തു. സദസ്യരുടെ ചോദ്യങ്ങൾക്ക് മൗ. ശംസുദ്ദീൻ സാഹിബ് മറുപടി പറഞ്ഞു. ദഅ്വത്തെ ഇലല്ലാഹ് സെക്രട്ടറി പി. ഇബ്രാഹീം സാഹിബ് നന്ദിപറഞ്ഞു.

# പെരിന്തൽമണ്ണയിൽ തബ്ലീഗ്

**പെരിന്തൽമണ്ണ:** പാലക്കാട് മേഖലാ ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഭിമുഖ്യത്തിൽ പെരിന്തൽമണ്ണയിൽ മേഖലാ തബ്ലീഗും, തർബിയ്യത്ത് ക്ലാസും സംഘടിപ്പിച്ചു.

പരിപാടിയിൽ 50-ൽ അധികം ഖാദികൾ പങ്കെടുത്തു. ഉച്ചക്ക്ശേഷം മൗ. ഹിദായത്തുല്ലാഹ് ഖാൻ സാഹിബ് ക്ലാസെടുത്തു.

# മിസാലീ വഖാറെ അമൽ

**മാത്തോട്ടം** : ഖുദ്ദാമുൽ അഹ്മദിയ്യായുടെയും, അൻസാറുല്ലായുടെയും സംയുക്താഭിമുഖ്യത്തിൽ കുണ്ടായിത്തോട് അർധവിദ്യാലയത്തിൽ 24-4-11 വഖാറെ അമൽ നടത്തി, അൻസാറുല്ലാ സയീം സാഹിബ് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് Blind Federation ന്റെ പ്രമുഖവ്യക്തികൾ സന്നിഹിതരായിരുന്നു. ഖാഇദ് സാഹിബിന്റെയും, സയീം സാഹിബിന്റെയും നേതൃത്വത്തിൽ 42 അംഗങ്ങൾ പങ്കെടുത്തു.

# നാസിറാത്ത് മേഖലാ ഇജ്തിമാഅ്

**കണ്ണൂർ**: നാസിറാത്തുൽ അഹ്മദിയ്യാ മേഖലാ ഇജ്തിമാഅ് സംസ്ഥാന സെക്രട്ടറി ജുവയ്രിയാ ഗൗഹർ ശംസ് സാഹിബ ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി നസീറ സാഹിബ അധ്യക്ഷയായിരുന്നു. റൂബിയ കണ്ണൂർ ടൗൺ ക്ലാസെടുത്തു. തുടർന്ന് കുട്ടികളുടെ വിവിധ മൽസരങ്ങൾ സംഘടിപ്പിച്ചു.

# തബ്ലീഗ് സംഗമം

**എറണാകുളം:** അലസരായ ജനതയ്ക്ക് വിജയം വരിക്കാനാവില്ലെന്ന് എറണാകുളം അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖയുടെ ആഭിമുഖ്യത്തിൽ എറണാകുളം




മജ്ലിസ് ഉമറിൽ സംഘടിപ്പിച്ച തബ്ലീഗ് സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യോഗത്തിൽ ബി. താഹിർ അഹ്മദ് സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. തബ്ലീഗിന്റെ വിവിധ രീതികളെ കുറിച്ച് മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ്, യാസർ അറഫാത്ത് സാഹിബ് തിരുത്തിയാട് എന്നിവർ പ്രസംഗിച്ചു. എച്ച് അഹ്മദ് ശാഫി സാഹിബ് അധ്യക്ഷത വഹിച്ചു.

– ബി.എ. മുഹമ്മദ് നജീബ്

# തർബിയ്യത്ത് ക്ലാസ്

**കാവശ്ശേരി:** വൈവാഹിക പ്രശ്നങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി പാലക്കാട് മേഖലയിലെ ജമാഅത്തുകളിൽ തർബിയ്യത്ത് ക്ലാസ് സംഘടിപ്പിച്ചു. കാവശ്ശേരിയിൽ പ്രസിഡണ്ട് എച്ച്. സുലൈമാൻ സാഹിബ് അദ്ധ്യക്ഷം വഹിച്ചു. മുബല്ലിഗ്മാരായ മൗലവി. എച്ച്. ശംസുദ്ദീൻ സാഹിബ്, അസീസ് അഹ്മദ് അസ്ലം സാഹിബ് എന്നിവർ ക്ലാസെടുത്തു. എസ്. റാഷിഖ് അഹ്മദ് തിലാവത്തുൽ ഖുർആൻ നിർവഹിച്ചു. കെ.വൈ. ത്വാഹിർ അഹ്മദ് പദ്യം ചൊല്ലി.




ബാംഗ്ളൂർ ഖുദ്ദാം പ്രാദേശിക ഇജ്തിമാഅ് ഖാഇദ് സാഹിബ് പ്രസംഗിക്കുന്നു.

# വിശുദ്ധ ഖുർആൻ വാരം

**കോഴിക്കോട്:** കോഴിക്കോട് ജമാഅത്ത് വിശുദ്ധ ഖുർആൻ വാരം ആചരിക്കുകയുണ്ടായി. ജനാബ് അമീർ സാഹിബ് കോഴിക്കോട്, മൗലവി പി.എ. മുഹമ്മദ് സലീം സാഹിബ്, എ.എം. മുഹമ്മദ് സലീം സാഹിബ്, മൗലവി ജംഷാദ് സാഹിബ്, ടി. അഹ്മദ് സയിദ് സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി സഫർ അഹ്മദ് സാഹിബ് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ അവതരിപ്പിച്ചു.

**മാത്തോട്ടം** : മലായിക്കത്തുല്ലാഹ്, തഫ്സീറുൽ ഖുർആൻ, വി.ഖു. ഇതരവേദ ഗ്രന്ഥങ്ങളുടെയും, ഖുർആനും ശാസ്ത്രവും, തൗബയും ഇസ്ഖ്ഫാറും സംസ്കരണം ഖുർആന്റെ വെളിച്ചത്തിൽ, വിശുദ്ധ ഖുർആൻ മാഹാത്മ്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ ഉണ്ടായി.

## ജനാധിപത്യം ഇസ്ലാമിക വീക്ഷണത്തിൽ

**കണ്ണൂർ:** ജനാധിപത്യം ഇസ്ലാമികവീക്ഷണത്തിൽ എന്ന വിഷയത്തെ അധികരിച്ച് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ കണ്ണൂർ സ്റ്റേഡിയം കോർണറിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. മൗ. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അധ്യക്ഷം വഹിച്ചു.

## മസീഹ് മൗഊദ് ദിനയോഗം

**മാത്തോട്ടം** : മാത്തോട്ടം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനയോഗം ആചരിച്ചു. മാത്തോട്ടം പ്രസിഡണ്ട് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ കോഴിക്കോട് മേഖല അമീർ സാഹിബ് മസീഹ് മൗഊദ് ദിനങ്ങളിൽ പ്രാധാന്യത്തെക്കുറിച്ചും ഉത്തരവാദിത്വങ്ങളെകുറിച്ചും ഹുസൂർ തിരുമനസ്സിന്റെ ഖുതുബാ പ്രഭാഷണത്തിന്റെ വെളിച്ചത്തിൽ ക്ലാസെടുത്തു. ജലീൽ അഹ്മദ് സാഹിബ് തിലാവത്ത് നിർവഹിച്ചു.

**കൊടുങ്ങല്ലൂർ** : ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനയോഗം സംഘടിപ്പിച്ചു. ജമാഅത്ത് പ്രസിഡണ്ട് സൈനുദ്ദീൻ സാഹിബ്, മൗലവി റിയാസുദ്ദീൻ എന്നിവർ സംസാരിച്ചു.

**അലനല്ലൂർ** : പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മസീഹ് മൗഊദ് ദിനയോഗത്തിൽ ബഷീർ സാഹിബ് വിഷയം അവതരിപ്പിച്ചു. വൈസ് പ്രസിഡണ്ട് സി. മുഹമ്മദ് സാഹിബ് അധ്യക്ഷനായിരുന്നു.

**കണ്ണൂർ ടൗൺ** : മൗ. കെ. അബ്ദുസ്സലാം സാഹിബ്, മൗ. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗ. ടി.എം. മുഹമ്മദ് സാഹിബ്, ടി.ശാജിർ അഹ്മദ് സാഹിബ്, കെ. അബ്ദുൽ അസീസ് സാഹിബ്, അധ്യ. നിസാർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

**കടലായി** : ടി.ശംസുദ്ദീൻ സാഹിബ്, മൗ. ടി. എം. മുഹമ്മദ് സാഹിബ്, മൗ. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗ. കെ. അബ്ദുസ്സലാം സാഹിബ്, മൗ. എൻ. ശഫീഖ് അഹ്മദ് സാഹിബ്, മൗ.കെ.വൈ. ശംസുദ്ദീൻ സാഹിബ് എന്നിവർ പ്രസംഗിച്ചു.

**കരുനാഗപ്പള്ളി** : തിരുവനന്തപുരം മേഖലാ അമീർ എം. ശരീഫ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. വിവിധ ദിവസങ്ങളിൽ മൗ. ടി.ശഫീഖ് അഹ്മദ് സാഹിബ്, മൗ. മുഹമ്മദ് ഫാറൂഖ് സാഹിബ്, പ്രൊഫ. സി. അബ്ദുൽ ജലീൽ സാഹിബ്, മൗലവി. എം. സഫർ അഹ്മദ് സാഹിബ്, അബ്ദുൽ വഹാബ് സാഹിബ്, ഡോ. എം. ശരീഫ് അഹ്മദ് സാഹിബ്, ബി.എം. കബീർ സാഹിബ് എന്നിവർ പ്രഭാഷണം നടത്തി.

**കരുളായി** : ടി.കെ. മുശ്താഖ് സാഹിബ്, കെ. അഹ്മദ് സാഹിബ്, ഒ.കെ.സുലൈമാൻ സാഹിബ്, ടി.കെ. അബ്ദുൽ ഹകീം സാഹിബ്, എം.ഐ മുനവ്വർ അഹമദ് സാഹിബ്, എന്നിവർ വിവിധ ദിവസങ്ങളിൽ അധ്യക്ഷത വഹിച്ചു. മൗലവി സി.പി.മൊയ്തീൻകുട്ടി സാഹിബ്, മൗലവി പി. അബ്ദുൽ നാസർ സാഹിബ്, മൗലവി ടി.കെ. മഹ്മൂദ് സാഹിബ്, എം.ഐ.മുനവ്വർ അഹമദ് സാഹിബ്, മൗലവി കെ. സിദ്ദീഖ് സാഹിബ്, ടി.കെ. മഹ്മൂദ് സാഹിബ് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രസംഗിച്ചു. ഓരോ ദിവസവും സ്ത്രീകളും കുട്ടികളും ഉൾപ്പടെ 130ഓളം പേർ പങ്കെടുത്തു.

## ഉല്ലാസയാത്രയും തർബിയ്യത്ത് ക്ലാസും

**മംഗലാപുരം** : കണ്ണൂർ മേഖലാ അൻസാറുല്ലാഹ് മംഗലാപുരത്തേക്ക് ഉല്ലാസയാത്ര സംഘടിപ്പിച്ചു. മേഖലാ നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് നേതൃത്വം നൽകി. അതോടനുബന്ധിച്ച് ചേർന്ന തർബിയ്യത്ത് ക്ലാസിൽ മോഗ്രാൽ പ്രസിഡണ്ട് സിദ്ദീഖ് അശ്റഫ് അലി സാഹിബ് അധ്യക്ഷംവഹിച്ചു. മൗ. മുഹമ്മദ് ഹനീഫ്സാഹിബ്, സി. എച്ച്. അബ്ദുൽശ്ശുകൂർ സാഹിബ് എന്നിവർ ക്ലാസെടുത്തു.

# നാഇബ് സദ്റിന്റെ സന്ദർശനം

**ഗോദാവരി / ചെന്നൈ** : മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നാഇബ് സദ്ർ സി.ശമീം സാഹിബ് ആന്ധ്രയിലെ കോട്ടപ്പള്ളി റെയ്ന പാളയം, മുബോരു, അപ്പ്ലമല്ലി, അഡ്റോഡ്, ചിഗ്രിയാല, വെങ്കിട്ടേയ പാലം, പട്ടിസീമ, ബംഗാരുപേട്ട, കുണ്ടേരു, ബട്ട്ല പെരുമാലു, ഗണ്ടശാല മജ്ലിസുകളും, ചെന്നൈ മജ്ലിസും സന്ദർശിച്ച് പ്രവർത്തകസമിതി അംഗങ്ങളുമായി മീറ്റിംഗ് സംഘടിപ്പിച്ചു. ആന്ധ്രയിലെ മജ്ലിസുകളിൽ തർബിയ്യത്ത് യോഗങ്ങളിലും നാഇബ് സദ്ർ സാഹിബ് പ്രസംഗിച്ചു. ഗോദാവരി മേഖലാ അമീർ മൗലവി.പി.എം. മുഹമ്മദ് റഷീദ് സാഹിബ്, സർക്കിൾ ഇൻചാർജ്മാരായ മൗ. ശേഖ് മന്നാൻ സാഹിബ്, മൗ. മുഹമ്മദ് അയ്യൂബ്ഖാൻ സാഹിബ്, മൗ. കെ. റിയാസ് അഹ്മദ് സാഹിബ്, മേഖലാ ഖാഇദ് മഹ്ബൂബ് സാഹിബ് എന്നിവർ നാഇബ് സദ്റിന്റെ പര്യാടനത്തിൽ കൂടെയുണ്ടായിരുന്നു.

ചെന്നൈ മജ്ലിസിൽ പ്രവർത്തക സമിതിയോഗത്തിൽ മേഖലാ ഖാഇദ് കെ. നാസിർ അഹ്മദ് സാഹിബും സന്നിഹിതനായിരുന്നു.

## ഓഫീസ് ഉദ്ഘാടനം



കരുളായി : മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഓഫീസിന്റെ ഉദ്ഘാടനം നാഇബ് സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി. ശമീം സാഹിബ് നിർവ്വഹിച്ചു. പാലക്കാട് മേഖലാ അമീർ എം.കെ അബ്ദുൽ കരീം സാഹിബ് സന്നിഹിതനായിരുന്നു.

## കുടുംബയോഗം നടത്തി

**മാത്തോട്ടം :** മാത്തോട്ടം ജമാഅത്ത് വട്ടക്കിണർ മേഖലാ കുടുംബയോഗം റഹീം സാഹിബിന്റെ വസതിയിൽ നടത്തി. മൗലവി ഇസ്മായിൽ സാഹിബ് ആലപ്പി വിജ്ഞാനപ്രദമായ ക്ലാസ്സ് നടത്തി. മാത്തോട്ടം പ്രസിഡണ്ട് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ മൗലവി സഫർ അഹ്മദ് സാഹിബ് തിലാവത്ത് നിർവഹിച്ചു.

# ഊട്ടിയിലേക്ക് വിനോദയാത്ര

**കോഴിക്കോട്:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ നീലഗിരി മലയോരങ്ങളിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു. കോഴിക്കോട് മേഖലാ ഖാഇദ് നേതൃത്വം നൽകി. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മുൻ നായിബ് സദർ ഡോ. സലാഹുദ്ദീൻ സാഹിബ് മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി ജംഷാദ് സാഹിബ് എന്നിവരും പങ്കെടുത്തു. ഖാദിം സഹോദരങ്ങൾക്ക് കുതിര സവാരി, ബോട്ട് സവാരി, ചിക്കൻ ഗ്രിൽ ചെയ്യുക, കാംപ്ഫയർ, എന്നിവ നടത്തു വാനുള്ള അവസരം ലഭിച്ചു.



mta

## പുസ്തകമേള

**സാഗർ:** കർണാടക മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് സോൺ 13 ദിവസം നീണ്ടു നിന്ന പുസ്തകമേള സംഘടിപ്പിച്ചു. കർണ്ണാടകയിലെ സാഗർ പട്ടണത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ കൊണ്ടാടാറുള്ള ഹിന്ദുമത ധർമ്മ ആഘോഷമായ മാരികുംഭമേളയോടനുബന്ധിച്ചാണ് പുസ്തകമേള നടന്നത്. ഏകദേശം 200 സ്ക്വയർഫീറ്റ് സ്ഥലത്ത് ഏഴോളം ഭാഷകളിലുള്ള പുസ്തക ശേഖരവും, പല ഭാഷകളിലായുള്ള വിശുദ്ധ ഖുർആൻ പരിഭാഷകളും പ്രദർശിപ്പിച്ചിരുന്നു. MTA പ്രദർശനവും, ബാനറുകളും കൂടുതൽ ആകർഷകമാക്കി. ജനലക്ഷങ്ങൾ പങ്കെടുത്ത മാരി കുംഭമേളക്കിടയിലെ തികച്ചും വേറിട്ട ഒരു കാഴ്ചയായിരുന്നതിനാൽ വളരെ കൂടുതൽ ആളുകളെ ഇതിലേക്ക് ആകർഷിച്ചു.

കുംഭമേളയിൽ പങ്കെടുക്കുന്നവരാരും പുസ്തകമേളയിൽ പങ്കെടുക്കരുതെന്ന് അനഹ്മദി പള്ളികളിൽ നിന്നുള്ള അറിയിപ്പ് വക വെക്കാതെ നിരവധി പേരാണ് ബുക്ക്സ്റ്റാളിൽ എത്തിയത്.



നാഇബ് സദ്ർ സി.ശമീം സാഹിബ് ആന്ധ്രയിലെ കോട്ടപ്പള്ളി മജ്‌ലിസിൽ. ഗോദാവരി മേഖലാ അമീർ മൗലവി.പി.എം. മുഹമ്മദ് റഷീദ് സാഹിബ്, കോട്ടപ്പള്ളി ജമാഅത്ത് സദർ സാഹിബ്, സർക്കിൾ ഇൻചാർജ്മാരായ മൗ. ശേഖ് മന്നാൻ സാഹിബ്, മൗ. കെ. റിയാസ് അഹ്മദ് സാഹിബ്, മേഖലാ ഖാഇദ് മഹ്ബൂബ് സാഹിബ് എന്നിവർ സമീപം

## മൗലാനാ മുഹമ്മദ് ഉമർ സാഹിബ് സദ്ർ മജ്‌ലിസ് കാർപർദാസ്

**ഖാദിയാൻ :** മജ്‌ലിസ് കാർപർദാസ് (ബഹിശ്തി മഖ്ബറ) ന്റെ സദ്ർ ആയി മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ നിയമിച്ചുകൊണ്ട് ഹദ്റത് അമീറുൽ മുഅ്മിനീൻ തിരുമനസ് ഉത്തരവായിരിക്കുന്നു.

മൗലാനാ ഹകീം മുഹമ്മദ് ദീൻ സാഹിബ് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ സദ്ർ ആയി നിയമിതനായതിനെ തുടർന്നാണ് പുതിയ നിയമനം.

കേരളവും തമിഴ്നാടുമടക്കം ഇന്ത്യയിലെ വിവിധ സംഘടനകളിൽ മുബല്ലിഗ് ആയും മുബല്ലിഗ് ഇൻചാർജായും സേവനം ചെയ്തിട്ടുള്ള മൗലാനാ സാഹിബ് ഫലസ്തീനിലും കുറച്ചു കാലം പ്രവർത്തിച്ചിട്ടുണ്ട്. ജാമിഅ അധ്യാപകനായാണ് സേവനങ്ങൾ ആരംഭിച്ചത്. 2007–ൽ ഹുസൂർ തിരുമനസ് നാസിർ ഇസ്‌ലാഹ് ഇർശാദ് ആയി നിയമിച്ചു. തുടർന്ന് അഡി.നാസിർ തഅ്‌ലീമുൽ ഖുർആൻ വഖ്ഫെ ആർസി എന്ന നിലക്ക് പ്രവർത്തിച്ചു കൊണ്ടിരിക്കെ നാഇബ് നാസിർ അഅ്‌ല ആയി നിയമിതനായി.



പ്രഭാഷകനും എഴുത്തുകാരനുമായ മൗലാനാ സാഹിബ് ശ്രീലങ്കയിൽ പലതവണ പര്യടനം നടത്തിയിട്ടുണ്ട്. യു.കെ, ജർമൻ ജൽസകളിൽ പ്രഭാഷണവും നടത്തിയിട്ടുണ്ട്.

## അത്ഫാലുൽ അഹ്മദിയ്യാ തർബിയ്യത്ത് ക്യാമ്പ്

കരുളായി : മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ മധ്യമേഖലയുടെ ആഭിമുഖ്യത്തിൽ അത്ഫാലുകൾക്കായി ഒരാഴ്ച്ചത്തെ തർബിയ്യത്ത് ക്യാമ്പ് കരുളായിയിൽ സംഘടിപ്പിച്ചു. ഏപ്രിൽ 15 ന് മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി സാഹിബ് ഉദ്ഘാടനം നിർവ്വഹിച്ചു. മധ്യമേഖല ഖാഇദ് ടി.കെ. മുശ്താഖ് അഹ്മദ് സാഹിബ് അദ്ധ്യക്ഷനായി. കരുളായി വൈസ്പ്രസിഡണ്ട് ഒ. കെ.സുലൈമാൻ സാഹിബ്, അൻസാറുല്ലാഹ് ജില്ലാ നാസിം, സി.എച്ച്.സിദ്ധീഖ് സാഹിബ് മേഖലാ മുബല്ലിഗ് പി.അബ്ദുന്നാസിർ സാഹിബ് എന്നിവർ ആശംസകൾ നേർന്നു.

തജ്‌വീദ് ക്ലാസുകൾ, ചരിത്രം, വൈജ്ഞാനിക ക്ലാസുകൾ, ദീനീ മത്സരങ്ങൾ, കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ പ്രശസ്ത മജീഷ്യൻ ആർ.കെ. മലയത്തിന്റെ മനവികാസ വിസ്മയപ്രഭാഷണവും മാജിക്




പ്രദർശനവും കുട്ടികൾക്ക് വ്യത്യസ്താനുഭവമായി. പ്രകൃതി പഠനം ലക്ഷ്യമാക്കി ബാബു സക്കറിയ്യയുടെ വിജ്ഞാനക്ലാസും ഉണ്ടായിരുന്നു. എല്ലാ ദിവസവും കായിക പരിശീലനത്തിനുള്ള സൗകര്യവും, വൈജ്ഞാനിക ദിശാബോധം നല്കുന്നതിനായി വൈകുന്നേരങ്ങളിൽ ഡോക്യുമെന്ററി ക്ലാസുകളും സംഘടിപ്പിച്ചിരുന്നു.

നിലമ്പൂർ തേക്കുകൾക്ക് പ്രശസ്തമായ നെടുങ്കയം വനമേഖലയിലേക്ക് ഉല്ലാസയാത്ര നടത്തി. തഹജ്ജുദ് നമസ്കാരത്തോടെയാണ് ക്യാമ്പ് എല്ലാ ദിവസവും ആരംഭിച്ചിരുന്നത്. സമാപന യോഗത്തിൽ നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് സി. ശമീം സാഹിബ് അദ്ധ്യക്ഷത വഹിച്ചു. പാലക്കാട് മേഖലാ അമീർ എം. കെ. അബ്ദുൽ കരീം സാഹിബ് മുഖ്യപ്രഭാഷണം നടത്തി. മത്സര പരിപാടികളിൽ വിജയികളായവർക്ക് പാലക്കാട് മേഖലാ അമീർ സമ്മാനം വിതരണം ചെയ്തു. മലപ്പുറം, പാലക്കാട് മേഖലകളിലെ മജ്‌ലിസുകളിൽ നിന്നും മാത്തോട്ടം മജ്‌ലിസുകളിൽ നിന്നുമായി 123 അത്ഫാലുകൾ ക്യാമ്പിൽ പങ്കെടുത്തു.

## ശ്രദ്ധേയമായ മാനവ മൈത്രി പ്രദർശനം

**എറണാകുളം :** ജാതിമത വർഗഭേദങ്ങൾക്കതീതമായി മാനവരാശിയെ ഒരു പൊതുസത്തയിൽ നിന്ന് ദൈവം സൃഷ്ടിച്ചതാണെന്ന സന്ദേശവുമായി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖ വിവിധ കേന്ദ്രങ്ങളിൽ മാനവ മൈത്രി പ്രദർശനം സംഘടിപ്പിച്ചു. പതിനഞ്ച് ഫ്ളക്സ് ബോർഡുകളിൽ ചിത്രങ്ങളോടുകൂടി ഒരുക്കിയ പ്രദർശനത്തിൽ വിവിധ മതഗ്രന്ഥങ്ങളിൽ നിന്നുള്ള അനേകം ഉദ്ധരണികൾ എടുത്ത് ചേർത്തിട്ടുണ്ട്. ക്രിസ്ത്യാനികൾ സ്നേഹസമ്പന്നരാണെന്ന വിശുദ്ധ ഖുർആൻ വചനങ്ങളും ശ്രീകൃഷ്ണനെക്കുറിച്ചുള്ള നബിവചനങ്ങളും ജനശ്രദ്ധയാകർഷിച്ചു. ലോകത്തുള്ള എല്ലാ മതസ്ഥാപകരായ ദൈവത്തിന്റെ സന്ദേശവാഹകരായ സത്യാത്മാക്കളാണെന്ന് പ്രദർശനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഒരു മതത്തെയും നിന്ദിക്കാൻ പാടില്ലെന്നും ദൈവത്തെയും മതസ്ഥാപകരേയും നിന്ദിക്കുന്നവർക്ക് യാതൊരു ഭൗതിക ശിക്ഷയും



നല്കാൻ വിശുദ്ധഖുർആൻ പഠിപ്പിക്കുന്നില്ല. കൂടുതൽ സ്ഥലങ്ങളിൽ പ്രദർശനങ്ങളും മതമൈത്രി സമ്മേളനങ്ങളും സംഘടിപ്പിച്ചുകൊണ്ട് മതസൗഹാർദ്രത്തിനായി ശ്രമിക്കുകയാണ് പ്രദർശനത്തിന്റെ ലക്ഷ്യമെന്ന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖാ ഖാഇദ് ഇ. എച്ച്. നജീബ് സാഹിബ് പറഞ്ഞു.

ബി.എ.മുഹമ്മദ്നജീബ്,

The Editor, AL HAQ
C/o Majlis Khuddamul Ahmadiyya
Karulai , Malappuram, Kerala

E.mail: alhaqeditor@gmail.com

# ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ് (റഹ്)

### ഖലീഫത്തുൽ മസീഹ് മൂന്നാമൻ 1909-1982



മൂന്നാം ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് എച്ച്.എ; എം. എ(ഓക്സൺ) രണ്ടാം ഖലീഫയുടെ മൂത്തപുത്രനും വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പൗത്രനും ആണ്.

1909 നവംബർ 15 നു ജനിച്ചു.

പതിമൂന്നാം വയസ്സിൽ ഖുർആൻ മനഃപാഠമാക്കി. 1929ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് മൗലവി ഫാസിൽ (എച്ച്.എ) പരീക്ഷ പാസ്സായി. 1934 ൽ ലാഹോർ ഗവ: കോളേജിൽ നിന്നും ബി.എ ഓണേർസ് ബിരുദം എടുത്തു. അക്കൊല്ലം തന്നെ വിവാഹവും നടന്നു.1938 ൽ ഓക്സ്ഫോർഡിൽ നിന്ന് എം.എ ബിരുദം കരസ്ഥമാക്കി.



1939 മുതൽ 1944 വരെ ജാമിഅ അഹ്മദിയ്യയുടെ യും 1944 മുതൽ 65 വരെ തഅ്ലീമുൽ ഇസ്ലാം കോളേജിന്റെയും പ്രിൻസിപ്പാൾ ആയിരുന്നു.1939 ൽ ആഗോള ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രസിഡണ്ടായി. 1954ൽ മജ്ലിസ് അൻസാറുല്ലായുടെ പ്രസിഡണ്ടായി നിയമിക്കപ്പെട്ടു. ആദ്യത്തെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭകാലത്ത് (1953) അറസ്റ്റ് ചെയ്യപ്പെട്ടു.1955ൽ സദർ അഞ്ചുമൻ അഹ്മദിയ്യാ യുടെ പ്രസിഡന്റായി.


1965 നവംബറിൽ പിതാവിന്റെ ചരമത്തെ തുടർന്ന് ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. പതിനാറര കൊല്ലക്കാലം ഖലീഫയായിരുന്നു.


സ്പെയിനിൽ മസ്ജിദ് നിർമ്മിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്. പല തവണ ലോകപര്യടനം നടത്തിയിട്ടുള്ള അദ്ദേഹത്തിന്റെ കാലത്ത് അഹ്മദിയ്യാ ജമാഅത്തിൽ അനേകം വികസനപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഡൻമാർക്കിലെ കോപ്പൻ ഹേഗൻ, സ്വീഡനിലെ ഗോട്ടൻബർഗ് എന്നിവിടങ്ങളിൽ പള്ളികൾ നിർമ്മിച്ചത് മൂന്നാം ഖിലാഫത്ത് കാലത്താണ്.

ലീപ് ഫോർവേഡ് പദ്ധതി, നുസ്രത്ത് ജഹാൻ ഫണ്ട്, ഫസലെ ഉമർ ഫൗണ്ടേഷൻ എന്നിവ ആരംഭിച്ചു. അഹ്മദിയ്യാ ശതവാർഷികാഘോഷ പദ്ധതിയ്ക്ക് രൂപം നൽകിയതും അദ്ദേഹമായിരുന്നു.വിശുദ്ധ ഖുർആൻ നൂറുഭാഷകളിൽ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിനുള്ള വമ്പിച്ച പദ്ധതിയ്ക്ക് ഹുസൂറാണ് അടിസ്ഥാനമിട്ടത്. വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ 'റൂഹാനീ ഖസായിൻ' എന്ന പേരിൽ അച്ചടിച്ചതും അദ്ദേഹം തന്നെയായിരുന്നു.

പാക്കിസ്ഥാനിൽ അഹ്മദികൾ അമുസ്ലിം ആയി പ്രഖ്യാപിക്കപ്പെട്ടപ്പോൾ പാക്ക് നാഷനൽ അസംബ്ലിയിൽ അദ്ദേഹം വിചാരണ ചെയ്യപ്പെട്ടിരുന്നു.

1982 ജൂൺ 8 നു 73-ാം വയസ്സിൽ നിര്യാതനായി.





**മസ്ജിദ് മുബാറക് - റബ്വ**

മൂന്നും നാലും, ഖിലാഫത്ത് തെരഞ്ഞെടുപ്പ് ഇവിടെ വെച്ചായിരുന്നു

## ഭൂട്ടോയും ഫൈസലും



1974-ൽ പാക്ക് നാഷണൽ അസംബ്ലി അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. പ്രധാനമന്ത്രി ഭൂട്ടോ പറഞ്ഞത് ഞാൻ 90 കൊല്ലം പഴക്കമുള്ള ഖാദിയാനി പ്രശ്നം 90 ദിവസംകൊണ്ട് പരിഹരിച്ചുവെന്നാണ്. ഇക്കാര്യത്തിൽ ഭൂട്ടോയുടെ ഷൂസുകൾ തങ്ങളുടെ താടിരോമം കൊണ്ട് പോളിഷ് ചെയ്യാമെന്ന് മുല്ലാക്കാൻ പറഞ്ഞിട്ടുണ്ടായിരുന്നു.




റാബിത്തയുടെ ഒത്താശയിൽ ഫൈസലിനെ ഖലീഫആക്കാനുള്ള തത്രപ്പാടിലായിരുന്നു തന്ത്രങ്ങൾ മെനഞ്ഞത്. പക്ഷേ ഭൂട്ടോയെ കഴുമരത്തിലേറ്റിക്കൊണ്ടാണ് അല്ലാഹു മറുപടി നൽകിയത്. കൂട്ടാളി ഫൈസൽ വെടിയുണ്ടകൾക്കിരയായി. മറ്റൊരു സുഹൃത്ത് ഈദി അമീൻ നിത്യചിലവിനുപോലും ഗതിയില്ലാതെ അലഞ്ഞു തിരിഞ്ഞ് ദാരുണമായി മരണമടഞ്ഞു. മറുഭാഗത്ത് ഭൂട്ടോ കുടുംബം ഒന്നൊന്നായി ഉന്മൂലനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.



## ജന. സിയാ കത്തിയമർന്നു

1984 ൽ പാക്ക് പട്ടാള മേധാവി ജന. സിയാഉൽഹഖിനായിരുന്നു അഹ്മദിയ്യാ വിരുദ്ധപ്രവർത്തനങ്ങൾക്കായുള്ള ദുര്യോഗമുണ്ടായത്. കുപ്രസിദ്ധമായ 20-ാം ഓർഡിനൻസിലൂടെ അഹ്മദികളുടെ ജീവിതം ദുസ്സഹമാക്കി മാറ്റിയ സിയ പറഞ്ഞത്, ഖാദിയാനിസമാകുന്ന ക്യാൻസറിനെ ഉന്മൂലനം ചെയ്യും വരേയും വിശ്രമമില്ലെന്നായിരുന്നു .



പക്ഷെ അഹ്മദിയ്യാ ഖലീഫ തൊടുത്തുവിട്ട മുബാഹലയുടെ ദിവ്യാസ്ത്രം, റിമോട്ട് കൺട്രോൾ ഇരട്ട എഞ്ചിൻ വിമാനത്തിൽ യാത്രയിലായിരുന്ന സിയായേയും സിൽബന്തികളേയും ആകാശത്തിന്റെ അനന്തതകളിൽ ഭസ്മീകരിക്കുകയാണുണ്ടായത്. ചുടുകാട്ടിൽ വിതറപ്പെട്ട ഭൗതികശരീരത്തിൽ നിന്ന് സുരക്ഷിതമായത് കൃത്രിമപ്പല്ല് മാത്രം! ദൈവികശിക്ഷയുടെ ചക്കിൽ അരക്കപ്പെടുമ്പോൾ നിങ്ങളുടെ സ്മാരകശില പോലും അവശേഷിക്കില്ലെന്ന് പറഞ്ഞ അഹ്മദിയ്യാ ഖലീഫയുടെ വാക്കുകൾ അക്ഷരം പ്രതി പുലർന്നു.

# ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്)

### ഖലീഫത്തുൽ മസീഹ് നാലാമൻ 1928-2003



വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രന്റെ മകനും മൂന്നാം ഖലീഫയുടെ സഹോദരനുമാണ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്.

1928 ഡിസംബർ 18 നു ജനിച്ചു.

1944 മെട്രിക്കുലേഷൻ പാസ്സായി.1949 ൽ റബ്വയിലെ ജാമിഅയിൽ ചേർന്നു.1955 ൽ ഉന്നത വിദ്യാഭ്യാസാർത്ഥം യൂറോപ്പിൽ പോയി.1957 ൽ പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തി. പൊളിറ്റിക്കൽ സയൻസ് ആണ് പ്രത്യേക വിഷയമായി എടുത്തിരുന്നത്.

1953 ൽ ശാഹിദ് പരീക്ഷ പാസ്സായി.1958 ൽ വഖ്ഫ് ജദീദ് പദ്ധതിയുടെ നാസിം ആയി നിശ്ചയിക്കപ്പെട്ടു.1966 ൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.1974 ൽ പാക്ക് നാഷനൽ അസംബ്ലിയിലെ വിചാരണ വേളയിൽ ഖലീഫ സാലിസിന്റെ സഹായകനായിരുന്നു.1970 ൽ ഫസ്ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടറായി. 1979 ൽ മജ്ലിസ് അൻസാറുല്ലായുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.





1982 ജൂൺ 9-ാം നു ആണ് നാലാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടത്.

അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ സിയാ കൽപന പുറപ്പെടുവിച്ചിരുന്നു.അദ്ദേഹത്തിന്റെ പേരിൽ കളവായി കൊലപ്രേരണക്കുറ്റം സിയാ ആരോപിക്കയുണ്ടായി.എന്നാൽ കൊല്ലപ്പെട്ട മൗലവി ഇറാനിൽ നിന്ന് തിരിച്ചു വന്നു.1984ൽ അഹ്മദികൾക്കെതിരായ 20-ാം ഓർഡിനൻസ് സിയാ പുറപ്പെടുവിച്ചു.



സിയായുടെ നാശത്തെപ്പറ്റി ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ചെയ്ത പ്രവചനം അത്ഭുതകരമായി പുല ർന്നു.വിമാനം പൊട്ടിത്തെറിച്ചു സിയാ ചാരം മാത്രമായി.

അഹ്മദിയ്യാ ശതവാർഷികാഘോഷങ്ങൾ നാലാം ഖലീഫയുടെ കാലത്താണ് നടന്നത്.ലക്ഷക്കണക്കിന് ആളുകളുടെ കൂട്ടബൈഅത്തുകൾ ഈ കാലത്ത് നടന്നു.



1992ൽ മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ആരംഭിച്ചു. യൂറോപ്പിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനം ശക്തിപ്പെട്ടു.

2003 ഏപ്രിൽ 19 ന് 75-ാം വയസ്സിൽ അദ്ദേഹം വഫാത്തായി.



# ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)

### ഖലീഫത്തുൽ മസീഹ് അഞ്ചാമൻ





1950 സെപ്തംബർ 15 ന് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പാക്കിസ്ഥാനിലെ റബ്വയിൽ ജനിച്ചു.വാഗ്ദത്ത മസീഹിന്റെ പുത്രൻ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ മകൻ ഹദ്റത്ത് മിർസാ മൻസൂർ അഹ്മദ് സാഹിബാണ് പിതാവ്.

റബ്വയിലെ തഅ്ലീമുൽ ഇസ്ലാം ഹൈസ്ക്കൂളിലും തഅ്ലീമുൽ ഇസ്ലാം കോളേജിലുമാണ് വിദ്യാഭ്യാസം.1976 ൽ ഫൈസലാബാദിലെ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്ന് അഗ്രിക്കൾച്ചറൽ ഇക്ണോമിക്സിൽ ഡിഗ്രിയെടുത്തു.



17-ാം വയസ്സിൽ അൽവസിയ്യത്ത് പദ്ധതിയിൽ ചേർന്ന് മൂസിയായി.27-ാം വയസ്സിൽ ജീവിതം ഇസ്ലാമിക സേവനത്തിനു സമർപ്പിച്ചു. നുസ്റത്ത് ജഹാൻ പദ്ധതിക്കു കീഴിൽ ഘാനയിലേക്ക് പോയി.ഘാനയിലെ സലാഗയിൽ സ്ഥാപിച്ച അഹ്മദിയ്യാ സെക്കണ്ടറി സ്ക്കൂളിന്റെ സ്ഥാപക പ്രിൻസിപ്പാളായി 2 വർഷം സേവനം ചെയ്തു. എസ്സാർഗൈറിൽ സ്ഥാപിച്ച രണ്ടാമത്തെ സ്ക്കൂളിൽ 4 വർഷം പ്രവർത്തിച്ചു.അഹ്മദിയ്യാ അഗ്രിക്കൾച്ചറൽ ഫാം ദീപാലിയിൽ മാനേജറായി നിയമിതനായി.ഈ അവസരത്തിലാണ് ഘാനയിൽ ആദ്യമായി ഗോതമ്പുൽപാദനം വിജയകരമായി നടപ്പിലാക്കിയത്.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ വിവിധ ഭാരവാഹിയായി സേവനം ചെയ്തിട്ടുണ്ട്.1944 മുതൽ 1997 വരെ നാസിർ ഫൗണ്ടേഷൻ ചെയർമാനായിരുന്നു. 1997 ൽ നാലാം ഖലീഫ അദ്ദേഹത്തെ നാസിർ അഅ്ലയായി നിയമിച്ചു.



2003 ഏപ്രിൽ 22 നു രാത്രി 11.40 നു ലണ്ടനിൽ വെച്ച് അഞ്ചാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.



പശ്ചിമ യൂറോപ്പിലെ ഏറ്റവും വലിയ മസ്ജിദായ ബൈത്തുൽ ഫുതുഹ് അഞ്ചാം ഖലീഫ ആരാധനക്കായി തുറന്നു കൊടുത്തു.2005-ൽ ഖാദിയാൻ സന്ദർശിച്ചു.2008-ൽ ഖിലാഫത്ത് ശതവാർഷിക പരിപാടികൾ ലണ്ടനിൽ ഉദ്ഘാടനം ചെയ്തു.

ബ്രിട്ടൻപാർലമെന്റ് ഹുസൂറിനോടുള്ള ബഹുമാനാർഥം സംഘടിപ്പിച്ച വിരുന്നിൽ പങ്കെടുത്ത് ഇസ്ലാമിന്റെ സന്ദേശങ്ങളെകുറിച്ച് പ്രഭാഷണം നടത്തി.ലോകത്തിലെ നിരവധി രാഷ്ട്രങ്ങളിൽ പര്യടനം നടത്തിയ ഹുസൂർ 2008ൽ ജൂബിലിയോടനുബന്ധിച്ച് കേരളവും സന്ദർശിച്ചിരുന്നു.

## നശിപ്പിക്കാമെന്നത് വ്യാമോഹം മാത്രം!

2009 മെയ് 28 ന് ലാഹോറിലെ രണ്ട് മസ്ജിദുകളിൽ ആക്രമികൾ നടത്തിയ സ്ഫോടനത്തിൽ നിരവധി പേർ ശഹീദാവുകയുണ്ടായി. ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ. എതിർപ്പുകളെ സമാധാനപരമായി മാത്രം നേരിട്ടിട്ടുള്ള അഹ്മദികൾ സഹനവും പ്രാർഥനയുമായി ദൈവ സവിധത്തിൽ കുമ്പിടുകയാണ് ഈ സന്ദർഭത്തിലും ചെയ്തത്.

ഇന്തോനേഷ്യയിൽ അതിദാരുണമായി ഏതാനും പേരെ ശഹീദാക്കി. ബംഗ്ലാദേശിലും അക്രമങ്ങൾ അരങ്ങേറുന്നു. പക്ഷേ ഇബ്റാഹീമീ ചൈതന്യമുള്ള, ബിലാലീ സ്ഥൈര്യത്തിന്റെ മാതൃകകളുമായി അഹ്മദിയ്യത്ത് ദിഗന്തങ്ങൾ ഭേദിച്ച് ഇന്ന് 198 രാഷ്ട്രങ്ങളിൽ വേരൂന്നികഴിഞ്ഞിരിക്കുന്നു.

ഓർക്കുക,

“അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ പോന്ന ഒരുത്തനേയും ഒരു ഉമ്മയും ഇതേവരെ പ്രസവിച്ചിട്ടില്ല. ഇനി പ്രസവിക്കുകയുമില്ല. നശിപ്പിക്കാമെന്ന ചിന്ത ഏതെങ്കിലും മനോമുകുരത്തിലുണ്ടെങ്കിൽ അതിന് ഒരു ഭ്രാന്തന്റെ ജൽപനത്തേക്കാൾ വലിയ പ്രസക്തിയൊന്നുമില്ല.”


(ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) )



അഞ്ചാം ഖിലാഫത്ത് തെരഞ്ഞെടുപ്പ് നടന്ന മസ്ജിദ് ഫദ്ൽ ലണ്ടൻ

AL HAQ

VOL: 19, ISSUE:3
May 2011




# മനുഷ്യശരീരം

നിങ്ങൾക്കുള്ളിൽ തന്നെയും ഒരുപാട് ദൃഷ്ടാന്തങ്ങളുണ്ട്. എന്ത് നിങ്ങൾ കണ്ടു മനസിലാക്കുന്നില്ലേ? വി. ഖുർആൻ(51:22) നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു. (96:6)


## ഭാരം

ത്വക്ക്-10.89 കി.ഗ്രാം,
കരൾ-1.56 കി.ഗ്രാം,
മസ്തിഷ്കം-സ്ത്രീ- 1.26 കി.ഗ്രാം
പുരുഷൻ - 1.40 കി.ഗ്രാം,

ശ്വാസകോശം-Right-580ഗ്രാം,
Left- 510 ഗ്രാം
ഹൃദയം- പുരുഷൻ- 315 ഗ്രാം
സ്ത്രീ - 262 ഗ്രാം
വൃക്ക - Right - 150 ഗ്രാം
Left - 140 ഗ്രാം
പാൻക്രിയാസിസ് -98ഗ്രാം,
തൈറോയിഡ്-35 ഗ്രാം

## ശ്വാസോച്ഛ്വാസം

• മനുഷ്യൻ സാധാരണ 1 മിനിറ്റിൽ 6 ലിറ്റർ വായു ശ്വസിക്കുന്നു. ഒരു ദിവസം - 8640 ലിറ്റർ! അനങ്ങാതെ ഇരിക്കുമ്പോൾ മിനിറ്റിൽ 13 - 17 ശ്വസിക്കുന്നു, വ്യായാമം ചെയ്യുമ്പോൾ - 80 തവണ.




1 മിനിറ്റിൽ ശരാശരി ശ്വാസോച്ഛ്വാസം കണക്കാക്കിയാൽ ഒരു ദിവസം 28,800 പ്രാവശ്യം ശ്വാസോച്ഛ്വാസം ചെയ്യുന്നു.



## മൂലകങ്ങൾ



• മനുഷ്യ ശരീരത്തിൽ ഉള്ള മൂലകങ്ങൾ :- കാർബൺ, ഹൈഡ്രജൻ, നൈട്രജൻ, ഓക്സിജൻ കൂടാതെ :- കാൽസ്യം, ഇരുമ്പ്, ഫോസ്ഫറസ്, പൊട്ടാസ്യം, സോഡിയം എന്നിവയും ഉണ്ട്. ശരീരത്തിലുള്ള ഏറ്റവും സാധാരണമായ തന്മാത്ര (Molecule) യാണ് ജലം. (65% ജലമാണ്)

**രക്തം :-** പ്രായപൂർത്തിയായ പുരുഷന്റെ ശരീരത്തിൽ 5 ലിറ്ററോളം രക്തമുണ്ട്. സ്ത്രീ ശരീരത്തിൽ 4.3 ലിറ്റർ. രക്തക്കുഴലുകളിലൂടെ 1 ലക്ഷം കി.മീ. രക്തം സഞ്ചരിക്കുന്നു.(അതായത് ഭൂമദ്ധ്യരേഖയിലൂടെ 2.5 പ്രാവശ്യം ചുറ്റി വരുന്ന ദൂരം) ചുവന്ന രക്താണുക്കൾ :- 25000 കോടി മുതൽ 30000 കോടി വരെ എണ്ണം. 120 ദിവസം വരെയാണ് ഇതിന്റെ ആയുസ്. 1 കോടി 20 ലക്ഷം മുതൽ 2 കോടി രക്താണുകൾ ഓരോ സെക്കന്റിലും ഉണ്ടാവുന്നു. ഒരായുസ്സിൽ 0.5 ടൺ രക്താണുകൾ ഉണ്ടാവണം. ഓരോ സെക്കന്റിലും 2 - 3 മില്യൺ രക്താണുകൾ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു.

## കോശങ്ങൾ

• ശരീരത്തിൽ ആകെ കോശങ്ങൾ 50 ട്രില്യൺ. • 3 ബില്യൻ (അതായത് 4 ലക്ഷത്തി 32 ആയിരംകോടി) ഓരോ മിനിറ്റിലും മൃതിയടയുന്നു. ഇവയിൽ മിക്കതിനും പകരം പുതിയവ ഉണ്ടാകുന്നു.ഒരു ദിവസം 10 ബില്യൺ ശ്വേതരക്താണുക്കൾ രൂപം കൊള്ളുന്നു.



## രാസ പദാർത്ഥങ്ങൾ

• മനുഷ്യ ശരീരത്തിൽ 900 പെൻസിലുകൾ ഉണ്ടാക്കാനുള്ളത്രയും കാർബൺ,75 മെഴുക് തിരികൾക്ക് വേണ്ട കൊഴുപ്പ്, 220 തീപ്പെട്ടി കൂടുകളുടെ ഫോസ്ഫറസ്,7.5 സെ. മീറ്റർ നീളമുള്ള ആണിക്ക് വേണ്ട ഇരുമ്പ് എന്നിവ ഉണ്ട്.

## ദഹനേന്ദ്രിയ വ്യവസ്ഥ

• 2 ലിറ്റർ ഹൈഡ്രോക്ലോറിക് ആസിഡ് 1 ദിവസം വയറ്റിൽ ഉൽപാദിപ്പിക്കപ്പെടുന്നു. ലോഹങ്ങളെപ്പോലും അലിയിക്കാൻ കഴിവുള്ള ദഹനരസത്തിൽ നിന്ന് ഉദരഭിത്തികൾസംരക്ഷിക്കുന്നത് ഓരോ മിനിറ്റിലും ജനിച്ചു മരിക്കുന്ന 5 ലക്ഷം കോശങ്ങളാണ്. 5 മീറ്റർ നീളമുള്ള ചെറുകുടലാണ് ദഹനേന്ദ്രിയത്തിലെ നീളമേറിയ ഭാഗം. കനംകൂടുതലുള്ള വൻകുടലിന്റെ നീളം ഒന്നര മീറ്റർ.



## കണ്ണുകൾ

• 1 ദിവസം 20,000 തവണ കണ്ണു ചിമ്മുന്നു

## ഹൃദയമിടിപ്പ്


• 1 ദിവസം 13,640 ലിറ്റർ രക്തം പമ്പു ചെയ്യുന്നു.ഒരു മിടിപ്പിൽ 99 CC രക്തം പമ്പു ചെയ്യുന്നു. ഒരു ദിവസം ശരാശരി 70 എന്ന് കണക്കാക്കിയാൽ 1 ദിവസം 1 ലക്ഷത്തിൽ അധികം തവണമിടിക്കുന്നു.


## വായ്


• 1 ആയുഷ്കാലത്ത് 37,800 ലിറ്റർ ഉമിനീർ ഉണ്ടാകുന്നു.

## നാഡികൾ

• 130 ലക്ഷം കോടി നാഡികോശങ്ങൾ ശരീരത്തിലുണ്ട്. അതിലൂടെ മണിക്കൂറിൽ 290 കി.മീ വേഗതയിൽ സന്ദേശങ്ങൾ സഞ്ചരിക്കുന്നു.







## മൂക്ക്

•സാധാരണ തുമ്മലിന്റെ വേഗത മണിക്കൂറിൽ 160 കി.മീ ആണ് എന്നിട്ടും മൂക്ക് തെറിക്കുന്നില്ല!

## ത്വക്ക്

• 1.3 - 1.7 സ്ക്വയർ പ്രദേശം പൊതിഞ്ഞിരിക്കുന്ന ത്വക്കിന് 4 കി.ഗ്രാം ഭാരം ഉണ്ട്.മിനിറ്റിൽ 50,000 സൂക്ഷ്മ ത്വക്ക്പാളികൾ അടർന്നു വീഴുന്നു. 1 ജീവിതകാലത്ത് 18 കിലോഗ്രാം ത്വക്ക് പൊഴിയുന്നു. വീടിനുള്ളിലെ പൊടിയുടെ 80% മനുഷ്യരുടെ തൊലിയിലെ മൃതകോശങ്ങളാണ്.

**ഉറക്കം** • 7.5 മണിക്കൂർ ഉറങ്ങുന്ന ആൾ, 60% ലഘുനിദ്രയിലും 18% ഗാഢനിദ്രയിലും 20% സ്വപ്നവും കാണുന്നു.



## വിയർപ്പ്

• 1 ദിവസം 0.5 ലിറ്റർ ജലം സ്വേദഗ്രന്ഥികളിലൂടെ നഷ്ടമാകുന്നു. ഉഷ്ണാവസ്ഥയിൽ 13.5 ലിറ്റർ നഷ്ടമാകുന്നു.

## ഭാരം

• ശരീരത്തിന്റെ 18% ഭാരം അസ്ഥികൂടമാണ് 70 കിലോ തൂക്കമുള്ള ഒരാളുടെ അസ്ഥികൂടം 14 കിലോ ഭാരം ഉണ്ടാകും. ഏറ്റവും ചെറിയ അസ്ഥി - സ്റ്റെപ്പിസ് (ചെവി), വലുത് തുടയെല്ല്.

Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale - circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Prameela Press,Calicut